لا إله إلا الله محمد رسول الله

ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

## സീറത്തുന്നബി സ്പെഷ്യൽ

### ബദ്ർ മലയാളം ആഴ്ചപ്പതിപ്പ്

# ആ ആരോപണവും ശരിയല്ല

പരിശുദ്ധ ഇസ്‌ലാമിന്റെ ആവിർഭാവംമുതൽ അതിനെ ഉന്മൂലനം ചെയ്യാനുള്ള ശ്രമവും ഇസ്‌ലാം വിരുദ്ധ ശക്തികൾ നടത്തിവരുന്നതാണ്. 1400 വർഷത്തിലേറെയായിട്ടും ഇന്നും അത് നടന്നു വരുന്നു. ആക്ഷേപങ്ങളുടെമേൽ ആക്ഷേപങ്ങളും ആരോപണങ്ങളുടെമേൽ ആരോപണങ്ങളും നിരന്തരം അതിനെതിരിൽ ഉന്നയിച്ചു വരുന്നു. അതിനെല്ലാം മഹാത്മാക്കൾ വ്യക്തമായും മറുപടി നല്കി വന്നിട്ടുള്ളതാണെങ്കിലും അജ്ഞരായ ചില മതനേതാക്കൾ ഇന്നും തങ്ങളുടെ മതപ്രഭാഷണങ്ങളിൽ അതു തുടർന്നുവരുന്നത് അങ്ങേയറ്റം വേദന ഉണ്ടാക്കുന്നതാണ്. മതസൗഹാർദം ഉണ്ടാക്കുന്നതിനു പകരം മതസ്പർദ്ധ ഉണ്ടാക്കാനെ അതു ഉപകരിക്കുകയുള്ളു. ഈയടുത്തകാലത്ത് വാട്ട്സ് ആപ്പിൽ ഒരു ക്ലിപ്പ് കാണുകയുണ്ടായി. അതിൽ ഒരു കത്തിന് മറുപടി നല്കിക്കൊണ്ട് സ്വാമിജി പറയുന്നത് വിശുദ്ധ ഖുർആനിൽ 262 സ്ഥലങ്ങളിൽ ബഹുദൈവവിശ്വാസികളെ കൊല്ലണമെന്ന് പറയുന്നുണ്ട്, എന്നാണ്. വിശുദ്ധ ഖുർആൻ നിരോധിക്കണമെന്ന് പറഞ്ഞ് കൊൽക്കത്ത ഹൈക്കോടതിയിൽ പതിറ്റാണ്ടുകൾക്കുമുമ്പേ നല്കിയ ഒരു കേസിനെ സംബന്ധിച്ചും അദ്ദേഹം പരാമർശിക്കുന്നുണ്ട്.

ഇതിന്റെ മറുപടി വളരെ ലളിതമാണ്. അത് മനസ്സിലാക്കാനുള്ള മനസ്സ് വേണമെന്നു മാത്രം. വിശുദ്ധ ഖുർആൻ പറയുന്നത് പ്രതിരോധ യുദ്ധത്തെ കുറിച്ചാണ്. മക്കയിൽ ഭൂരിഭാഗവും ബഹുദൈവവിശ്വാസികളായിരുന്നു. ഏകദൈവവിശ്വാസം സ്ഥാപിക്കുന്നതിനുവേണ്ടി സർവേശ്വരൻ അയച്ച മുഹമ്മദു നബിയെ വകവരുത്താനും തങ്ങളുടെ വിശ്വാസം രക്ഷിക്കാനും അവർ ആഗ്രഹിച്ചിരുന്നു. നബി(സ) തിരുമേനി അത്തരം സന്ദർഭങ്ങളിലെല്ലാം ക്ഷമ കൈക്കൊള്ളുകയാണ് ചെയ്തത്. അവസാനം പിറന്ന നാട്ടിൽനിന്ന് പലായനം ചെയ്യേണ്ട സന്ദർഭവും ഉണ്ടായി. മദീനയിൽ വന്നപ്പോൾ അവിടത്തെ നല്ലവരായ ജനത ആ മഹാത്മാവിനെ തങ്ങളുടെ ഭരണാധികാരിയാക്കി. അപ്പോൾ പ്രജകളെ സംരക്ഷിക്കേണ്ട ബാധ്യതയും ആ മഹാത്മാവിനുണ്ടായി. മക്കക്കാർ, മദീനയുടെമേൽ ആക്രമണം നടത്താൻ ഇറങ്ങിപ്പുറപ്പെട്ടു. അപ്പോഴാണ് ദൈവകല്പന പ്രകാരം നബി(സ)തിരുമേനി പ്രതിരോധിക്കാൻ തയ്യാറായത്. ഇതിന്നിടയിൽ നിരവധി മുസ്‌ലീംകളെ ബഹുദൈവവിശ്വാസികളായ മക്കക്കാർ വധിക്കുകയും ചെയ്തിരുന്നു. തന്റെ രാജ്യത്തെ പ്രജകളുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് ഭരണാധികാരിയെന്ന നിലയിൽ മുഹമ്മദുനബിയുടെ കടമയായിരുന്നു. ഏകദൈവവിശ്വാസവും ബഹുദൈവവിശ്വാസവും തമ്മിൽ യുദ്ധമുണ്ടാകുമ്പോൾ നടപ്പിൽ വരുത്തേണ്ട നിയമങ്ങളെ സംബന്ധിച്ചാണ് 262 വചനങ്ങളിൽ പറയുന്നത്. ഇതു മനസ്സിലാക്കിയ കൊൽക്കത്ത ഹൈക്കോടതി, വിശുദ്ധ ഖുർആൻ നിരോധിക്കുകയാണെങ്കിൽ മറ്റെല്ലാ ദൈവഗ്രന്ഥങ്ങളും നിരോധിക്കേണ്ടിവരുമെന്ന് പറഞ്ഞ് കേസ് തള്ളുകയായിരുന്നു.

ഇസ്‌ലാം ലോകത്ത് വന്നിട്ട് 1400 വർഷമായി. ഏതെങ്കിലും ഒരു മുസൽമാൻ താൻ ഖുർആനിന്റെ കല്പന നടപ്പിൽ വുരുത്തുന്നുവെന്ന് പറഞ്ഞ് ഒരു ബഹുദൈവിശ്വാസിയെ കൊന്നതായി തെളിയിക്കാൻ സാധ്യമല്ല. എന്നല്ല ഈ അടുത്ത കാലത്ത് അബൂദാബിയിൽ അമ്പലം നിർമിക്കാൻ സ്ഥലം നല്കുകയും അതിന് സഹായം നല്കുകയും അതിന്റെ ഉൽഘാടനവേളയിൽ മുസ്‌ലിം ഭരണാധികാരികൾ പങ്കെടുക്കുകയും ചെയ്തിരുന്നത് ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ഇതിൽനിന്ന് ഇസ്‌ലാംവിരുദ്ധ ശക്തികൾ പ്രചരിപ്പിക്കുന്നത് ശരിയല്ലെന്ന് മനസ്സിലാകുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ വിശുദ്ധ ഖുർആനിലെ അത്തരം വചനങ്ങളെ വിലയിരുത്തേണ്ടത്. പടിവാതിൽക്കൽ ഇട്ടിരുന്ന മൂർത്തി എടുത്തു മാറ്റാതെ താൻ വീട്ടിൽ കയറുകയില്ലെന്ന് തന്റെ അനുയായിയോടു ശക്തമായി പറയുകയും ബഹുദൈവവിശ്വാസികൾക്ക് വേദനയുണ്ടാക്കുന്ന ഇത്തരം പ്രവൃത്തികൾ ചെയ്യരുതെന്ന് പറഞ്ഞ് വിലക്കുകയും ചെയ്ത പ്രവാചകനാണ് ഇസ്‌ലാം മത സ്ഥാപകരായ നബിതിരുമേനി എന്ന് ഓർക്കുക. (സബ് എഡിറ്റർ)

## ഉള്ളടക്കം

നബിﷺ തിരുമേനിയുടെ മഹത്തായ സ്ഥാനം
ഖുർആനിക വചനങ്ങളുടെ വെളിച്ചത്തിൽ

സ്വലാത്തിന്റെ മഹത്ത്വവും അനുഗ്രഹവും

നബിﷺ തിരുമേനിയുടെ ഉന്നതവും ഉൽകൃഷ്ടവുമായ
തേജോവിലാസത്തെ സംബന്ധിച്ച് വാഗ്ദത്ത മസീഹ്
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ
ശ്രേഷ്ഠമായ ലിഖിതങ്ങൾ

2016 നു ഹൂദുർ ചെയ്ത പ്രഭാഷണം

നബിﷺ തിരുമേനിയുടെ ജീവചരിതം
നീതിപാലനത്തിന്റെ വെളിച്ചത്തിൽ

നബിﷺ തിരുമേനിയുടെ
അതുല്യമായ നിർദേശങ്ങൾ

പദ്യം
മുഹമ്മദ്ﷺ പർ ഹമാരി ജാൻ ഫിദാ ഹെ

നബിﷺ തിരുമേനി;
അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന വ്യക്തി എന്ന നിലയിൽ

ദിനേന നീ നൂറുവട്ടം സ്വലാത്ത് ചൊല്ലുവിൻ ആ ഐശ്വര്യവാന്റെമേൽ;
നബിമാരുടെ നായകൻ പരിശുദ്ധനബി
മുഹമ്മദ് മുസ്തഫാﷺ

ഹദ്റത്ത് മുഹമ്മദ് മുസ്തഫﷺ
സമാധാനത്തിന്റെ രാജകുമാരൻ

ജമാഅത്തിന്റെ വിളംബരങ്ങൾ

പദ്യം
സലാം; തിരുനബിയുടെ തിരുസന്നിധിയിൽ

## അധ്യാപനങ്ങൾ

1. "വിഭാഗ്യതയിലേക്കു ക്ഷണിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ല. അതിനുവേണ്ടി യുദ്ധം ചെയ്യുന്നവനും അതിൽ മരണം വരിക്കുന്നവനും നമ്മുടെ മാർഗം പുൽകിയവനുമല്ല."(അബൂദാവൂദ്)

2. "ഒരിക്കൽ തബൂക്കിൽവച്ച് ഒരു അൻസ്വാരിയുമായി വഴക്കു കൂടിയ മുഹാജിർ അയാളെ അടിച്ചു. ഇരു വിഭാഗവും ആളെക്കൂട്ടി. ഇതറിഞ്ഞ നബി(സ)പറഞ്ഞു:'തീർച്ചയായും ഇത് ദുർഗന്ധം വമിക്കുന്ന ജാഹിലിയ്യാ കാലഘട്ടത്തിലെ ദുഷിച്ച സംസ്കാരമാണ്. അതിനാൽ നിങ്ങളിതു വെടിയുക."(ബുഖാരി,മുസ്‌ലിം)

1. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'ആരുടെ കൈയിൽനിന്നും നാവിൽനിന്നും മുസ്‌ലിംകൾ സുരക്ഷിതരായിരിക്കുന്നുണ്ടോ അവനാണ് യഥാർഥ മുസ്‌ലിം.' (ബുഖാരി ).

3. "ആരിൽനിന്നും സകല മനുഷ്യരും സമാധാനത്തിലായിരിക്കുന്നുണ്ടോ അവനാണ് മുഅ്മിൻ അഥവാ വിശ്വാസി" (അഹ്മദ്).

4. "ഒരിക്കൽ ഖുറയ്ശികളോടു പറഞ്ഞു, നിങ്ങൾ നിങ്ങളുടെ ശരീരം നരകത്തിൽനിന്ന് രക്ഷിക്കുവിൻ. നിങ്ങൾക്കായി അല്ലാഹുവിന്റെ അടുക്കൽ എന്തെങ്കിലും നേടിത്തരാൻ എനിക്കു സാധ്യമല്ല. എന്നാൽ, നിങ്ങളുമായുള്ള കുടുംബ ബന്ധം ഞാൻ നനച്ചു വളർത്തുക തന്നെ ചെയ്യും." (മുസ്‌ലിം)

# നബി ﷺ തിരുമേനിയുടെ മഹത്തായ സ്ഥാനം ഖുർആനിക വചനങ്ങളുടെ വെളിച്ചത്തിൽ

❁ مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ ۗ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا (الاحزاب:41)

മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു(33:41)

❁ وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَآمَنُوا بِمَا نُزِّلَ عَلَىٰ مُحَمَّدٍ وَهُوَ الْحَقُّ مِن رَّبِّهِمْ ۙ كَفَّرَ عَنْهُمْ سَيِّئَاتِهِمْ وَأَصْلَحَ بَالَهُمْ

വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും മുഹമ്മദിന് ഇറക്കപ്പെട്ടതിൽ- അവരുടെ നാഥനിൽനിന്നുള്ള സത്യമാണത്- വിശ്വസിക്കുകയും ചെയ്തവരാരോ അവരുടെ തിന്മകൾ അവരിൽനിന്ന് അവൻ അകറ്റുകയും അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ് (47:3)

❁ وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ الرُّسُلُ ۚ أَفَإِن مَّاتَ أَوْ قُتِلَ انقَلَبْتُمْ عَلَىٰ أَعْقَابِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ فَلَن يَضُرَّ اللَّهَ شَيْئًا ۗ وَسَيَجْزِي اللَّهُ الشَّاكِرِينَ (آل عمران:145)

മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിൻതിരിഞ്ഞുപോവുകയോ? ഏതൊരാൾ തന്റെ കുതികാലിന്മേൽ പിൻതിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നൽകുന്നതാണ്.(3:145)

വ്യാഖ്യാനം:- ഈ ആയത്തിൽ ഈസാ(അ)ന്റെ മരണം വ്യക്തമായി സ്ഥാപിച്ചിരിക്കുകയാണ്. മുഹമ്മദ് ഒരു ദൂതൻ മാത്രമാണ്. ദൂതനിൽ ഉപരിയായി ഒന്നുംതന്നെയല്ല. തങ്ങൾക്ക് മുമ്പേയുണ്ടായിരുന്ന എല്ലാ ദൂതന്മാരും വഫാത്തായിരിക്കുന്നു. പൊതുവായ രീതിയിൽ ഉപാധികളില്ലാതെ 'ഖലാ' എന്ന വാക്കുപയോഗിക്കുമ്പോൾ യാത്രക്കാർ കടന്നുപോകുന്നതുപോലെ കടന്നുപോകലല്ല. മരണമടയുക എന്ന അർഥമാണ്. ഈസാ(അ) അല്ലാഹുവിന്റെ ദൂതനായിരുന്നുവെങ്കിൽ തീർച്ചയായും മരണമടഞ്ഞിട്ടുണ്ടാകും.

❁ مُّحَمَّدٌ رَّسُولُ اللَّهِ ۚ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ ۖ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا ۖ سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ۚ ذَٰلِكَ مَثَلُهُمْ فِي التَّوْرَاةِ ۚ وَمَثَلُهُمْ فِي الْإِنجِيلِ كَزَرْعٍ أَخْرَجَ شَطْأَهُ فَآزَرَهُ فَاسْتَغْلَظَ فَاسْتَوَىٰ عَلَىٰ سُوقِهِ يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ ۗ وَعَدَ اللَّهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًا (الفتح:30)

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിന്റെ കൂടെയുള്ളവർ അവിശ്വാസികൾക്ക് വഴങ്ങാത്തവരും പരസ്പരം കാരുണ്യമുള്ളവരുമാണ്. നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെ കാണാം. അവർ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗപ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളിൽ അവരുടെ ലക്ഷണമുണ്ട്. ഇത് അവരെ സംബന്ധിച്ചുള്ള തൗറാത്തിലെ വിവരണമാണ്. ഇഞ്ചീലിലെ വിവരണത്തിൽ അവരുടെ സ്ഥിതി ഒരു കൃഷിപോലെയാണ്. അത് അതിനെ ശക്തിപ്പെടുത്തി. അനന്തരം അത് ബലം പ്രാപിച്ചു. അങ്ങനെ കർഷകർക്ക് കൗതുകം ജനിപ്പിക്കുന്ന വിധത്തിൽ അത് അതിന്റെ കാണ്ഡത്തിന്മേൽ നിവർന്നുനിന്നു. അതിന്റെ ഫലമായി അവർ നിമിത്തം അവിശ്വാസികൾക്ക് അവൻ കോപം ജനിപ്പിക്കും. അവരിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു (48:30)

ഈ ആയത്തിൽ നബി(സ)തിരുമേനിയുടെ ഗുണവിശേഷണങ്ങൾ പറഞ്ഞ് ആ മഹാത്മാവിൽ മാത്രം ഒതുക്കുകയല്ല ചെയ്തത്. ഉടനെ വല്ലദീന മഅഹു അതായത് അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഈ ഗുണങ്ങൾ ഉണ്ടാകുമെന്ന് പറഞ്ഞു. ഗുണവിശേഷണങ്ങളിൽ ആദ്യത്തെ കാര്യം അശദ്ദു അലൽ കുഫ്ഫാർ എന്നതാണ്. ഇതിന്റെ അർഥം അവിശ്വാസികളോട് അവർ കഠിന ഹൃദയരായിരിക്കുമെന്നല്ല. മറിച്ച് കുഫ്റിന്റെ പ്രതിഫലനങ്ങൾ സ്വീകരിക്കാതെ അതിൽ അവർ ഉറച്ച് നിൽക്കുന്നവരായിരിക്കുമെന്നാണ്. അവരുടെ ഹൃദയം കാരുണ്യനിർഭരമായിരിക്കും. അതു കാരണത്താൽ വിശ്വാസികൾ പരസ്പരം കാരുണ്യത്തോടും അനുകമ്പയോടും പെരുമാറുന്നവരായിരിക്കും. അവരുടെ ജിഹാദിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയെന്നത് മാത്രമായിരിക്കും. ഭൗതികമായ ധനസമ്പാദനമായിരിക്കില്ല. അവർ അല്ലാഹുവിന്റെ സന്നിധിയിൽ നമിച്ചും സാഷ്ടാംഗം പ്രണമിച്ചുംകൊണ്ട് കുനിയുന്നവരായിരിക്കും. അവർ അല്ലാഹുവിനോട് 'ഫള്ൽ' അതായത് അന്റെ തൃപ്തിയിലധിഷ്ഠിതമായ ഭൗതിക സമ്പത്തും തേടുന്നവരായിരിക്കും.

നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ ആഖരീനിൽ (പിന്നീടു വരുന്നവരിൽ) അവതരിക്കുന്ന മസീഹിനേയും മസീഹിന്റെ അനുയായികളേയും ഇഞ്ചീലിൽ, ഘട്ടംഘട്ടമായി വളർന്നുവരുന്ന ഒരു മുളയുമായാണ് ഉപമിച്ചിരിക്കുന്നത്. അത് ബലം പ്രാപിച്ച് അതിന്റെ തടിയിൽ നി വർന്ന് നിൽക്കുമ്പോൾ അതിനെ നട്ടവർ അതായത് ദീനിനുവേണ്ടി സേവനം ചെയ്യുന്നവർ സന്തോഷിക്കുന്നതാണ്. അത് കാരണത്താൽ അവിശ്വാസികൾക്ക് അവരുടെ കോപം വർധിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും അവനോട് പാപപൊറുതി തേടുകയും ചെയ്യുന്നവർക്ക് മഗ്ഫിറത്തും(പൊറുക്കലും) പ്രതിഫലവും സംബന്ധിച്ചുള്ള സന്തോഷ വാർത്ത അറിയിക്കുന്നു.

❁ وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ (الانبياء:108)

നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത് (21:108)

❁ فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدًا (النساء42)

നാം ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ കൊണ്ടുവരികയും ഇവർക്ക് സാക്ഷിയായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ ഇവരുടെ സ്ഥിതി എന്തായിരിക്കും. (4:42)

❁ يَا أَيُّهَا النَّاسُ قَدْ جَاءَكُم بُرْهَانٌ مِّن رَّبِّكُمْ وَأَنزَلْنَا إِلَيْكُمْ نُورًا مُّبِينًا (النساء:175)

അല്ലയോ, ജനങ്ങളേ! നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിൽനിന്നും പ്രകടമായ ഒരു തെളിവ് വന്നുകഴിഞ്ഞിരിക്കുന്നു. അവൻ നിങ്ങൾക്ക് വ്യക്തമായ ഒരു പ്രകാശം ഇറക്കിത്തരികയും ചെയ്തിട്ടുണ്ട് (4:175)

❁ يَا أَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا ○ وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُّنِيرًا (الاحزاب:47،46)

ഓ, നബി! നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശം നൽകുന്ന വിളക്കായും നിന്നെ അയച്ചിരിക്കുന്നു.(33:46,47)

❁ قَدْ أَنزَلَ اللَّهُ إِلَيْكُمْ ذِكْرًا ○ رَّسُولًا يَتْلُو عَلَيْكُمْ آيَاتِ اللَّهِ مُبَيِّنَاتٍ لِّيُخْرِجَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنَ الظُّلُمَاتِ إِلَى النُّورِ ۚ (الطلاق:11،12)

അല്ലാഹു നിങ്ങളിലേക്ക് ഒരു ഉദ്ബോധകനെ ഇറക്കിയിരിക്കുന്നു. അതായത് ഒരു ദൂതനെ. അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു. വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി (65:11,12).

❖

# സ്വലാത്തിന്റെ മഹത്ത്വവും അനുഗ്രഹവും

### ആരെങ്കിലും എന്റമേൽ സലാം ചൊല്ലിയാൽ അയാളുടെ സലാമിന് മറുപടി പറയാൻ അല്ലാഹു എന്റെ ആത്മാവിനെ തിരിച്ചയക്കുന്നു

عَنْ اَبِيْ هُرَيْرَةَ رَضِيَ اللهُ عَنْهُ اَنَّ رَسُوْلَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَا مِنْ اَحَدٍ يُسَلِّمُ عَلَيَّ اِلَّا رَدَّ اللهُ عَلَيَّ رُوْحِيْ اَرُدُّ عَلَيْهِ السَّلَامَ۔

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ആരെങ്കിലും എന്റെമേൽ സലാം ചൊല്ലിയാൽ അയാളുടെ സലാമിന് മറുപടി പറയാൻ അല്ലാഹു എന്റെ ആത്മാവിനെ തിരിച്ചയക്കുന്നതാണ്. (അതായത് നബി(സ)തിരുമേനിയുടെമേൽ സലാം ചൊല്ലുന്നവർക്ക് നബിതങ്ങൾ സ്വയം ആ സലാമിനും സ്വലാത്തിനും മറുപടി പറയുന്നതുപോലെയുള്ള പ്രതിഫലവും പുണ്യവും ലഭിക്കുന്നതാണ്).

### സ്വലാത്ത് ചൊല്ലേണ്ട രീതി

عَنْ كَعْبِ بْنِ عُجْرَةَ رَضِيَ اللهُ عَنْهُ قَالَ : خَرَجَ عَلَيْنَا النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقُلْنَا يَا رَسُوْلَ اللهِ قَدْ عَلِمْنَا كَيْفَ نُسَلِّمُ عَلَيْكَ فَكَيْفَ نُصَلِّيْ عَلَيْكَ ؟ قَالَ: قُوْلُوْا اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ۔ اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ عَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ۔

ഹദ്റത്ത് കഅ്ബ് ബിൻ ഉജ്റത്ത്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ ഞങ്ങളുടെ അടുക്കൽ നബി(സ)തിരുമേനി വന്നപ്പോൾ ഞങ്ങൾ ചോദിച്ചു. അല്ലയോ ദൈവദൂതരേ! താങ്കൾക്ക് എങ്ങനെയാണ് സലാം പറയേണ്ടതെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, സ്വലാത്ത് ചൊല്ലേണ്ടത് എങ്ങനെയെന്ന് ഞങ്ങൾക്കറിയില്ല. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ഇങ്ങനെ ചൊല്ലുക. അല്ലാഹുവേ, നീ മുഹമ്മദ്(സ)നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും സവിശേഷ കാരുണ്യം നൽകേണമേ. ഇബ്റാഹിം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷകാരുണ്യം നൽകിയതുപോലെ. നീ അത്യധികം സ്തുത്യർഹനും പരിശുദ്ധനുമാകുന്നു. അല്ലാഹുവേ നീ മുഹമ്മദ് നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും അളവറ്റ അനുഗ്രഹം നൽകേണമേ. ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും അളവറ്റ അനുഗ്രഹം നൽകിയതുപോലെ. നീ അത്യധികം സ്തുത്യർഹനും പരിശുദ്ധനുമാകുന്നു.(മുസ്‌ലിം കിതാബുസ്സ്വലാത്ത് ബാബ് അസ്സ്വലാത്തു അലന്നബിയ്യ്, ബുഖാരി)

### നിങ്ങളിൽ ആരെങ്കിലും നമസ്കാരത്തിൽ ദുആ ചെയ്യുമ്പോൾ ആദ്യം നിങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുകയും പിന്നീട് നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുക

عَنْ فَضَالَةَ بْنِ عُبَيْدٍ رَضِيَ اللهُ عَنْهُ قَالَ : سَمِعَ رَسُوْلَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ رَجُلًا يَدْعُوْ فِيْ صَلٰوتِهٖ لَمْ يُمَجِّدِ اللهَ تَعَالٰى ، وَلَمْ يُصَلِّ عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : عَجِلَ هٰذَا ثُمَّ دَعَاهُ فَقَالَ لَهٗ ۔ اَوْ لِغَيْرِهٖ ۔ اِذَا صَلّٰى اَحَدُكُمْ فَلْيَبْدَأْ بِتَحْمِيْدِ رَبِّهٖ سُبْحَانَهٗ وَالثَّنَاءِ عَلَيْهِ ثُمَّ يُصَلِّيْ عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ ثُمَّ يَدْعُوْ بَعْدُ بِمَا شَاءَ۔ (ابوداود كتاب الصلوة باب الدعا)

ഹദ്റത്ത് ഫളാല ബിൻ ഉബയ്ദ്(റ) നിവേദനം ചെയ്യുന്നു. ഒരാൾ നമസ്കാരത്തിൽ ദുആ ചെയ്യുന്നത് നബി(സ)കേൾക്കാനിടയായി. അയാൾ അല്ലാഹുവിനെ സ്തുതിക്കുകയോ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുകയോ ചെയ്തിരുന്നില്ല. നബി(സ) പറഞ്ഞു: അയാൾ ധിറുതി കാണിക്കുകയാണ്. ശരിയായവിധത്തിൽ ദുആ ചെയ്തില്ല. നബി(സ) തിരുമേനി അയാളെ വിളിച്ചുകൊണ്ട് ഉപദേശിച്ചു. നിങ്ങളിലാരെങ്കിലും നമസ്കാരത്തിൽ ദുആ ചെയ്യുകയാണെങ്കിൽ ആദ്യം അല്ലാഹുവിനെ സ്തുതിക്കുക. പിന്നെ നബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലുക. ശേഷം ഉദ്ദേശിക്കുന്നവിധത്തിൽ ദുആ ചെയ്യുക.

### ഭാവിയിൽ ജനങ്ങൾ നന്ദി എന്ന നിലയിൽ സ്വലാത്തു ചൊല്ലണമെന്ന് അല്ലാഹു എന്നെന്നേക്കുമായി കല്പിച്ചിരിക്കുന്നു

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നമ്മുടെ നേതാവും പ്രിയങ്കരനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ സത്യതയും കൂറും നോക്കുക. ആ മഹാത്മാവ് എല്ലാ വിധത്തിലുള്ള ദുഷ്ചെയ്തികളേയും നാനാതരത്തിലുള്ള പരീക്ഷണങ്ങളേയും പ്രയാസങ്ങളേയും നേരിട്ടു. എന്നാൽ, അതൊന്നും ആ ധന്യാത്മാവ് കാര്യമാക്കിയില്ല. ഈ സത്യതയും കൂറും കാരണം അല്ലാഹു ആ മഹാത്മാവിനെ അനുഗ്രഹിക്കുകയും ഇങ്ങനെ ദുആ ചെയ്യുകയും ചെയ്തു.

اِنَّ اللهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ؕ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ നി ങ്ങളും പ്രാർഥിക്കുക. (33:57)

നബി(സ)തിരുമേനിയുടെ കർമങ്ങളെ വിവരിക്കുന്നതിനും ആ മഹാത്മാവിന്റെ ഗുണവിശേഷണങ്ങൾ പറയുന്നതിനും അല്ലാഹു പ്രത്യേകം വാക്കുകൾ ഉപയോഗിച്ചില്ലായെന്നതാണ് ഈ ആയത്തിലൂടെ മനസ്സിലാകുന്നത്. ആ മഹാത്മാവിന്റെ സൽകർമങ്ങൾക്കുള്ള പ്രശംസ സീമാതീതമായിരുന്നു. ഇതുപോലുള്ള വാക്കുകൾ ഒരു നബിക്കും ഉപയോഗിച്ചിട്ടില്ല. ആ മഹാത്മാവിന്റെ ആത്മാവിലെ സത്യതയും, കൂറും, അവിടത്തെ കർമങ്ങളും അല്ലാഹുവിന് എത്രത്തോളം പ്രിയപ്പെട്ടതായി തീർന്നുയെന്നുവച്ചാൽ, ഭാവിയിൽ ജനങ്ങൾ നന്ദികാണിക്കുന്നതിനായി സ്വലാത്ത് ചൊല്ലുകയെന്ന സ്ഥായിയായ കല്പന അല്ലാഹു നൽകുകയുണ്ടായി. (മൽഫൂദാത്ത് വാല്യം 1, പേജ് 23)

### ദൈവികപ്രകാശം പ്രയോജനപ്പെടുന്നതിന് അഹ്‌ലെ ബയ്ത്തിനോടുള്ള സ്നേഹത്തിനും വലിയ പങ്കുണ്ട്

ദൈവികപ്രകാശം പ്രയോജനപ്പെടുന്നതിന് അഹലെ ബയ്ത്തിനോടുള്ള സ്നേഹം പ്രധാനഘടകമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഈ വിനീതൻ ഒരു രാത്രിയിൽ എന്റെ ആത്മാവും ഹൃദയവും പരിമളനിർഭരമാകുമാറ് നബി തങ്ങളുടെമേൽ ധാരാളം സ്വലാത്ത് ചൊല്ലി. അന്ന് രാത്രിയിൽ ഞാൻ ഒരു ദർശനത്തിൽ മലക്കുകൾ സ്വച്ഛജലം നിറച്ച കുടങ്ങളുമായി എന്റെ വീട്ടിൽ പ്രവേശിക്കുന്നത് കണ്ടു. അവരിലൊരാൾ നീ മുഹമ്മദ്(സ)നുമേൽ അയച്ച അനുഗ്രഹങ്ങളാണിവ എന്ന് പറയുകയും ചെയ്തു.

ഇതുപോലുള്ള അത്ഭുതകരമായ മറ്റൊരു സംഭവം ഞാൻ ഓർക്കുകയാണ്. ഒരിക്കൽ ഇൽഹാമുണ്ടായി. അതായത് വാനലോകത്തുള്ളവർ കലഹത്തിലാണ്. അല്ലാഹു തന്റെ മതത്തെ പുനർജീവിപ്പിക്കുന്ന കാര്യത്തിൽ ഉത്സുകനാണ്. എന്നാൽ, അതിന് പറ്റിയ ആളെ തീരുമാനിക്കാൻ അവർക്ക് കഴിയുന്നില്ല. അതിലാണ് കലഹം നടക്കുന്നത്. തദവസരത്തിൽ ഒരു ദർശനത്തിൽ ആളുകൾ ഒരു സമുദായോദ്ധാരകനെ അന്വേഷിച്ച് അങ്ങുമിങ്ങും നടക്കുന്നത് ഞാൻ കാണുകയും ഒരാൾ ഈ വിനീതന്റെ അടുക്കൽ വന്ന് هٰذَا رَجُلٌ يُّحِبُّ رَسُوْلَ اللهِ (ഈ മനുഷ്യൻ റസൂലുല്ലാ(സ)നെ സ്നേഹിക്കുന്ന ആളാണെന്ന്) എന്ന് ആംഗ്യത്തോടെ പറയുകയും ചെയ്തു. ഇതിൽനിന്നും മനസ്സിലാകുന്നത് സമുദായോദ്ധാരണത്തിന് ഏറ്റവും മഹത്തായ നിബന്ധനയും അർഹതയും റസൂലുല്ലാ(സ)നോടുള്ള സ്നേഹാതിരേകമാണെന്നാണ്.

ഞാൻ മുകളിൽ വിവരിച്ച ഇൽഹാമിൽ നബി(സ)തിരുമേനിയുടെ കുടുംബത്തിനായി പ്രാർഥിക്കാൻ കല്പിക്കപ്പെട്ടതിന്റേയും രഹസ്യമിതാണ്. അതായത് ദൈവീകപ്രകാശലബ്ധിക്ക് അഹ്‌ലെ ബയ്ത്തിനോടുള്ള സ്നേഹം മഹത്തായ ഘടകമാണ്. ദൈവസാമീപ്യം പ്രാപിച്ചവർ പ്രസ്തുത പരിശുദ്ധാത്മക്കളുടെ അവകാശികളാകുകയും എല്ലാ അറിവിലും ദൈവിക ജ്ഞാനത്തിലും അവരുടെ അവകാശികളായി ഭവിക്കുകയും ചെയ്യുന്നു. (ബറാഹീനെ അഹ്മദിയ്യാ, പേജ് 576 അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

AL ISLAM
www.alislam.org

### നബി ﷺ തിരുമേനിയുടെ ഉന്നതവും ഉൽകൃഷ്ടവുമായ തേജോവിലാസത്തെ സംബന്ധിച്ച്

# വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ലിഖിതങ്ങൾ

***എന്നെന്നും ആത്മീയമായി ജീവിക്കുന്ന നബിയും പ്രതാപത്തിന്റേയും പരമപരിശുദ്ധിയുടേയും സിംഹാസനത്തിൽ വിരാജിക്കുകയും ചെയ്യുന്ന നബി ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ) ആകുന്നു***

ഭൂമിയിൽ വസിക്കുന്ന ജനസാകല്യമേ!കിഴക്കും പടിഞ്ഞാറും താമസിക്കുന്ന ആത്മീയമായ ആത്മാക്കളേ! ഞാൻ വളരെ ശക്തിയോടുകൂടി നിങ്ങളെ ഈ ഭാഗത്തേക്ക് ക്ഷണിക്കുകയാണ്. അതായത് ഇപ്പോൾ ഭൂമിയിൽ നിലകൊള്ളുന്ന സത്യമതം ഇസ്ലാമൊന്നുമാത്രമാണ്. സത്യവാനായ ദൈവം വിശുദ്ധ ഖുർആൻ വിവരിക്കുന്ന ദൈവമാണ്.എന്നെന്നും ആത്മീയമായി ജീവിക്കുന്ന നബിയും പ്രതാപത്തിന്റേയും പരമപരിശുദ്ധിയുടേയും സിംഹാസനത്തിൽ വിരാജിക്കുകയും ചെയ്യുന്ന നബി ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)ആകുന്നു. ആ മഹാത്മാവിന്റെ ആത്മീയജീവിതത്തിന്റേയും പരുശുദ്ധ പ്രതാപത്തിന്റേയും തെളിവ് നമുക്ക് കിട്ടിയിരിക്കുന്നു. ആ ദിവ്യാത്മാവിനെ അനുധാവനം ചെയ്യുന്നതുകൊണ്ടും സ്നേഹിക്കുന്നതുകൊണ്ടും നാം പരിശുദ്ധാത്മാവിന്റേയും ദൈവഭാഷണത്തിന്റേയും ദൈവീകാടയാളങ്ങളുടേയും സമ്മാനം പ്രാപിക്കുന്നു." ( റൂഹാനീ ഖസായിൻ വാള്യം 15, തിർയാഖുൽ ഖുലൂബ് പേജ് 11)

***പരിശുദ്ധവും സമ്പൂർണവുമായ തൗഹീദ് നബി(സ)തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്***

"ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കികാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നിത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോകഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്ത് നിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തിനോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന് സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടം അദ്ദേഹം ആണ്. അവിടത്തെ ഫലമായല്ലാതെ ഏതെങ്കിലും വിധത്തിലുള്ള അനുഗ്രഹം കരസ്ഥമാക്കി എന്ന് വാദിക്കുന്ന വ്യക്തി മനുഷ്യനല്ല മറിച്ച്, പിശാചിന്റെ സന്തതിയാണ്. കാരണം എല്ലാ അനുഗ്രഹങ്ങളുടേയും താക്കോൽ അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. എല്ലാ ആത്മീയ ജ്ഞാനങ്ങളുടേയും നിധി അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിലൂടെ അല്ലാതെ നേടി എന്ന് പറയുന്നവൻ നിന്ദ്യമായി നിഷേധിക്കപ്പെട്ടവൻ ആണ്. നാം എന്താണ്, നമ്മുടെ യാഥാർത്ഥ്യം എന്താണ്, യഥാർഥ തൗഹീദ് നമുക്ക് ആ മഹാത്മാവിലൂടെയാണ് ലഭിച്ചത് എന്ന കാര്യം ഏറ്റുപറഞ്ഞില്ലെങ്കിൽ നാം അനുഗ്രഹത്തിന് നന്ദികേട് കാണിക്കുന്നവനായിത്തീരും. ജീവനുള്ള ദൈവത്തെ കുറിച്ചുള്ള തിരിച്ചറിവ് നമുക്ക് ഈ പരിപൂർണ്ണനായ നബിയുടെ അനുഗ്രഹത്തിന്റെ പ്രകാശത്തിലൂടെയാണ് ലഭിച്ചത്, ദൈവിക സംഭാഷണത്തിന്റെയും, അഭിസംബോധനയുടെയും ശ്രേഷ്ഠത - അതുമുഖേനയാണ് നാം അവന്റെ മുഖം കാണുന്നത്- ഇന്നും ആ മഹോന്നതനായ നബിയിലൂടെയാണ് നമുക്ക് ലഭിച്ചത്. സന്മാർഗ്ഗത്തിന്റെ ആ സൂര്യന്റെ കിരണങ്ങൾ വെയിൽപോലെ നമ്മുടെമേൽ പതിക്കുന്നു. അദ്ദേഹത്തിന് നേരെ നിൽക്കുമ്പോൾ മാത്രമേ നമ്മൾ പ്രകാശിക്കുന്നവരാകുകയുള്ളൂ. '(റൂഹാനീ ഖസായിൻ വാള്യം 22 പേജ് 118, ഹഖീഖത്തുൽ വഹ്യ് 115 - 118).

***നമ്മുടെ നബി(സ) പ്രതാപത്തിന്റേയും സൗന്ദര്യത്തിന്റേയും സമാഹൃതനായിരുന്നു***

നമ്മുടെ നബി(സ)തിരുമേനി പ്രതാപത്തിന്റേയും സൗന്ദര്യത്തിന്റേയും സമാഹൃതനായിരുന്നു. മക്കയിലെ ജീവിതം സൗന്ദര്യപരമായിരുന്നു. മദീനയിലെ ജീവിതം പ്രതാപപരവുമായിരുന്നു. പിന്നീട് ഈ രണ്ട് സവിശേഷഗുണങ്ങളും സമൂഹത്തിനുവേണ്ടി ഏത് രീതിയിലാണ് വീതിക്കപ്പെട്ടതെന്നാൽ സ്വഹാബാക്കൾക്ക് പ്രതാപപരമായ വർണത്തിന്റെ ജീവിതം പ്രദാനം ചെയ്യപ്പെടുകയും സൗന്ദര്യപരമായ വർണത്തിന്റെ ജീവിതത്തിനായി വാഗ്ദത്ത മസീഹിനെ നബി(സ) തിരുമേനിയുടെ പ്രതിച്ഛായയായി നിശ്ചയിക്കുകയും ചെയ്തു.' (റൂഹാനീ ഖസായീൻ, വാള്യം 17, അറബയീൻ നമ്പർ 4, പേജ് 13)

***ഉന്നതപദവിയിലുള്ള പരിശുദ്ധവും യുക്തിഭരിതവുമായ അധ്യാപനം നൽകുന്നയാൾ***

എല്ലാ മതങ്ങളിലുംവച്ച് ദീനുൽ ഇസ്ലാം തന്നെയാണ് സത്യമായിട്ടുള്ളതെന്ന് എന്നോട് പറയപ്പെട്ടു. എല്ലാ സന്മാർഗങ്ങളിലുംവെച്ച് കേവലം ഖുർആനികമായ സന്മാർഗം തന്നെയാണ് പൂർണമായ പദവിയിലുള്ളതെന്നും മാനുഷികമായ കൈകടത്തലിൽനിന്ന് മുക്തമായിട്ടുള്ളതെന്നും എന്നോട് പറയപ്പെട്ടു. എല്ലാ ദൈവദൂതരിലുംവച്ച് സമ്പൂർണമായ അധ്യാപനം നൽകുന്നയാളും പരിശുദ്ധവും യുക്തിഭരിതവുമായ ഉയർന്ന നിലയിലുള്ള പാഠം നൽകുന്നതും മാനുഷികമായ കഴിവുകളെ തന്റെ ജീവിതംമുഖേന ഉന്നത മാതൃക കാണിച്ച വ്യക്തിയും ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദ് മുസ്തഫാ (സ) ആണെന്ന് എനിക്ക് മനസ്സിലാക്കപ്പെട്ടു.' (അറബയീൻ, ഭാഗം 1, പേജ് 7 - 8)

***നബി(സ) തിരുമേനിയെ സത്യഹൃദയത്തോടെ അനുധാവനം ചെയ്യുക എന്നത് മനുഷ്യനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു.***

അല്ലാഹു ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ ആ വ്യക്തി നബി(സ)തിരുമേനിയെ പിൻപറ്റേണ്ടതാണെന്ന നിബന്ധന വെച്ചിരിക്കുന്നു. നബി(സ) തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റുകയും ആ മഹാത്മാവിനെ സ്നേഹിക്കുകയും ചെയ്യുക എന്നത് അവസാനം മനുഷ്യനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നുഎന്നത് എന്റെ വ്യക്തിപരമായ അനുഭവമാണ്. ഈ രീതിയിൽ സ്വയം അവന്റെ മനസ്സിൽ ദൈവികസ്നേഹത്തിന്റെ ഒരു ജ്വലനമുണ്ടാകുന്നു. അപ്പോൾ അത്തരം വ്യക്തി എല്ലാ ഓരോ കാര്യങ്ങളിൽനിന്നും വിട്ടുകൊണ്ട് ദൈവത്തിലേക്ക് കുനിയുന്നു. അവന്റെ സ്നേഹവും അവന്റെ താൽപര്യവും വെറും ദൈവത്തിനോട് മാത്രം അവശേഷിക്കുന്നു. അപ്പോൾ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേകമായ ജ്യോതിസ് അവനിൽ പതിയുന്നു. സ്നേഹത്തിന്റേയും അനുരക്തിയുടെയും പരിപൂർണമായ ഒരു വർണം നൽകി വികാരശക്തിയോടുകൂടി അവനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. അപ്പോൾ വികാരാവേശങ്ങളുടെമേൽ അത് വിജയം വരിക്കുന്നു. അവന്റെ സഹായത്തിനും തുണയ്ക്കും എല്ലാ വശത്തൂടെയും ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തികൾ അടയാളങ്ങളുടെ രൂപത്തിൽ വെളിപെടുന്നു.'(ഹഖീഖത്തുൽ വഹ്യ്, പേജ് 66)

***ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്നു***

"മനുഷ്യകുലത്തിന് ഭൂമിയിൽ വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികളായ സകലർക്കും മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശിപാർശക്കാരൻ) ഇല്ല. അതുകൊണ്ട് ഈ പ്രതാപശാലിയായ നബിയുടെ നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ച ശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി(സ)തിരുമേനി ആ ദൈവത്തിന്റെയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയുമില്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരുഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻതന്നെ." (റൂഹാനീ ഖസായിൻ വാള്യം 19, പേജ് 13 - 14, കശ്തിയെ നൂഹ് പേജ് 15 - 16)




**അല്ലാഹുവിന്റെ സാമീപ്യം നമുക്ക് കരസ്ഥമാകണമെന്നും അവൻ നമ്മുടെ പ്രാർഥനകൾ കേൾക്കണമെന്നും അവനോടുള്ള സ്നേഹം നമ്മുടെ മനസ്സുകളിൽ ഉണ്ടാകണമെന്നും നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള അടിസ്ഥാനപരമായൊരു നിയമം നമുക്ക് അല്ലാഹു വിവരിച്ചുതന്നിരിക്കുന്നു. ഇക്കാര്യങ്ങൾ നിങ്ങൾക്കു കരസ്ഥമാക്കാൻ സാധിക്കുന്നതിന് നിങ്ങൾ നബി(സ)തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ നടക്കുകയും ആ ജീവിതം കാണുന്നതിനും മനസ്സിലാക്കുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും വേണ്ടി നബി തിരുമേനി ചെയ്തുകൊണ്ടിരുന്ന എല്ലാ പ്രവൃത്തികളും സ്വഹാബാക്കൾ രിള്‌വാനുല്ലാഹി അലയ്ഹിം മുഖേന നമുക്കെത്തിച്ചു തരികയും ചെയ്തു. ഇതും അല്ലാഹുവിന്റെ ഔദാര്യമാണ്. പക്ഷേ, നബി(സ)തിരുമേനി എല്ലാ ജോലികളും എല്ലാ കാര്യങ്ങളും ചെയ്തിരുന്നത് അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചപ്രകാരമായിരുന്നു എന്ന കാര്യവും മനസ്സിലാക്കിയിരിക്കേണ്ടത് നിർബന്ധമാണ്.**

**നബി(സ)തിരുമേനിയുടെ അനുഗൃഹീത ജീവിതത്തിൽനിന്ന് തൗഹീദിന്റെ സംസ്ഥാപനം, ആരാധനകളുടെ സ്ഥാപനം, സത്യസന്ധതയും നിർമലതയും, വിനയവും എളിമയും, ധർമിഷ്ഠത, നന്ദി, സൽസ്വഭാവത്തിന്റെ അധ്യാപനം, സന്താനങ്ങളുടെ ശിക്ഷണം, അയൽവാസികളോടുള്ള സൽപെരുമാറ്റം തുടങ്ങിയവയെ സംബന്ധിച്ച് വിവിധ സംഭവങ്ങളുടെ ചൈതന്യവത്തായ ചർച്ചയും ജമാഅത്തംഗങ്ങൾ ആ ജീവിതമാതൃക സ്വായത്തമാക്കണമെന്നുള്ള ഉപദേശവും.**

**കേവലം നാവുകൊണ്ടുള്ള വാദമല്ലാതെ നബി(സ)തിരുമേനിയുടെ ജീവിതമാതൃകയിലൂടെ നടന്നുകൊണ്ട് യഥാർഥ കർമങ്ങൾ ചെയ്യുന്നവരും ആ മഹാത്മാവിനെ അനുധാവനം ചെയ്യുന്നവരും തങ്ങളുടെ പൊറുക്കലിനുള്ള സാഹചര്യം ഒരുക്കുന്നവരുമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.**

**ഖാദിയാൻ ദാറുൽഅമാനിൽ 2016 ൽ നടന്ന ജൽസസാലാനയിൽ(വാർഷിക സമ്മേളനത്തിൽ) ഡിസംബർ 28 ന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ബയത്തുൽ ഫുത്തൂഹ് ലണ്ടനിലെ ത്വാഹിർ ഹാളിൽ നിന്ന് എം ടി എ യുടെ സാറ്റ്ലൈറ്റ് മുഖേന നേരിട്ട് നടത്തിയ സമാപന പ്രസംഗം**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ. أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

قُلْ إِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ وَيَغْفِرْ لَكُمْ ذُنُوْبَكُمْ وَاللّٰهُ غَفُوْرٌ رَّحِيْمٌ (آل عمران:32)

ഈ വചനത്തിന്റെ അർഥം ഇങ്ങനെയാണ്. 'നീ പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. എന്നെ അനുധാവനം ചെയ്യുക. എന്നാൽ, അല്ലാഹു നിങ്ങളെസ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തുതരുകയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (3:32). അല്ലാഹുവിന്റെ സാമീപ്യം നമുക്ക് കരസ്ഥമാകണമെന്നും അവൻ നമ്മുടെ പ്രാർഥനകൾ കേൾക്കണമെന്നും അവനോടുള്ള സ്നേഹം നമ്മുടെ മനസ്സുകളിൽ ഉണ്ടാകണമെന്നും നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള അടിസ്ഥാനപരമായൊരു നിയമം നമുക്ക് അല്ലാഹു വിവരിച്ചുതന്നിരിക്കുകയാണിവിടെ. ഇക്കാര്യങ്ങൾ നിങ്ങൾക്കു കരസ്ഥമാക്കാൻ സാധിക്കുന്നതിന് നിങ്ങൾ നബി(സ) തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ നടക്കുകയും ആ ജീവിതം കാണുന്നതിനും മനസ്സിലാക്കുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനുംവേണ്ടി നബി തിരുമേനി ചെയ്തുകൊണ്ടിരുന്ന എല്ലാ പ്രവൃത്തികളും സ്വഹാബാക്കൾ മുഖേന നമുക്കെത്തിച്ചുതരികയും ചെയ്തു. ഇതും അല്ലാഹുവിന്റെ ഔദാര്യമാണ്. പക്ഷേ, നബി(സ) തിരുമേനി എല്ലാ ജോലികളും എല്ലാ കാര്യങ്ങളും ചെയ്തിരുന്നത് അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചപ്രകാരമായിരുന്നു എന്ന കാര്യവും മനസ്സിലാക്കിയിരിക്കേണ്ടത് നിർബന്ധമാണ്. നബി(സ)തിരുമേനിയുടെ സ്വഭാവങ്ങളും കർമങ്ങളും എന്തായിരുന്നു എന്ന് ചോദിച്ചപ്പോൾ ഹദ്റത്ത് ആയിശ(റ) വളരെ മനോഹരമായ രീതിയിൽ മൂന്ന് വാക്കുകളിൽ ആ മഹാത്മാവിന്റെ ജീവിതം വിവരിച്ചു. കാന ഖുലുഖുഹുൽ ഖുർആൻ (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 8, പേജ് 144, ഹദീഥ് 25108, മുസ്നദ് ആയിശ ആലമുൽ ഖുതുബ്, ബേറൂത്, 1998) അവിടത്തെ ഉത്കൃഷ്ട സ്വഭാവവും കർമങ്ങളും വിശുദ്ധഖുർആൻ പോലുള്ള മഹത്തായ ഗ്രന്ഥം ഉൾക്കൊള്ളുന്നതുതന്നെയായിരുന്നു. പിന്നീട് ഇക്കാലത്ത് അല്ലാഹു നമ്മളിൽ കൂടുതൽ ഔദാര്യം ചെയ്തുകൊണ്ട് തന്റെ വരിഷ്ഠദാസനും നബി(സ)തിരുമേനിയുടെ സത്യദാസനും കാലത്തിന്റെ ഇമാമും വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് അഹ്മദ്(അ)നെ അയച്ചു. അദ്ദേഹം നമുക്ക് പ്രവാചകന്മാരുടെ സ്ഥാനവും പ്രത്യേകമായും നബി(സ) തിരുമേനിയേയും ആ മഹാത്മാവിന്റെ ജീവിതമാതൃകയേയും സംബന്ധിച്ച് കൂടുതൽ പറഞ്ഞുതന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'പ്രവാചകന്മാരും ദൈവദൂതന്മാരും ഇമാമീങ്കളും വരുന്നതുകൊണ്ടുള്ള ഉദ്ദേശ്യം എന്തായിരുന്നെന്ന് നമ്മൾ ഓർക്കേണ്ടതാണ്. അവർ ലോകത്ത് വരുന്നത് ജനങ്ങളെ കൊണ്ട് തങ്ങളെ പൂജിപ്പിക്കാൻ വേണ്ടിയല്ല. അവർ ഏക ദൈവത്തിന്റെ ആരാധന സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തിനായിട്ടാണ് വരുന്നത്. ഇതിനുവേണ്ടി ജനങ്ങൾ അവരുടെ സമ്പൂർണമായ മാതൃകയിൽ പ്രവർത്തിക്കണം. അവരെപോലെയായിത്തീരാൻ ശ്രമിക്കണം. അവർ എങ്ങനെ പിൻപറ്റണമെന്നാൽ അവരുതന്നെയായിമാറണം. എന്നാൽ, അഹോ കഷ്ടം! ചിലയാളുകൾ അവർ വരുന്നതിന്റെ യഥാർഥ ഉദ്ദേശ്യത്തെ ഉപേക്ഷിച്ചുകളയുകയും അവരെ ദൈവമായി മനസ്സിലാക്കുകയും ചെയ്യുന്നു. അതുമുഖേന ആ ഇമാമുകളും ദൈവദൂതരും സന്തോഷിക്കുകയില്ല. അവരെ ജനങ്ങൾ ഇത്രമാത്രം ആദരിക്കുന്നത് അവർക്ക് ഒരിക്കലും സന്തോഷം പകരുകയില്ല. അതിനെ ഏതെങ്കിലും സന്തോഷത്തിന്റെ നിമിത്തമായി അവർ പറയുകയുമില്ല. അവരുടെ യഥാർഥമായ സന്തോഷം ജനങ്ങൾ അവരെ പിൻപറ്റുന്നതിലും അവർ സമർപ്പിക്കുന്ന പാഠങ്ങളിൽ അതായത്, സത്യവാനായ ദൈവത്തെ ആരാധിക്കുകയും തൗഹീദിൽ നിലകൊള്ളുകയും അതിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുന്നതിലാണ് അവർ സന്തോഷിക്കുന്നത്. നബി (സ)തിരുമേനിക്കും കല്പനയുണ്ടായി; കുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനി യുഹ്ബിബ്കുമുല്ലാഹു (3:32) അതായത്, അല്ലയോ റസൂലേ! അവരോട് പറയുക. അല്ലാഹുവിനെ നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. ഈ പിൻപറ്റലിന്റെ ഫലമായി അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. പറയുന്നു: ഇതിൽനിന്ന് അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാകാനുള്ള വഴി നബി(സ)തിരുമേനിയെ സത്യസന്ധമായനിലയിൽ പിൻപറ്റുക എന്നതാണെന്ന് വ്യക്തമായും മനസ്സിലാകുന്നു. അതുകൊണ്ടുതന്നെ ഇക്കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. പ്രവാചകന്മാരും അതുപോലെതന്നെ ദൈവത്തിന്റെ സത്യദാസരും ലോകത്ത് ഒരു മാതൃകയായിക്കൊണ്ടാണ് വരുന്നത്. ആരാണോ ആ മാതൃകയനുസരിച്ച് നടക്കാൻ ശ്രമിക്കാതെ എന്നാൽ, അവർക്ക് സാഷ്ടാംഗം ചെയ്യുകയും അവരോട് ആവശ്യങ്ങൾ ചോദിക്കാൻ തയ്യാറാകുകയും ചെയ്യുന്നത് അവർ അല്ലാഹുവിന്റെ പക്കൽ ഒരു വിലയുമില്ലാത്തവരാണ്. എന്നല്ല മരിച്ചതിനുശേഷം ആ ഇമാം അവരിൽനിന്ന് ജാഗരൂകനായിരിക്കുന്നത് അവർ കാണുന്നതുമാണ്.' (മൽഫൂദാത്ത്, വാല്യം 6, പേജ് 288 –289, 1985 ലണ്ടൻ എഡിഷൻ)

അതിനാൽ നബിമാർ പഠിപ്പിക്കുന്ന ഏറ്റവും ആദ്യത്തെ കാര്യം -അതിന്റെ ഉന്നതസ്ഥാനത്തായിരുന്നു നബി(സ) ഉണ്ടായിരുന്നത്-ഏകദൈവ വിശ്വാസത്തിന്റെ സംസ്ഥാപനമാണ്. ഇക്കാര്യം തന്നെയാണ് നബി(സ) തിരുമേനി തന്നെ വിശ്വസിക്കുന്നവരിലും ഉണ്ടാക്കിയത്. അതിന്റേയും ഉന്നതമായ മാതൃക നമ്മുടെ നബി(സ) തിരുമേനിയുടെ സ്വഹാബാക്കളിൽനിന്നും ലഭിക്കുന്നുണ്ട്. സ്വഹാബാക്കൾ നേരിട്ട് നബി(സ)യിൽനിന്ന് അനുഗ്രഹം പ്രാപിച്ചു. ആ മഹാത്മാവിന്റെ ദാസത്വത്തിന്റെ സ്ഥാനം കണ്ടു. ഏകദൈവ വിശ്വാസത്തിന്റെ സംസ്ഥാപനത്തിനുള്ള ആവേശവും കണ്ടു.അല്ലാഹുവിനോടുള്ള നബി(സ)തിരുമേനിയുടെ സ്നേഹവും ആരാധനയുടെ നിലവാരവും കണ്ടു. ഇക്കാര്യം അവരിലും യഥാർഥമായ ഏകദൈവ

വിശ്വാസത്തിന്റെ ആവേശമുണ്ടാക്കി. ഞാൻ പറഞ്ഞതുപോലെ, നബി(സ)തിരുമേനിയുടെ ജീവിതമാതൃക നമ്മളിലേക്ക് എത്തിക്കുന്നതിൽ സ്വഹാബാക്കൾക്കും പങ്കുണ്ട്. എന്നല്ല വളരെ വലിയ പങ്കാണുള്ളത്. എന്നല്ല ഔദാര്യമാണത്. ഞാൻ ചില നിവേദനങ്ങൾ സമർപ്പിക്കുകയാണ്.

ഒരവസരത്തിൽ ഹദ്റത്ത് ഉമർ(റ)തന്റെ പിതാവിനെ പിടിച്ച് സത്യം ചെയ്യുകയായിരുന്നു. നബി(സ) തിരുമേനി അത് കേട്ടു. ആ മഹാത്മാവ് പറഞ്ഞു: 'കേട്ടുകൊള്ളുക. നിങ്ങളുടെ പിതാക്കന്മാരെ പിടിച്ച് സത്യം ചെയ്യുന്നതിനെ അല്ലാഹു വിലക്കിയിരിക്കുന്നു. ആർക്കെങ്കിലും സത്യം ചെയ്യണമെന്നുണ്ടെങ്കിൽ അവൻ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തുകൊള്ളട്ടെ. അല്ലെങ്കിൽ മൗനം പാലിക്കട്ടെ.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ഹദീഥ് 6108). അതുകൊണ്ട് അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരുതരത്തിലുള്ള സത്യം ചെയ്യലും അനുവദനീയമല്ല. ചിലയാളുകൾ തങ്ങളുടെ മക്കളെ പിടിച്ച് സത്യം ചെയ്യാറുണ്ട്. തങ്ങളുടെ ബന്ധുക്കളേയും പ്രിയപ്പെട്ടവരേയും പിടിച്ച് സത്യം ചെയ്യാറുണ്ട്. ഇത് തങ്ങളുടെ പ്രിയപ്പെട്ടവരാണെന്നും അവരെ പിടിച്ച് സത്യം ചെയ്താൽ മറ്റുള്ളവർ വിശ്വസിക്കുമെന്നും അവർ മനസ്സിലാക്കുന്നു. പക്ഷേ, ഇക്കാര്യങ്ങൾ ഏകദൈവവിശ്വാസത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാണെന്ന് സത്യവിശ്വാസികൾ എപ്പോഴും ഓർക്കേണ്ടതാണ്.

ഒരിക്കൽ ഒരു ചോദ്യകർത്താവ്, അല്ലാഹുവിന്റെ ദൂതരേ, ഒരാൾ തന്റെ അഭിമാനത്തിനു വേണ്ടി യുദ്ധംചെയ്യുന്നു. ചിലർ തങ്ങളുടെ ധീരത കാണിക്കാൻ വേണ്ടി യുദ്ധം ചെയ്യുന്നു. ചിലർ യുദ്ധമുതലിനായി യുദ്ധം ചെയ്യുന്നു. അവരിൽവെച്ച് ജിഹാദ് ചെയ്യുന്നവൻ ആരാണ്? എന്നു ചോദിക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: ആരാണോ അല്ലാഹുവിന്റെ വചനം ഉയർത്തുന്നതിനും ഏകദൈവ വിശ്വാസം സ്ഥാപിക്കുന്നതിനും വേണ്ടി യുദ്ധം ചെയ്യുന്നത്, യഥാർഥത്തിൽ അവൻ തന്നെയാണ് ദൈവവഴിയിൽ ജിഹാദ് ചെയ്യുന്നവൻ.' (സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ്, ഹദീഥ് 2010)

അതുകൊണ്ട് ഏകദൈവവിശ്വാസത്തിന്റെ സംസ്ഥാപനത്തിനായി ചെയ്യുന്ന കർമങ്ങൾ തന്നെയാണ് അല്ലാഹുവിനും ഇഷ്ടപ്പെട്ടത്. ആ കർമങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് നബി(സ) തിരുമേനി നിയോഗിതനായതും.

ഒരിക്കൽ മക്കയിലെ നേതാക്കന്മാർ നബി തിരുമേനി(സ)യെ സംസാരിക്കുന്നതിനായി വിളിച്ചു. അവിടന്ന് മനസ്സിലാക്കിയത് അവർ നേരായ വഴിയിൽ വരാൻ ആഗ്രഹിക്കുന്നുവെന്നാണ്. അങ്ങനെ അവിടന്ന് ഉടൻത്തന്നെ അവരുടെയടുത്ത് പോയി. അപ്പോൾ ആ എല്ലാ നേതാക്കന്മാരും ഐകകണ്ഠ്യേന പറഞ്ഞു: മുഹമ്മദേ, ഞങ്ങൾ താങ്കളെ ചർച്ചയ്ക്കായി വിളിച്ചതാണ്. താങ്കൾ പ്രയാസത്തിലകപ്പെടുത്തിയതുപോലെ തന്റെ ജനതയെ ഇത്രമാത്രം പ്രയാസത്തിലകപ്പെടുത്തിയിട്ടുള്ള ഒരു വ്യക്തിയേയും ഞങ്ങൾ അറബികളിൽ കണ്ടിട്ടില്ല. താങ്കൾ ഞങ്ങളുടെ ആരാധ്യവസ്തുക്കളെ പഴിക്കുന്നു. ഞങ്ങളുടെ ജമാഅത്തിനെ കഷണം കഷണമാക്കിയിരിക്കുന്നു. താങ്കൾ കാരണത്താൽ ഉണ്ടായിട്ടില്ലാത്ത ഒരു ദോഷവുമില്ല. (അതായത്, അവരുടെ ദൃഷ്ടിയിൽ, ഭൗതിക ചിന്താഗതിക്കാരായവരുടെ ദൃഷ്ടിയിൽ എന്തെല്ലാം മോശമായ കാര്യങ്ങൾ ഉണ്ടായിരുന്നുവോ അതെല്ലാം! യഥാർഥത്തിൽ അവിടന്ന് ലോകത്തിന്റെ നന്മയ്ക്കായിക്കായിട്ടാണ് വന്നത്.) അവർ പറഞ്ഞു: 'താങ്കളുടെ ഉദ്ദേശ്യം ധനം സമ്പാദിക്കുക എന്നതാണെങ്കിൽ ഞങ്ങൾ ഈ ജനതയിലെ ഏറ്റവും വലിയ സമ്പന്നനാകുന്നവിധത്തിൽ താങ്കൾക്ക് ധനം നൽകാം. ഇനി നേതാവാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾ താങ്കളെ ഞങ്ങളുടെ നേതാവാക്കാം.' നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങൾ എന്നെ തെറ്റായിട്ടാണ് മനസ്സിലാക്കുന്നത്. ഇക്കാര്യങ്ങളൊന്നും എന്നിലില്ല. ഞാൻ ബാഹ്യമായ ആദരവും പ്രശസ്തിയും ആഗ്രഹിക്കുന്നവനുമല്ല. എന്നെ അല്ലാഹു റസൂലായി അയച്ചിരിക്കുന്നു. എന്നിൽ ഗ്രന്ഥമിറക്കിയിരിക്കുന്നു. എന്നോട് കല്പിച്ചിട്ടുള്ളത് ബശീറും നദീറുമായിക്കൊണ്ട് സന്തോഷവാർത്ത അറിയിക്കുകയും അതുപോലെതന്നെ ദൈവ ശിക്ഷയെ സംബന്ധിച്ച് പറയുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. അതിനാൽ ഞാൻ നിങ്ങൾക്ക് അല്ലാഹുവിന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. നിങ്ങളത് സ്വീകരിക്കുകയാണെങ്കിൽ അതിൽ നിങ്ങൾക്ക് ഫലമുണ്ട്. നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ അല്ലാഹു നമ്മളിൽ തീരുമാനം കാണിക്കുന്നതുവരെ നിങ്ങൾ ക്ഷമിക്കുക. ഞാനും ക്ഷമ കൈക്കൊള്ളുന്നതാണ്.' പിന്നീട് എങ്ങനെയാണ് അല്ലാഹു വിധി പുറപ്പെടുവിച്ചതെന്നും എങ്ങനെയാണ് തൗഹീദിന്റെ സ്ഥാപനമുണ്ടായതെന്നും ലോകം കണ്ടു. (സീറത്ത് ഹിബ്നു ഇശാം, പേജ് 220)

നബി(സ)തിരുമേനിയുടെ ദാസത്വത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധഖുർആൻ പാരായണം ചെയ്തുനോക്കുക. നമ്മുടെ നബി(സ)തിരുമേനിയേക്കാളുപരി ലോകത്ത് ഒരു സമ്പൂർണമനുഷ്യന്റേയും മാതൃക നിലവിലില്ല. ഇനി പുനരുഥാനനാൾവരെ ഉണ്ടാകുകയുമില്ല. അധികാരപരമായ ദിവ്യാത്ഭുതങ്ങൾ കിട്ടിയിട്ടും നബി(സ) തിരുമേനിയുടെ അവസ്ഥ എപ്പോഴും ദാസത്വത്തിന്റേതുതന്നെയായിരുന്നു. ആവർത്തിച്ചാവർത്തിച്ച് ഇന്നമാ അന ബശ്റുൻ മ്മിഥ്ലുക്കും എന്ന് പറഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ തൗഹീദിന്റെ കലിമയിലും തന്റെ ദാസത്വം ഏറ്റുപറയുന്നതിന്റെ ഒരു ഭാഗം നിർബന്ധമാക്കി. ഇതുകൂടാതെ മുസ്ലിം മുസ്ലിമാകുകയില്ല. ചിന്തിക്കുക! വീണ്ടും ചിന്തിക്കുക!! ഏതവസ്ഥയിൽ സമ്പൂർണമാർഗദർശിയുടെ ജീവിതരീതി നമുക്ക് ഈ പാഠം നൽകിക്കൊണ്ടിരിക്കുന്നുവോ അതായത് ഉന്നതമായ സാമീപ്യത്തിന്റെ സ്ഥാനത്തെത്തിയിട്ടും ദാസത്വത്തെ അംഗീകരിക്കുന്നത് വിട്ടുകളഞ്ഞില്ല. മറ്റാർക്കെങ്കിലും ഇത്തരം വിചാരമുണ്ടാവുകയും ഇങ്ങനെയുള്ള കാര്യങ്ങൾ മനസ്സിൽ കൊണ്ടുവരികയും ചെയ്യുക എന്നത് വ്യർഥവും നിഷ്ഫലവുമാണ്.' (മൽഫൂദാത്ത്, വാല്യം 1, പേജ് 117–118, 1985, ലണ്ടൻ എഡിഷൻ)

ഈ പാഠമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയിട്ടുള്ളത്. ഒരു മുസ്ലിം അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് വിളംബരം ചെയ്യുമ്പോൾ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ എന്ന് വിളംബരം ചെയ്യേണ്ടതും നിർബന്ധമാണ്. അതിനാൽ സമ്പൂർണനബി അല്ലാഹുവിന്റെ ദാസനാകുമ്പോൾ പീറുമാരും ഫഖീറുമാരുമായിട്ടുള്ളവർക്ക് അതിനേക്കാൾ കൂടുതൽ സ്ഥാനം നൽകി അവരുടെ ഖബറുകളിൽ സുജൂദ് ചെയ്യുന്ന അവരുടെ കർമം എങ്ങനെയാണ് അനുവദനീയമാക്കാൻ കഴിയുക. എന്നല്ല, ഇത് വൻപാപമാണ്. ഇത് ശിർക്കാണ്. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നൽകി എന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. അദ്ദേഹം തൗഹീദിന്റെ അടിസ്ഥാനപരമായ പോയിന്റും നബി(സ) തിരുമേനിയുടെ ദാസത്വത്തിന്റെ ശരിയായ ഗ്രാഹ്യവും നമുക്ക് നൽകി. നമ്മെ എല്ലതരത്തിലുള്ള ശിർക്കിൽനിന്നും പരിശുദ്ധരാക്കി.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:"ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കികാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നിത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോകഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്ത് നിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏക ദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവടന്ന ത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തിനോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന് സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു.'(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 118-119)

തൗഹീദിന്റെ സംസ്ഥാപനത്തിന്റെ ഏറ്റവും ഉയർന്ന കയറ്റം ഉണ്ടാകുന്നത് മനുഷ്യൻ അല്ലാഹുവിന്റെ ആരാധനയേയും ആരാധനയോടുള്ള കടമയേയും നിർവഹിക്കുന്നവനാകുമ്പോഴാണ്. അതിലും എന്റെ യജമാനരായ നബി(സ) തിരുമേനി ഉന്നതമായ സ്ഥാനം കരസ്ഥമാക്കി. അതിന് അല്ലാഹു ഇപ്രകാരം സാക്ഷ്യം നൽകി. പറഞ്ഞു: അല്ലദീ യറാക്ക ഹീന തഖൂമു വ തഖല്ലുബക്ക ഫിസ്സാജിദീൻ (26:219-220). അതായത് നീ നിൽക്കുമ്പോഴും സുജൂദ് ചെയ്തുകൊണ്ടിരിക്കുമ്പോഴുമുള്ള നിന്റെ അസ്വസ്ഥത അവൻ കണ്ടുകൊണ്ടിരിക്കുന്നു. അതിനാൽ അല്ലാഹു വിളംബരം ചെയ്യുന്നു: ഏ മുഹമ്മദ്(സ)! സാഷ്ടാംഗം പ്രണമിക്കുന്നവരിൽ നിന്നെപോലെ ഇത്തരം അസ്വസ്ഥനായി സുജൂദ് ചെയ്യുന്ന ആരുമില്ല. നീ തൗഹീദിന്റെ സംസ്ഥാപനത്തിനായി ആത്മാർഥരായവരുടെ ഒരു ജമാഅത്തുണ്ടാക്കി. അല്ലാഹുവിനെ ആരാധിക്കുന്നതിൽ അവർ ഏകരാണ്. അവരുടെ രാത്രികൾ

ആരാധനാകർമങ്ങളിൽ കഴിഞ്ഞുപോകുന്നു. പക്ഷേ, ഈ എല്ലാ ആരാധനകളും സാഷ്ടാംഗപ്രണാമങ്ങളും നിന്റെ സാഷ്ടാംഗപ്രണാമങ്ങളുടെ മാതൃക സ്വായത്തമാക്കാനുള്ള ശ്രമമാണ്. ഈ സുജൂദുകളുടെ അസ്വസ്ഥതയിൽ നബി(സ) തിരുമേനിയുടെ തൗഹീദിന്റെ സ്ഥാപനത്തിനുവേണ്ടിയുള്ള ആവേശം നമ്മൾ കാണുന്നിടത്ത് അവിടന്ന് തന്നെ വിശ്വസിക്കുന്നവരിലും ഇത്തരത്തിലുള്ള സാഷ്ടാംഗപ്രണാമം ചെയ്യുന്നവരുണ്ടാകണമെന്ന് ആഗ്രഹിച്ചതായി നമുക്ക് കാണാൻ കഴിയുന്നു. അതായത് ആത്മാർഥരായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ മാത്രം കുനിയുകയും അവനെ ആരാധിക്കുകയും ചെയ്യുക. മനസ്സുകളിൽ കുടിയിരിക്കുന്ന വ്യാജ ആരാധ്യവസ്തുക്കളെ പുറത്തെറിയുക. നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞു: ഓരോ നബിക്കും എന്തെങ്കിലുമൊക്കെ ആഗ്രഹം ഉണ്ടാകും. എന്റെ ഹൃദയംഗമമായ ആഗ്രഹം രാത്രിയിലെ ആരാധനയാണ്.' (കൻസുൽഉമ്മാൽ, വാല്യം 7, പേജ് 323)

ഒരു നിവേദകൻ പറയുന്നു: ഞാൻ നബി(സ) തിരുമേനിയെ നമസ്കരിക്കുന്ന അവസ്ഥയിൽ കണ്ടു. ആ സമയത്ത് കഠിനമായ വേദനകൊണ്ട് അവിടത്തെ നെഞ്ചിൽനിന്ന് ചക്ക് ചലിക്കുന്നതുപോലുള്ള ശബ്ദമായിരുന്നു പുറപ്പെട്ടിരുന്നത്. (സുനൻ, അബീദാവൂദ്, ഹദീഥ് 904) (ധാന്യങ്ങൾ പൊടിക്കുന്ന തിനുവേണ്ടിയുള്ള ചക്കുകളുടെ ശബ്ദം. അല്ലെങ്കിൽ ഗ്രൈന്റർ ചലിക്കുന്ന ശബ്ദം) ഇപ്രകാരം ചെമ്പിൽ വെള്ളം തിളയ്ക്കുന്നതുപോലുള്ള ശബ്ദം കേൾക്കാറുണ്ടായിരുന്നു എന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. (സുനൻ നിസായി, ഹദീഥ് 1214)

ഹദ്റത്ത്ഉമ്മുസൽമ(റ)പറയുന്നു:'നബി(സ) തിരുമേനി കുറച്ചുനേരം ഉറങ്ങും. പിന്നീട് ഉണർന്ന് കുറച്ചുനേരം നമസ്കാരത്തിൽ ലയിക്കും. പിന്നീട് ഉറങ്ങും. പിന്നീട് എഴുന്നേറ്റിരിക്കും. ചുരുക്കിപ്പറഞ്ഞാൽ നേരം വെളുക്കുന്നതുവരെ ഈ അവസ്ഥയായിരുന്നു.' (സുനൻ നിസായി, ഹദീഥ് 1628)

ഹദ്റത്ത് ആയിശ(റ) പറയുന്നു: 'അസുഖമോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ അവിടത്തെ തഹജ്ജുദ് നമസ്കാരം വിട്ടുപോയെങ്കിൽ അവിടന്ന് പകൽ 12 റക്അത്ത് നഫലുകൾ നമസ്കരിക്കുമായിരുന്നു.' (സുനൻ നിസായി, ഹദീഥ് 1789)

നബി(സ) തിരുമേനിക്ക് തന്നെ വിശ്വസിക്കുന്നവരും ആരാധനാകർമങ്ങൾ നിർവ്വഹിക്കുന്നവരും ആരാധനയോടുള്ള കടമ നിറവേറ്റുന്നവരുമാകണമെന്ന ആഗ്രഹവും പ്രതീക്ഷയുമായിരുന്നു ഉണ്ടായിരുന്നത്.

നബി(സ)തിരുമേനിയുടെ ഈ ആഗ്രഹത്തിന് വിധേയയായി ഹദ്റത്ത് ആയിശ(റ) അവിടത്തെ അനുയായികളുടെ ആരാധനയുടെ നിലവാരം ഉയരണം എന്നുദ്ദേശ്യത്തോടെ ഒരിക്കൽ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: തഹജ്ജുദ് നമസ്കാരം ഉപേക്ഷിക്കരുത്. എന്തുകൊണ്ടെന്നാൽ നബി(സ) തിരുമേനി അതുപേക്ഷിച്ചിരുന്നില്ല. അതായത് രാത്രിയിലെ നമസ്കാരങ്ങൾ നഫ്ലുകൾ ഉപേക്ഷിക്കരുത്. നബി(സ) തിരുമേനിക്ക് അസുഖമുണ്ടാകുകയും ശരീരത്തിൽ ക്ഷീണം അനുഭവപ്പെടുകയും ചെയ്യുമ്പോൾ അവിടന്ന് ഇരുന്നുകൊണ്ട് തഹജ്ജുദ് നമസ്കരിക്കുമായിരുന്നു.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 8,പേജ് 222-223)

ഞാൻ ഇപ്പോൾ വായിച്ച നിവേദനം അതായത് തഹജ്ജുദ് വിട്ടുപോയാൽ 12 റക്അത്ത് പകൽ നമസ്കരിക്കുമെന്ന് പറഞ്ഞത് വല്ലപ്പോഴുമുണ്ടായ സംഭവമാണ്. നബി(സ)തിരുമേനി ഒരിക്കൽ അസുഖമുണ്ടായിട്ടും -നബി (സ)തിരുമേനിയുടെ ശരീരത്തിൽ ഉണ്ടായ രോഗം സഹാബാക്കൾക്കും അനുഭവപ്പെടുകയും അവരത് മുഖത്തുനിന്ന് മനസ്സിലാക്കുകയും ചെയ്തിയിരുന്നു- അവിടന്ന് പറഞ്ഞു: ക്ഷീണമുണ്ടായിട്ടും ഇന്ന് രാത്രി ഞാൻ ദീർഘമായ സൂറത്തുകൾതന്നെയാണ് ഓതിയത്.' (കൻസുൽ ഉമ്മാൽ, വാല്യം 2, പേജ് 133)

എല്ലാ ദുആകളിലും ഇബാദത്തുകളിലും തന്റെ സമുദായം യഥാർഥമായ ആരാധകരും തങ്ങളുടെ ദൈവത്തിന്റെ തിരുസന്നിധിയിൽ കുനിയുന്നവരുമാകണമെന്ന ഉൽക്കടമായ ആഗ്രഹമായിരുന്നു നബിതിരുമേനിക്ക്. ആ മഹാത്മാവിന്റെ തിരുസഖാക്കൾ ഈ ആവേശം കണ്ടു. ആ മഹാത്മാവിന്റെ സഹവാസത്തിന്റെ സ്വാധീനം പ്രാപിച്ചു. അവിടത്തെ ജീവിതചര്യയെ സ്വായത്തമാക്കി. അവർ മുശ്രിക്കുകളായിരുന്നു. അങ്ങനെയുള്ളവർ പിന്നീട് വരുന്നവർക്ക് ഉത്തമമാതൃകയായിത്തീർന്നു. ഒരു വിപ്ലവമായിരുന്നു അവരിൽ വന്നത്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ വളരെ ശക്തമായും പറയുന്നു. എത്ര വലിയ ശക്തനായ ശത്രുവായിരുന്നാലും അത് ക്രിസ്ത്യാനിയാകട്ടെ, ആര്യസമാജക്കാരനാകട്ടെ നബി(സ) തിരുമേനിയുടെ ഈ മാറ്റത്തിൽ ദൃഷ്ടി പതിപ്പിക്കുകയാണെങ്കിൽ അതായത് അവിടത്തെ അധ്യാപനവും സ്വാധീനവും കൊണ്ടുണ്ടായ മാറ്റത്തിൽ ദൃഷ്ടി പതിപ്പിക്കുകയാണെങ്കിൽ അനിയന്ത്രിതമായി അവർക്ക് സത്യത്തിന് സാക്ഷ്യം പറയേണ്ടിവരും. വളരെ വലിയ കാര്യമാണിത്. വിശുദ്ധഖുർആൻ അവരുടെ ആദ്യാവസ്ഥ ഇങ്ങനെ കോറിയിട്ടിരിക്കുന്നു. യഅ്കുലൂന കമാ തഅ്കുലുൽഅൻആമ (47:13) മൃഗങ്ങളെപോലെ തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത് അവരുടെ തൊഴിലായിരുന്നു. ഇതായിരുന്നു സത്യനിഷേധിയായിരിക്കുമ്പോൾ അവരുടെ അവസ്ഥ. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ സ്വാധീനം അവരിലുണ്ടാക്കിയ മാറ്റത്തിന്റെ ഫലമായി യബീതൂന ലിറബ്ബിഹിം സുജ്ജദൻ വ്വഖിയാമാ എന്ന അവസ്ഥയായി (25: 65) അതായത് അവർ തങ്ങളുടെ റബ്ബിന്റെ സന്നിധിയിൽ സുജൂദ് ചെയ്തുകൊണ്ടും നിന്നുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരായിത്തീർന്നു. ഏതൊരു മാറ്റമാണോ നബി(സ) തിരുമേനി കാട്ടറബികളിൽ വരുത്തിയത്, ഏതൊരു കുഴിയിൽനിന്നെടുത്ത് ഏതൊരു ഉത്തുംഗസ്ഥാനത്തും പദവിയിലുമാണോ അവരെ എത്തിച്ചത്, അവിടന്ന് പറയുന്നു: ഈ എല്ലാ അവസ്ഥകളുടെയും ചിത്രം കാണുമ്പോൾ അനിയന്ത്രിതമായി മനുഷ്യൻ കരഞ്ഞുപോകുന്നു. എത്രമാത്രം വലിയ വിപ്ലവമാണുണ്ടായത്, അവിടുന്നുണ്ടാക്കിയത്. ലോകത്തിന്റെ ഒരു ചരിത്രത്തിലും ഒരു ജനതയിലും അതിനു തുല്യത ലഭിക്കുകയില്ല.' (മൽഫൂദാത്ത്, വാല്യം 9, പേജ് 144 -145, 1985, ലണ്ടൻ എഡിഷൻ)

ഇത് വെറും കഥയല്ല. ഇത് സംഭവങ്ങളാണ്. ഇതിന്റെ സത്യത ഒരു കാലഘട്ടത്തിന് അംഗീകരിക്കേണ്ടതായി വന്നു. ഇതേ സത്യസന്ധതയെ സ്ഥാപിക്കുന്നതിനുവേണ്ടി ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അതുകൊണ്ട് നമ്മുടേയും ജോലി നമ്മുടെ ആരാധനകളുടെ നിലവാരത്തെ ഉയർത്തുകയും ഖിയാമത്തുന്നാൾവരെ നിലനിൽക്കുന്ന ആ ജീവിതമാതൃകയിലൂടെ നടക്കുകയും ചെയ്യുക എന്നതാണ്.

ഞാൻ നഫ്ൽ നമസ്കാരത്തെ സംബന്ധിച്ച് നിവേദനങ്ങൾ വിവരിച്ചിരുന്നു. നഫ്ൽ നമസ്കാരത്തെക്കുറിച്ച് ഈ നിർദ്ദേശവും ഈ അവസ്ഥയുമാണെങ്കിൽ നിർബന്ധ നമസ്കാരങ്ങളിൽ എത്രമാത്രം കൃത്യത പാലിക്കേണ്ട ആവശ്യമാണുള്ളത്. അതുകണ്ട് നമ്മൾ ഓരോരുത്തരും ആത്മപരിശോധന നടത്തുകയും ഇതിൽ ചിന്തിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

പ്രവാചകന്മാർ ലോകത്ത് വരുന്നത് സത്യം പ്രചരിപ്പിക്കുന്നതിനും തങ്ങളെ വിശ്വസിക്കുന്നവരെ സത്യമാർഗത്തിൽ നടത്തുന്നതിനും സത്യവാനായ ദൈവത്തിനുമുമ്പിൽ കുമ്പിടുപ്പിക്കുന്നതിനുംവേണ്ടിയാണ്. ഇതിലും നബി(സ)തിരുമേനിക്ക് ഒരു ഉന്നതമായ സ്ഥാനം നൽകപ്പെട്ടിരിക്കുന്നു. കുട്ടിക്കാലം മുതൽതന്നെ ആ മഹാത്മാവിൽ ഈ ഗുണം എത്രമാത്രം വ്യക്തമായിരുന്നുവെന്നാൽ ശത്രുക്കളും ആ മഹാത്മാവിന്റെ സത്യത്തെ അംഗീകരിച്ചിരുന്നു. ഒരിക്കൽ ഖുറയ്ശിനേതാക്കൾ സംഘടിച്ചു. അവരിൽ നബിതിരുമേനിയുടെ കഠിനവിരോധി അബൂജഹ്‌ലും നള്ർ ബിൻ ഹാരിഥുമുണ്ടായിരുന്നു. നബി (സ)തിരുമേനിയെ സംബന്ധിച്ച് അദ്ദേഹം ഇന്ദ്രജാലക്കാരനാണെന്നും കളവ് പ്രചരിപ്പിക്കുന്നവനാണെന്നും കള്ളനാണെന്നും പറഞ്ഞപ്പോൾ നള്ർബിൻ ഹാരിഥ് എഴുന്നേറ്റുനിന്ന് പറഞ്ഞു: അല്ലയോ ഖുറൈശികളേ: ഒരു കാര്യം നിങ്ങളുടെ മുമ്പിൽ വന്നിരിക്കുകയാണ്. അതിനെ നേരിടാൻ നിങ്ങൾക്ക് ഒരുപായവും കൊണ്ടുവരാൻ സാധിക്കുകയില്ല. മുഹമ്മദ് നിങ്ങളിൽ യുവാവായിരുന്നു. നിങ്ങൾക്ക് എല്ലാവരേക്കാളും പ്രിയപ്പെട്ടവനായിരുന്നു. ഏറ്റവുമധികം സത്യം പറയുന്നവനായിരുന്നു. നിങ്ങളിൽ ഏറ്റവുമധികം വിശ്വസ്തനായിരുന്നു. ഇപ്പോൾ നിങ്ങൾ അദ്ദേഹത്തിന്റെ തലയിൽ നരച്ചമുടി കാണുന്നുണ്ട്.(അതായത് വൃദ്ധനായി) അവൻ സന്ദേശവും കൊണ്ടുവന്നപ്പോൾ നിങ്ങൾ പറയുന്നത് അവൻ കള്ളനാണെന്നും ഇന്ദ്രജാലമക്കാരനാണെന്നുമാണ്. ഞങ്ങളും വ്യാജരായ ആളുകളെ കണ്ടിട്ടുണ്ട്. ഇന്ദ്രജാലക്കാരേയും കണ്ടിട്ടുണ്ട്. നിങ്ങൾ പറയുന്നു അവൻ ജ്യോതിഷിയാണെന്ന്. ഞങ്ങൾ ജ്യോതിഷിയേയും കണ്ടിട്ടുണ്ട്. നിങ്ങൾ പറയുന്നു അവൻ കവിയാണെന്ന്. ഞങ്ങൾ കവികളേയും കണ്ടിട്ടുണ്ട്. നിങ്ങൾ പറഞ്ഞു അവന് ഭ്രാന്താണെന്ന്. നഊദുബില്ലാഹ് ഞങ്ങൾ ഭ്രാന്തരേയും കണ്ടിട്ടുണ്ട്. അവൻ കള്ളനല്ല, ഇന്ദ്രജാലക്കാരനല്ല, അവൻ ജ്യോതിഷിയല്ല, കവിയുമല്ല, ഭ്രാന്തനുമല്ല. ഇതിനുള്ള ഒരു അടയാളവും അവനിലില്ല. അതുകൊണ്ട് നിങ്ങൾ ചിന്തിക്കുക നിങ്ങളുടെ ബന്ധം ഒരു വലിയ കാര്യവുമായിട്ടാണ്.' (സീറത്ത് ഇബ്നുഹിശാം, പേജ് 224)

പിന്നീടൊരിക്കൽ നബി(സ) തിരുമേനിയോ

ട് അബൂജഹ്ൽ പറഞ്ഞു, 'ഞാൻ നിന്നെ കള്ളനെന്ന് പറയുന്നില്ല. നിന്റെ അധ്യാപനത്തെയാണ് കളവാണെന്ന് മനസ്സിലാക്കുന്നത്.' (സുനനുത്തുർമുദി, ഹദീഥ് 3064) നബി (സ)പറഞ്ഞു: 'ഞാൻ നിങ്ങളുടെ ഇടയിൽ ഇത്രയും നാൾ കഴിച്ചുകൂട്ടി. പക്ഷേ, ഒരിക്കലും എന്റെ മേൽ കളവ് സ്ഥാപിക്കാൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ല. എന്നെ കള്ളനെന്ന് പറയാനും കഴിഞ്ഞിട്ടില്ല. അപ്പോൾ ഇന്ന് ഈ അധ്യാപനം കൊണ്ടുവന്ന കാരണത്താൽ അല്ലാഹുവിന്റെ കാര്യത്തിൽ ഞാൻ കളവ് പറയുമോ?'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തങ്ങളുടെ സമ്പൂർണമായ സത്യസന്ധതയുടെ ശക്തി തെളിവായി സമർപ്പിച്ചുകൊണ്ട് ശത്രുക്കൾക്കും അവസരം നൽകുന്നവരാണ് പ്രവാചകന്മാർ. ഈ ആക്ഷേപം വിശുദ്ധഖുർആനിലുമുണ്ട്. ഖാത്തമുൽഅമ്പിയാ (സ) ഫഖദ് ലബിഥ്തു ഫീക്കും ഉമുറൻ മിൻ ഖബ്‌ലിഹീ അഫലാ തഅ്ഖിലൂൻ (10:17) അതായത് ഞാൻ അങ്ങനെയങ്ങ് കളവ് പറയുമെന്നും കറ്റുകെട്ടി പറയുമെന്നുമാണോ? നോക്കൂ, ഇതിനു മുമ്പേ 40 വർഷം നിങ്ങളിൽ ഞാൻ ജീവിച്ചു. നിങ്ങൾ എപ്പോഴെങ്കിലും എന്റെ എന്തെങ്കിലും കളവോ, കറ്റുകെട്ടോ സ്ഥാപിച്ചുവോ? നിങ്ങൾക്ക് ഇതുമാത്രം മനസ്സിലാകാത്തതെന്താണ്? ആരാണോ ഇന്നുവരെ ഒരുതരത്തിലുള്ള കളവും പറയാത്തത് ഇപ്പോൾ അല്ലാഹുവിന്റെമേൽ എന്തിനു കളവ് പറയണം? ചുരുക്കത്തിൽ പ്രവാചകന്മാരുടെ ജീവിതത്തിലെ സംഭവങ്ങളും അവരുടെ സമാധാനത്തിന്റെ വെളിച്ചവും സ്ഥാപിക്കുന്നത്, എല്ലാ കാര്യങ്ങളും വിട്ടുകൊണ്ട് അവരുടെ ജീവിത സംഭവങ്ങൾ മാത്രം നോക്കുകയാണെങ്കിൽ അവരുടെ സത്യസാക്ഷ്യം അവതിൽനിന്ന് പ്രശോഭിതമാകുമെന്നാണ്. ഉദാഹരണത്തിന് ഒരു നീതിമാൻ അല്ലെങ്കിൽ ഒരു ബുദ്ധിമാൻ നബി (സ) തിരുമേനിയുടെ എല്ലാ തെളിവുകളും പ്രമാണങ്ങളും മാറ്റിവച്ചുകൊണ്ട് അദ്ദേഹത്തിന്റെ അവസ്ഥയിൽ മാത്രം ചിന്തിക്കുകയാണെങ്കിൽ ഒരു സംശയവും കൂടാതെ ആ അവസ്ഥകളിൽ ചിന്തിക്കുന്നതുകൊണ്ട് നബി സത്യവാനാണെന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുന്നതായിരിക്കും. എന്തുകൊണ്ട് വിശ്വസിക്കുകയില്ല? ആ സംഭവങ്ങൾതന്നെ എത്രമാത്രം സമ്പൂർണമായ സത്യവും വ്യക്തവുമായ പരിമളമാണെന്നാൽ സത്യാമ്പേഷികളെ അനിയന്ത്രിതമായി അവരിലേക്ക് അതു വലിച്ചടുപ്പിക്കുന്നതാണ്.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസായിൻ, വാള്യം 1, പേജ് 107–108)

അദ്ദേഹം സത്യവാനാണെന്നതിന് അദ്ദേഹത്തിന്റെ കുട്ടിക്കാലവും സാക്ഷിയാണ്. അദ്ദേഹത്തിന്റെ യുവത്വവും സാക്ഷിയാണ്. നുബുവ്വത്തിനുശേഷം അതിന്റെ തേജാവിലാസംതന്നെ പരിപൂർണതയിലെത്തിയിട്ടുണ്ടായിരുന്നു. അതു കൊണ്ട് ആ നബിയെ വിശ്വസിക്കുന്നവർക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്; നമ്മുടെ സത്യത്തിന്റെ നിലവാരം എന്തായിരിക്കണമെന്ന്!

നബി(സ) തിരുമേനിയുടെ മറ്റൊരു സവിശേഷതയായ വിനയത്തിന്റേയും എളിമയുടേയും ഉന്നതമായ നിലവാരം പ്രതിപാദിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നോക്കൂ, നമ്മുടെ നബി(സ)തിരുമേനിയുടെ വിജയങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, മുൻകഴിഞ്ഞ ഒരു പ്രവാചകന്മാരിലും അതിനു തുല്യത കിട്ടുകയില്ല. എന്നാൽ, ആ മഹാത്മാവിന് അല്ലാഹു എത്രയെത്ര വിജയങ്ങൾ നൽകിയോ അവിടന്ന് അത്രയത്ര വിനയം കൈക്കൊണ്ടു. ഒരവസരത്തിൽ നടന്ന സംഭവമാണ്. ഒരു വ്യക്തിയെ അവിടത്തെ സന്നിധിയിൽ പിടിച്ചുകൊണ്ടുവന്നു. അയാൾ വിറയ്ക്കുന്നതും ഭയപ്പെടുന്നതും അവിടന്ന് കണ്ടു. എന്നാൽ, അയാൾ അടുത്തുവന്നപ്പോൾ നബി(സ) തിരുമേനി അങ്ങേയറ്റം മൃദുഭാവത്തോടെ ചോദിച്ചു: നീ എന്തിനാണ് ഇങ്ങനെ ഭയപ്പെടുന്നത്? ഞാനും നിന്നെപോലെ ഒരു മനുഷ്യനല്ലേ? ഒരു വൃദ്ധയുടെ മകൻ!(മൽഫൂദാത്ത്, വാള്യം 10, പേജ് 258, എഡിഷൻ 1985)

ഒരു ഹദീഥുണ്ട്. ഇതിൽനിന്ന് നബി(സ) തിരുമേനിയുടെ വിനയത്തേയും എളിമയയേയും കുറിച്ച് അറിയാൻ കഴിയുന്നു. ആ മഹാത്മാവിനെ വിശ്വസിക്കുന്നവർ എങ്ങനെ ജീവിക്കണമെന്നുള്ള ഉപദേശവും അതി ലുണ്ട്. ഹദ്റത്ത് അബൂ ഹുറയ്റ(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങളിൽ ആരും നിങ്ങളുടെ കർമങ്ങൾ കൊണ്ട് മോക്ഷം പ്രാപിക്കുകയില്ല. സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അങ്ങയും? അവിടന്ന് പറഞ്ഞു: അതെ, ഞാനും. എന്റെ കർമങ്ങൾകൊണ്ട് മോക്ഷം പ്രാപിക്കുകയില്ല. പക്ഷേ, അല്ലാഹു എന്നെ തന്റെ കാരുണ്യത്തിന്റെ തണലിൽ എടുക്കുന്നതാണ്. പറയുന്നു: അതുകൊണ്ട് നിങ്ങൾ നേരെയായിരിക്കുക. ശരീഅത്തിനോട് അടുത്തിരിക്കുക. രാവിലേയും വൈകുന്നേരവും രാത്രിസമയങ്ങളിലും ആരാധനാകർമങ്ങൾ അനുഷ്ഠിക്കുക. മദ്ധ്യമനില സ്വീകരിക്കുക. എന്നാൽ, നിങ്ങൾ നിങ്ങളുടെ ഉദ്ദേശ്യത്തെ പ്രാപിക്കുന്നതാണ്.' (സ്വഹീഹ് ബുഖാരി, ഹദീഥ് 6463)

അതിനാൽ ഏതൊരു നബിയെക്കുറിച്ച് അദ്ദേഹത്തിന് ചെയ്യുന്ന ബയ്അത്ത് തനിക്ക് ചെയ്യുന്ന ബയ്അത്താണെന്ന് അല്ലാഹു പറഞ്ഞുവോ അദ്ദേഹത്തിന്റെ കൈ തന്റെ കൈയാണെന്ന് അല്ലാഹു പറഞ്ഞുവോ അദ്ദേഹത്തിന് അല്ലാഹുവിനോടുള്ള ഭയത്തിന്റേയും വിനയത്തിന്റേയും സ്ഥാനം ഇതാണ്; അവിടന്ന് പറയുന്നു: 'ഞാനും അവന്റെ കാരുണ്യവും അവന്റെ കൃപയും കൊണ്ടാണ് രക്ഷപ്പെടുന്നത്.' പിന്നീട് അവിടന്ന് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ കർമങ്ങളിലേക്കും നിങ്ങളുടെ ആരാധനകളിലേക്കും ദൃഷ്ടിപതിപ്പിക്കുക. ഒരിക്കലും നിങ്ങൾ ദൈവത്തോട് നന്ദികേടും ആരാധനകളോട് അലംഭാവവും കാണിക്കരുത്.'

നബി(സ)തിരുമേനിക്ക് വിജയം ലഭിച്ചപ്പോൾ ഉണ്ടായ വിനയത്തിന്റേയും എളിമയുടേയും ദൃശ്യവും കാണുക. ഭൗതിക നേതാവ് വിജയങ്ങൾ കരസ്ഥമാക്കുമ്പോൾ ഫിർഔനായിത്തീരുന്നു. എന്നല്ല സാധാരണ മനുഷ്യനുപോലും എന്തെങ്കിലും വിജയം ലഭിച്ചാൽ കഴുത്ത് പൊങ്ങച്ചംകൊണ്ടും അഹങ്കാരംകൊണ്ടും നിവർന്നു നില്ക്കുന്നു. എന്നാൽ, സമ്പൂർണ മാതൃകയായ മനുഷ്യന്റെ അവസ്ഥ എന്താണ്? അദ്ദേഹത്തേയും അദ്ദേഹത്തെ വിശ്വസിച്ചവരേയും അക്രമം ചെയ്ത് പുറത്താക്കിയ പട്ടണവാസികളായിരുന്നു മക്കക്കാർ. അവർ അതുകൊണ്ട് മതിയാക്കിയില്ല പിന്നീട് നിരന്തരം ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തു. പക്ഷേ, അല്ലാഹു ഉദ്ദേശിക്കുന്നതും അല്ലാഹു തീരുമാനിച്ചതും തന്നെയാണ് നടക്കുന്നത്. പിന്നീട് അല്ലാഹുവിന്റെ വിധിയാൽ മക്കാവിജയവുമുണ്ടായി. നബി(സ)തിരുമേനി വിജയശ്രീലാളിതനായിക്കൊണ്ട് ആ പട്ടണത്തിൽ പ്രവേശിച്ചു. പക്ഷേ, ഏതവസ്ഥയിലായിരുന്നു അത്? ചരിത്രം പറയുന്നത് നബി(സ)തിരുമേനി പതിനായിരം പരിശുദ്ധന്മാരോടൊപ്പം മക്കയിൽ പ്രവേശിച്ചു എന്നാണ്. (സീറത്ത് ഇബ്നു ഹിശാം) ആ ദിവസം നബി(സ) തിരുമേനിക്ക് വളരെ സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും മഹത്ത്വത്തിന്റേയും ദിവസമായിരുന്നു. എന്നാൽ, നബി(സ)തിരുമേനി അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളുടെ വെളിപ്പെടുത്തലിൽ ദൈവവഴിയിൽ വിനയത്തിന്റെ അങ്ങേയറ്റത്തെ സ്ഥാനത്താണ് എത്തിയിരുന്നത്. അല്ലാഹു എത്രമാത്രം ഉയർത്തിയോ അവിടന്ന് വിനയത്തിൽ അത്രമാത്രം കുനിഞ്ഞുകൊണ്ട് പോയി. എത്രത്തോളമെന്നാൽ, വിജയശ്രീലാളിതനായി അവിടന്ന് മക്കയിൽ പ്രവേശിച്ചപ്പോൾ അവിടത്തെ ശിരസ്സ് കുനിഞ്ഞ് കുനിഞ്ഞ് ഒട്ടകക്കട്ടിലിൽ ചെന്നു മുട്ടിയിരുന്നു. (സീറത്ത് ഇബ്നു ഹിശാം)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്തുത സംഭവം വിവരിക്കുന്ന ഇപ്രകാരമാണ്: "ഔന്നത്യം അത് അല്ലാഹുവിന്റെ പ്രത്യേക ദാസർക്ക് നല്കപ്പെടുന്നതാണ്."(ഉന്നതിയും വിജയവും)"അത് വിനയത്തിന്റെ വർണത്തിലായിരിക്കും. ശയ്ത്വാന്റെ ഉന്നതി അഹങ്കാരം കലർന്നതായിരിക്കും." അവൻ അഹങ്കരിക്കുന്നു. അവിടന്ന് പറയുന്നു: 'നോക്കൂ! നമ്മുടെ നബി(സ)തിരുമേനി മക്കയെ ജയിച്ചടക്കിയപ്പോൾ അതേ മക്കയിലുണ്ടായ എതിർപുകളുടേയും വിപത്തുകളുടേയും ബുദ്ധിമുട്ടുകളുടേയും ദിനങ്ങളിൽ കുനിയുകയും സുജൂദു ചെയ്യുകയും ചെയ്തിരുന്ന തുപോലെ തന്റെ ശിരസ് കുനിക്കുകയും സുജൂദ് ചെയ്യുകയും ചെയ്തിരുന്നു.'(മൽഫൂദാത്ത് വാള്യം 4 പേജ് 65 1985 ലണ്ടൻ പതിപ്പ്)

നബി(സ)തിരുമേനിയുടെ വിനയം സ്മരിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉപദേശിക്കുന്നു:'പൊങ്ങച്ചത്തിൽനിന്നും അഹങ്കാരത്തിൽനിന്നും അഹംഭാവത്തിൽനിന്നും വിട്ടു നില്ക്കേണ്ടതാണ്. വിനയവും എളിമയും സ്വായത്തമാക്കേണ്ടതാണ്. നോക്കൂ! നബി(സ)തിരുമേനി യഥാർത്ഥത്തിൽ ഏറ്റവും വലിയ ആളും മഹത്ത്വത്തിന് അർഹനുമായിരുന്നു. ആ മഹാത്മാവിന്റെ വിനയത്തിന്റേയും എളിമയുടേയും ഒരു മാതൃക വിശുദ്ധ ഖുർആനിലുണ്ട്. എഴുതിയിരിക്കുന്നു, ഒരു അന്ധൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ വന്ന് വിശുദ്ധ ഖുർആൻ പഠിക്കാറുണ്ടായിരുന്നു. ഒരു ദിവസം ആ മഹാത്മാവിന്റെ അടുക്കൽ മക്കയിലെ ഉന്നത വ്യക്തികളും നഗരനേതാക്കളും കൂടിയിരിക്കുകയായിരുന്നു. നബി(സ)തിരുമേനി അവരുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. തിരക്കുകൊണ്ട് കുറെ നേരം കഴിഞ്ഞതിനാൽ ആ അന്ധൻ എഴുന്നേറ്റുപോയി. ഇതൊരു നിസാര കാര്യമായിരുന്നു. അല്ലാ

ഹു അതു സംബന്ധമായി സൂറത്ത് ഇറക്കി. അപ്പോൾ നബി(സ)തിരുമേനി അയാളുടെ വീട്ടിൽ പോയി. അയാളെ കൂട്ടിവന്ന് തന്റെ പുതപ്പ് വിരിച്ച് അയാളെ അതിലിരുത്തി." പറയുന്നു:"യഥാർഥ കാര്യം എന്താണെന്നാൽ ആരുടെ മനസ്സുകളിലാണോ ദൈവമഹത്വം ഉണ്ടാകുന്നത് അവർക്ക് നിർബന്ധമായും വിനയനും എളിമയുള്ളവനും ആകേണ്ടി വരുന്നു. കാരണം അവർ അല്ലാഹുവിന്റെ ആരേയും ആശ്രയിക്കാത്ത അവസ്ഥയെ എപ്പോഴും വിറച്ചും പേടിച്ചും ഇരിക്കുന്നു." പിന്നീട് ഒരു ഫാർസിയിലെ പദ്യത്തിലെ ഒരു വരി അവിടന്ന് വിവരിച്ചു: "ആനാൻക ആരിഫ് തറാനദ് തർസാൻ തർ" ആരിഫായിട്ടുള്ളവർ-കൂടുതൽ തിരിച്ചറിവുള്ളവർ കൂടുതൽ അല്ലാഹുവിനെ ഭയപ്പെടുന്നു."കാരണം അല്ലാഹു നല്കുന്നതുപോലെ തന്നെ പിടിക്കുന്നവനുമാണ്."എപ്രകാരം അല്ലാഹു വിവേകം നല്കി അനുഗ്രഹിക്കുന്നവനാണോ അപ്രകാരം ചില കാര്യങ്ങളിൽ പിടിക്കുന്നവനുമാണ്. പറയുന്നു: ഏതെങ്കിലും പ്രവൃത്തികൊണ്ട് ദ്വേഷപ്പെട്ടാൽ നിമിഷത്തിനുള്ളിൽ എല്ലാ തൊഴിൽശാലയും നശിച്ചൊടുങ്ങുന്നതാണ്." അവിടന്ന് പറയുന്നു: 'ഇക്കാര്യങ്ങളിൽ ചിന്തിക്കേണ്ടതാണ്. ഇവ ഓർമവെക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.'(മൽഫൂദാത്ത് വാള്യം 10 പേജ് 343-344 1985 ലണ്ടൻ പതിപ്പ്)

നബി(സ)തിരുമേനിയുടെ സവിശേഷ ഗുണങ്ങൾ എല്ലാ ഗുണത്തേയും പൂർണമായും വലയം ചെയ്തിട്ടുള്ളതാണ്. അതെല്ലാം ഒരു മജ്‌ലിസിൽ എന്നല്ല പല മജ്‌ലിസുകളിൽ വിവരിച്ചാലും തീരുകയില്ല. ഇപ്പോൾ അവിടത്തെ ജീവിതത്തിന്റെ മറ്റൊരു മനോഹരമായ വശം അത് അത്യന്തം സദാചാര നിഷ്ഠയുടേതാണ് വിവരിക്കുന്നതാണ്.

ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയെക്കാൾ വലിയ ധൈര്യശാലിയേയോ, ആദരണീയനേയോ, ധർമശീലനേയോ, തേജസുള്ള വ്യക്തിയേയോ കണ്ടിട്ടില്ല.' (സുനനുദ്ദാരിമി)

സ്വഹാബാക്കൾക്ക് നബി(സ)തിരുമേനിയുടെ സവിശേഷതകൾ വിവരിക്കാൻ ശക്തി തന്നെ ഇല്ലായിരുന്നുവെന്നാണ് തോന്നുന്നത്. ഒരു ഉന്നതമായ ഗുണം വിവരിക്കാൻ ശ്രമിക്കുമ്പോൾ നാലെണ്ണം തെളിഞ്ഞു മുന്നിൽ വരുന്നു.

വേറൊരു നിവേദനമുണ്ട്. നബി(സ)തിരുമേനിയോടു ചില അൻസ്വാർ കുറച്ചു ചോ ദിച്ചു. അവർക്കു നല്കി. അവർ വീണ്ടും ചോദിച്ചു. വീണ്ടും നല്കി. അവർ വീണ്ടും ചോദിച്ചു. നബി(സ)തിരുമേനി വീണ്ടും നല്കി. അങ്ങനെ നബി(സ)തിരുമേനിയുടെ കൈയിൽ ഉണ്ടായിരുന്നതെല്ലാം തീർന്നു. നബി(സ) തിരുമേനി പറഞ്ഞു:'എന്റെ കൈ യിലുള്ള ധനം ഞാൻ നിങ്ങളിൽനിന്ന് തടഞ്ഞു വെക്കുകയില്ല. (സ്വഹീഹുൽ ബു ഖാരി കിതാബുസ്സക്കാത്ത്)

ഒരിക്കൽ നബിയുടെ കൈയിൽ എവിടെനിന്നോ തൊണ്ണൂറായിരം ദിർഹം വന്നു. അത് അവിടെത്തന്നെ അവിടന്ന് വിതരണം ചെയ്തു.(ഉയൂനുൽ അഥർ വാള്യം 2 പേജ് 398)

ഒരു അവസരത്തിൽ വന്ന ഒരാൾക്ക് താഴ്വര മുഴുവൻ നിറഞ്ഞുനിന്ന വലിയൊരു ആട്ടിൻ പറ്റം ദാനം നല്കി. (സ്വഹീഹ് മുസ്‌ലിം കിതാബുൽ ഫളായിൽ)

ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുത്ത് ബഹ്റയ്നിൽനിന്ന് ധനം കൊണ്ടുവരപ്പെട്ടു. അത് കുന്നു കണക്കിനായിരുന്നു. അവിടെ മസ്ജിദിൽ അത് കൂട്ടിയിട്ടു. അവിടന്ന് നമസ്കരിക്കാൻ വന്നപ്പോൾ അങ്ങോട്ടു നോക്കിയില്ല. നമസ്കാരം കഴിഞ്ഞപ്പോൾ അതു മുഴുവനും വിതരണം ചെയ്തു.(സ്വഹീഹുൽ ബുഖാരി കിതാബുസ്സ്വലാത്ത്)

ചില ഗ്രാമീണരായഅറബികൾ ചലപ്പോൾ അലോസരമായും അപമര്യാദയോടുംകൂടി ആ മഹാത്മാവിനോടു ചോദിക്കാൻ കാരണം അവിടത്തെ മൃദുഭാവവും ധർമനിഷ്ഠയുംതന്നെയായിരുന്നു. പക്ഷേ, സർവിധ ശക്തിയും തനിക്കുണ്ടായിട്ടും നബി(സ)തിരുമേനി അവരുടെ അപമര്യാദയോടുയുള്ള പെരുമാറ്റം അവഗണിച്ചു കളയുകയും ദാനം നല്കുകയും ചെയ്തിരുന്നു. (സ്വഹീഹുൽ ബുഖാരി കിതാബുൽ ജിഹാദ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വിഷയം പ്രതിപാദിച്ചുകൊണ്ടു പറയുന്നു:നബിമാരുടേയും വൊലിമാരുടേയും മേൽ ഞെരുക്കത്തിന്റെ കാലവും വരാറുണ്ട്. ഐശ്വര്യങ്ങളുടേയും വിജയങ്ങളുടേയും കാലവും വരാറുണ്ട്. പറയുന്നു, എല്ലാ തരത്തിലുള്ള അവസ്ഥകളിലും അവരുടെ ജീവിതമാതൃക ലോകത്തിന്റെ മുമ്പിൽ വരുന്നതിന് ഈ രണ്ടു കാലവും വരേണ്ടത് നിർബന്ധമാണ്. ലൗകികൻ ഞെരുക്കത്തിന്റേയും ബലഹീനതയുടേയും കാലഘട്ടത്തിൽ പരാജയപ്പെടുകയും ചെയ്യാറുണ്ട്. പ്രയാസങ്ങളിൽ അകപ്പെട്ടാൽ അല്ലാഹുവിലേക്കും കുനിയാറുണ്ട്. ജനങ്ങളോടു നല്ല നിലയിൽ പെരുമാറാറുമുണ്ട്. കഴിവിനനുസരിച്ച് സാധുക്കളെ സഹായിക്കുകയും ചെയ്യുന്നു. തന്നെ പീഡിപ്പിക്കുന്നവർക്കെതിരിൽ മറുപടി കൊടുക്കാൻ കഴിവില്ലാത്ത കാരണത്താൽ നിശബ്ദത പാലിക്കുകയും ചെയ്യുന്നു. തങ്ങൾ ക്ഷമിച്ചുവെന്നും സഹനം കാണിച്ചുവെന്നും പറയുകയും ചെയ്യുന്നു. പക്ഷേ, അവർക്ക് അധികാരവും ശക്തിയും കൈവന്നാൽ ആ നേരത്ത് ജനങ്ങളെ ശ്രദ്ധിക്കുകയും ഉൽകൃഷ്ട സ്വഭാവം പ്രദർശിപ്പിക്കുന്നതും മാപ്പു നല്കുന്നതുമാണ് യഥാർഥമായ സൽഗുണം. അതിനാൽ ബലഹീനതയുടേയും ശക്തിയുടേയും അവസ്ഥകൾത്തന്നെയാണ് യഥാർഥത്തിൽ ഒരാളുടെ സൽസ്വഭാവം അളക്കുന്നതിനുള്ള അളവുകോൽ.' അവിടന്ന് പറഞ്ഞു, ശക്തിയും വിജയിയാകുന്നതും അധികാരം ഉണ്ടാകേണ്ടതും അതുകൊണ്ട് നിർബന്ധമാണ്. "കാരണം തന്നെ പീഢിപ്പിച്ചവർക്ക് പൊറുത്തുകൊടുക്കുകയും തന്നെ ദ്രോഹിച്ചവർക്ക് വിട്ടു വീഴ്ച ചെയ്യുകയും സ്വന്തം ശത്രുക്കളെ സ്നേഹിക്കുകയും തനിക്ക് നഷ്ടമുണ്ടാകണമെന്നാഗ്രഹിക്കുന്നവരുടെ നന്മ ആഗ്രഹിക്കുക്കുകയും സമ്പത്തിനോടു ഭ്രമം ഉണ്ടാകാതിരിക്കലും സ്വത്തുകൊണ്ട് അഹങ്കരിക്കാതിരിക്കലും ധനാഢ്യത്വത്തിൽ പിശുക്കും ലോഭവും സ്വീകരിക്കാതിരിക്കലും ഉദാരതയുടേയും ദാനധർമങ്ങളുടേയും പൊറുത്തുകൊടുക്കലിന്റേയും വാതിൽ തുറന്നിടുകയും സമ്പത്തിനെ സ്വാർഥതയ്ക്കുള്ള മാർഗം ആക്കാതിരിക്കുകയും ഭരണത്തെ അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ആയുധമാക്കാതിരിക്കുകയും തുടങ്ങിയുള്ള ഈ എല്ലാ സ്വഭാവങ്ങളും എങ്ങനെയുള്ളതാണെന്നാൽ ഇതിന്റെ തെളിവിനായി സമ്പന്നനും ശക്തവാനും ആയിരിക്കേണ്ടത് നിബന്ധനയാണ്. ഇതു തെളിവായിത്തീരുന്നത് മനുഷ്യന് സമ്പത്തും അധികാരവും കൈവരുമ്പോഴാണ്. അതിനാൽ വിപത്തുകളുടേയും ദുർദശയുടേയും സമ്പത്തിന്റേയും അധികാരത്തിന്റേയും കാലം കൂടാതെ ഈ രണ്ടുരീതിയിലുള്ള സ്വഭാവങ്ങളും പ്രകടമാകുകയില്ല. അതുകൊണ്ട് ദൈവത്തിന്റെ സമ്പൂർണമായ യുക്തി ആഗ്രഹിച്ചത് നബിമാരേയും വൊലിമാരേയും ഈ രണ്ടു തരത്തിലുള്ള കാലത്തിന്റെ അവസ്ഥകളിലൂടെ -അതാണെങ്കിൽ ആയിരക്കണക്കിന് നിഅ്മത്തുകൾ അടങ്ങിയതാണ് ഫലമെടുപ്പിക്കണമെന്നാണ്. പക്ഷേ, ഈ രണ്ടു അവസ്ഥകളുടേയും സംഭവിക്കുന്ന കാലം എല്ലാവർക്കും ഒരു ക്രമപ്രകാരമായിരിക്കുകയില്ല. പ്രത്യുത ദൈവികയുക്തി ചിലർക്ക് സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും കാലം ജീവിതത്തിന്റെ ആദ്യകാലത്ത് നല്കുകയും ബുദ്ധിമുട്ടുകളുടെ കാലം പിന്നീട് നല്കുകയും ചെയ്യുന്നു. ചിലർക്ക് ആദ്യ കാലങ്ങളിൽതന്നെ ബുദ്ധിമുട്ടുകളുണ്ടാകുന്നു. അവസാനം ദൈവിക സഹായം വന്നുചേരുകയും ചെയ്യുന്നു. ചിലരിൽ ഈ രണ്ട് അവസ്ഥകളും മറഞ്ഞിരിക്കും. ചിലരിൽ സമ്പൂർണ പദവിയിലായിരിക്കും പ്രകടനവും വെളിപ്പെടലും ഉണ്ടാകുന്നത്. ഇതു സംബന്ധമായി ഏറ്റവും ആദ്യത്തെ ചുവട് ഹദ്റത്ത് ഖാത്തുർറുസുൽ മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയുടേതാണ്. കാരണം നബി(സ)തിരുമേനിയുടെമേൽ അങ്ങേയറ്റം വ്യക്തതയോടെ ഈ രണ്ടു അവസ്ഥകളും ഉണ്ടായി. എത്രമാത്രം ക്രമീകരണത്തോടെ ഉണ്ടായെന്നാൽ അതുമുഖേന നബി(സ) തിരുമേനിയുടെ എല്ലാ ഉൽകൃഷ്ടസ്വഭാവങ്ങളും സൂര്യപ്രകാശംപോലെ തെളിമയാർന്നതായിത്തീർന്നു. ഇന്നക്ക ലഅലാ ഖുലുഖിൻ അളീം(68:5)എന്ന വിഷയം അതിന്റെ ഉച്ചിയിൽ എത്തപെട്ടു. നബി(സ) തിരുമേനിയുടെ സൽസ്വഭാവങ്ങളുടെ രണ്ടു ഘട്ടവും സമ്പൂർണമായും സ്ഥാപിതമാകുക എന്നത് എല്ലാ നബിമാരുടേയും സൽസ്വഭാവങ്ങളേയും സ്ഥാപിക്കുന്നതാണ്. കാരണം നബി(സ)തിരുമേനി അവരുടെ നുബുവ്വത്തിനേയും അവരുടെ ഗ്രന്ഥങ്ങളേയും സാക്ഷ്യപ്പെടുത്തി. അവർ ദൈവസാമീപ്യം പ്രാപിച്ചവരാണെന്നത് വെളിപ്പെടുത്തുകയും ചെയ്തു." (ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസായിൻ വാള്യം 1 പേജ് 282-285 അടിക്കുറിപ്പ് നമ്പർ 11)

നന്ദി പ്രകടനം ഒരു ഉന്നതമായ ഗുണമാണ്. ഇതിന്റെ ശരിയായ ഗ്രാഹ്യവും ഇതിന്റെ ഉന്നതനിലവാരവും നമുക്ക് നബി(സ)തിരുമേനിയുടെ ജീവിതത്തിൽ കാണാൻ കഴിയുന്നു. അവിടന്ന് അല്ലാഹുവിനോടുള്ള നന്ദിയുടേയും സമസൃഷ്ടികളോടുള്ള നന്ദിയുടേയും ഉന്നതമാതൃക സ്ഥാപിക്കുകയുണ്ടായി. നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു: 'അല്ലഹുവേ!എന്നെ നീ നിന്നോടു നന്ദികാണിക്കുന്നവനും നിന്നെ സ്മരിക്കുന്നവനുമാക്കിയാലും.' (സുനൻ അബീദാവൂദ് അബ്‌വാബുൽ വിത്ർ)

പുതുമഴ പെയ്യുമ്പോൾ അവിടന്ന് അതിന്റെ തുള്ളികൾ തന്റെ നാവിലെടുത്തിരുന്നു. ഈ നിഅ്മത്തിന് അല്ലാഹുവിന് നന്ദി കാണി

ക്കേണ്ടത് ഈ രീതിയിലാണ്. അവിടത്തെ ഭക്ഷണം അങ്ങേയറ്റം ലളിതമായിരുന്നു. പക്ഷേ, അതിനുശേഷം അല്ലാഹുവിന് അതിരല്ലാതെ നന്ദി പറയുമായിരുന്നു. ഈ ദുആ നമ്മളേയും അവിടന്ന് പഠിപ്പിച്ചു. ചിലപ്പോൾ ഒരു ഈത്തപ്പഴംകൊണ്ട് റൊട്ടിതിന്നും. ചിലപ്പോൾ സുർക്ക കൂട്ടിയായിരിക്കും റൊട്ടി കഴിക്കുന്നത്. അല്ലാഹു തിന്നാനും കുടിക്കാനും സാധനങ്ങൾ തന്നതിന് അവന് നന്ദിയും പറയും. (സ്വഹീഹുൽ ബുഖാരി കിതാബുൽ അത്അമത്തി) പുതുവസ്ത്രങ്ങൾ ധരിക്കുമ്പോഴും അല്ലാഹുവിന് ശുക്ർ ചെയ്യുമായിരുന്നു.(സുനനുത്തുർമുദി, കിതാബുല്ലിബാസ്) ഏതൊരു കാര്യവും ഉപയോഗിക്കുന്നതിനു മുമ്പേ അല്ലാഹുവിനെ പുകഴ്ത്താതെയും അവന് നന്ദി പറയാതെയും ഇരിക്കുകയില്ല. ആ മഹാത്മാവിനെ തന്റെ ഇബാദത്തിൽ നിലവിളിക്കുന്നതു കണ്ടിട്ട് അങ്ങ് ആരാധനയിൽ നില്ക്കുകയും കാല് നീരുവന്ന് വീർക്കുകയും ചെയ്യുന്നു, സുജൂദുകളിൽ അങ്ങേയറ്റം അസ്വസ്ഥനാകുന്നു, തറ കണ്ണീരുകൊണ്ട് നനയുന്നു, അങ്ങയുടെ കഴിഞ്ഞതും വരാനുള്ളതുമായ എല്ലാപാപങ്ങളും അല്ലാഹു പൊറുത്തുതന്നതാണ്, ഇനി ഒരു പാപവും അങ്ങയിൽനിന്നുണ്ടാകുകയില്ല, മുമ്പേ ഒരിക്കലും ഉണ്ടായിട്ടുമില്ല, പിന്നെന്തിനാണ് ഇത്രമാത്രം കരയുന്നതും നിലവിളിക്കുന്നതും? എന്ന് ചോദിച്ചപ്പോൾ പറഞ്ഞു:അല്ലാഹു എന്നെ ഇത്രമാത്രം അനുഗ്രഹിച്ചിരിക്കെ ഞാൻ അവന്റെ നന്ദിയുള്ള ദാസനായിക്കൊണ്ട് അവന്റെ മുമ്പിൽ കരയണ്ടേ?(സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീറുൽ ഖുർആൻ)

മനുഷ്യരോടുള്ള നന്ദി കാണിക്കുന്നതിന്റെ നിലവാരമെന്തായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)നബി(സ)തിരുമേനിയുടെ കുട്ടിക്കാല സുഹൃത്തായിരുന്നു. അദ്ദേഹം എല്ലാ പ്രയാസത്തിന്റെ നേരത്തും നബി(സ) തിരുമേനിയുടെ ഒപ്പം നിന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വികാരങ്ങളെ അങ്ങേയറ്റം ശ്രദ്ധിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഒരു വ്യക്തി എന്തോ അഭിപ്രായ ഭിന്നതകാരണത്താൽ അബൂബക്കർ(റ)നെ എന്തോ പറഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു:അല്ലാഹു എന്നെ നിയോഗിച്ചയപ്പോൾ എല്ലാവരും എന്നെ കള്ളനെന്ന് പറഞ്ഞു. അബൂബക്കർ ഞാൻ സത്യവാനാണെന്ന് സാക്ഷി പറയുകയും തന്റെ ജീവൻകൊണ്ടും തന്റെ ധനംകൊണ്ടും എന്നെ സഹായിക്കുകയും ചെയ്തു. താങ്കൾ എന്റെ കൂട്ടുകാരനെ വേദനിപ്പിക്കുന്നതിൽനിന്ന് പിന്മാറുകയില്ലേ? അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു, എന്റെമേൽ ഏറ്റവും കൂടുതൽ ഔദാര്യം ചെയ്തത് അബൂബക്കറാണ്. (സ്വഹീഹ് ബുഖാരി കിതാബുത്തഫ്സീർ)നബി(സ) തിരുമേനിയുടെമേൽ ആരെന്ത് ഔദാര്യം ചെയ്യാനാണ്. ആ മഹാത്മാവിനുവേണ്ടി എന്തെങ്കിലും ത്യാഗം ചെയ്യുക എന്നത് ത്യാഗം ചെയ്യുന്നവർക്ക് ബഹുമതിയായിരുന്നു. പിന്നീട് ബാഹ്യമായ നിലയിലും അവിടന്ന് എല്ലാ ഓരോ സേവനത്തിനും പകരം വളരെയധികം മടക്കി നല്കിയിരുന്നു. പക്ഷേ, എന്നിട്ടും നന്ദിയുടെ വികാരങ്ങളുടെ പ്രകടനം അവിടന്ന് ചെയ്തുകൊണ്ടിരിക്കുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഖദീജയെ കുറിച്ച് നിരന്തരം സ്തുതിച്ചു പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഹദ്റത്ത് ആയിശ(റ)പറഞ്ഞു:താങ്കളെന്തിനാണ് എപ്പോഴും ആ വയസ്സിയെ കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. അല്ലാഹു താങ്കൾക്ക് അതിനെക്കാൾ നല്ല ഭാര്യമാരെ തന്നിട്ടുണ്ടല്ലോ? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:ആളുകൾ എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സ്വീകരിച്ചു. ആളുകൾ എന്നെ നിഷേധിച്ചപ്പോൾ അവർ എന്നിൽ വിശ്വസിച്ചു. എനിക്ക് പണം നിഷേധിച്ചപ്പോൾ എന്നെ സഹായിച്ചു. എനിക്കും അല്ലാഹു മക്കളെ തന്നതും അവരിൽനിന്നാണ്.'(അസദുൽ ഗാബഃ അൽജുസുഉസ്സാബിഅ്). തന്റെ ഭർത്താവിനുവേണ്ടി ഖദീജാ ചെയ്ത ആ സേവനങ്ങളെ അവിടന്ന് ഒരിക്കലും മറന്നില്ല. അതിനെ ഔദാര്യമായി മനസ്സിലാക്കി. എപ്പോഴും അതിന് നന്ദി പറഞ്ഞുകൊണ്ടിരുന്നു. ഭാര്യമാരുടെ ധനം തിന്നുകയും എന്നിട്ട് ഞാൻ ഇതുവരെ നിനക്ക് ഭാര്യയുടെ സ്ഥാനം നല്കിയിരിക്കുന്നുവെന്ന് പറയുകയും ചെയ്യുന്ന ഇക്കാലത്തെ ഭർത്താക്കന്മാർക്കും ഇതിൽ പാഠമുണ്ട്.

സത്യനിഷേധികളുടെ അക്രമം കാരണത്താൽ ഹിജ്റത്ത് ചെയ്ത മുസ്ലീംകൾക്ക് തന്റെ രാജ്യത്ത് അഭയം നല്കിയ ഹബ്ശയിലെ നജ്ജാശി രാജാവിന്റെ ഔദാര്യത്തെ നബി(സ)തിരുമേനി എപ്പോഴും ഓർക്കുമായിരുന്നു. എല്ലാ വാക്കുകളും കർമങ്ങളും കൊണ്ട് അദ്ദേഹത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു പ്രതിനിധി സംഘം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ അവിടന്ന് അവരെ സ്വീകരിക്കുന്നതിനുവേണ്ടി സ്വയം എഴുന്നേറ്റു നിന്നു. സ്വാഗതം ചെയ്യാൻ തങ്ങൾ മതിയെന്നും തങ്ങൾ എഴുന്നേറ്റുനില്ക്കാമെന്നും സ്വഹാബാക്കൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു, രാജാവ് നമ്മുടെ കൂട്ടുകാരെ ആദരിച്ചിരുന്നു. അവരോടു നല്ലരീതിയിൽ പെരുമാറിയിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ ഔദാര്യത്തിന്, സ്വയം പ്രതിദാനം ചെയ്യുന്നത് ഞാൻ ഇഷ്ടപ്പെടുന്നു.'(സീറത്തുൽ ഹൽബിയ്യ വാല്യം 3 പേജ് 72)

പിന്നീട് നമ്മൾ നബി(സ)തിരുമേനിയെ സൽസ്വഭാവങ്ങളുടെ അധ്യാപകൻ എന്ന നിലയിൽ നോക്കുമ്പോൾ അവിടേയും അവിടത്തെ ജീവിതത്തിന്റെ അത്ഭുതകരമായ തേജോവിലാസമാണ് കാണുന്നത്. ഒരു അവസരത്തിൽ ഹദ്റത്ത് ആയിശ(റ) ഹദ്റത്ത് സ്വഫിയ(റ)യുടെ ഉയരം കുറവിലേക്ക് സൂചന നല്കിക്കൊണ്ട് പരിഹാസരൂപേണ എന്തോ പറഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'ആയിശാ! സമുദ്രത്തിൽ കലർത്തുകയാണെങ്കിൽ അതിനേയും മോശമാക്കും വിധമുള്ള വാക്യമാണ് നീ പറഞ്ഞത്.'(സുനനുത്തുർമുദി)

കുട്ടികൾക്ക് ശിക്ഷണം നല്കുന്നതിനും ഉൽകൃഷ്ട സ്വഭാവം പഠിപ്പിക്കുന്നതിനുമുള്ള നബി(സ)തിരുമേനിയുടെ മാതൃക എന്തായിരുന്നു. ഒരു സ്വഹാബി അബ്ദുല്ലാഹ് ബിൻ ആമീർ വിവരിക്കുന്നു: ഒരിക്കൽ നബി(സ) തിരുമേനി ഞങ്ങളുടെ വീട്ടിൽ വന്നു. ഞാൻ അന്ന് ചെറുതായിരുന്നു. കളിക്കുന്നതിനുവേണ്ടി ഞാൻ പുറത്തുപോകാനിറങ്ങി. അപ്പോൾ എന്റെ ഉമ്മ അബ്ദുല്ലാഹ് ഇവിടെ വരിക, നിനക്കൊരു സാധനം തരാമെന്ന് പറഞ്ഞു. നീ എന്തെങ്കിലും അവന് കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് നബി(സ)തിരക്കി. ഞാൻ ഈത്തപ്പഴം കൊടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് എന്റെ ഉമ്മ പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു, യഥാർഥത്തിൽ ഇതുകൊടുക്കാൻ നീ തീരുമാനിച്ചിട്ടില്ലായിരുന്നെങ്കിൽ വെറും കുട്ടിയെ വിളിക്കുക എന്നതായിരുന്നു ഉദ്ദേശ്യമെങ്കിൽ നിനക്ക് കള്ളം പറഞ്ഞതിന്റെ പാപമുണ്ടാകുമായിരുന്നു. കളവ് അല്ലാഹുവിന്റെ പക്കൽ വൻപാപമാണ്.(സുനൻ അബൂദാവൂദ് കിതാബുൽ അദബ്)

തന്നെ വിശ്വസിക്കുന്നവരിൽ നബി(സ)തിരുമേനി ആഗ്രഹിച്ച സത്യം സ്ഥാപിക്കുന്നതിനുള്ള നിലവാരമാണിത്. അയൽവാസികളോടു നല്ല രീതിയിൽ പെരുമാറേണ്ടതിന്റെ ഇസ്ലാമികാധ്യാപനമുണ്ട്. ഇതു സംബന്ധമായി എങ്ങനെയാണ് അവിടന്ന് ശിക്ഷണം നല്കിയത്? നബി(സ)തിരുമേനിയോട് ഒരിക്കൽ ആരോ ചോദിച്ചു:അല്ലാഹുവിന്റെ ദൂതരേ! ഞാൻ നല്ലതാണോ ചീത്തയാണോ ചെയ്യുന്നതെന്ന് എനിക്ക് എങ്ങനെയാണ് അറിയാൻ കഴിയുക? നബി(സ)തിരുമേനി പറഞ്ഞു: നീ വളരെ നല്ലവനാണെന്ന് നിന്റെ അയൽവാസി പറയുന്നത് നീ കേട്ടാൽ നിന്റെ കർമ രീതി നല്ലതാണെന്ന് നീ മനസ്സിലാക്കിക്കൊള്ളുക. നീ വളരെ മോശക്കാരനാണെന്ന് നിന്റെ അയൽവാസി പറയുന്നത് നീ കേട്ടാൽ നിന്റെ കർമരീതി മോശമാണെന്ന് നീ മനസ്സിലാക്കിക്കൊള്ളുക. നീ തെറ്റാണ് ചെയ്തുകൊണ്ടിരിക്കുന്നത്.' (സുനൻ ഇബ്നുമാജ)

ഞാനിപ്പോൾ സമർപിച്ചത് നബി(സ)തിരുമേനിയുടെ ചില കാര്യങ്ങളാണ്. ചില മാതൃകകളാണ്. ഏതു സൽസ്വഭാവത്തിലും അവിടന്ന് ഉത്തമമായ നിലയിലായിരുന്നു ഉണ്ടായിരുന്നത്. ഇതുതന്നെയാണ് അവിടന്ന് തന്നെ വിശ്വസിക്കുന്നവരിലും കാണാൻ ആഗ്രഹിച്ചിരുന്നത്. നമ്മൾ വെറും നാവുകൊണ്ടുള്ള വാദക്കാരാകാതെ നബി(സ)തിരുമേനിയുടെ ജീവിതമാതൃകയിൽ ചലിച്ചുകൊണ്ട് യഥാർഥ കർമങ്ങളനുഷ്ഠിക്കുന്നവരും നമ്മുടെ പൊറുക്കലിനുള്ള കാര്യങ്ങൾ ചെയ്യുന്നവരുമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

## വാക്കു പാലനം

“അബ്ദുല്ലാഹ് ബിൻ അബിൽ ഹംസാഅ്(റ) പറയുന്നു: ‘ദൗത്യപ്രഖ്യാപനത്തിനു മുമ്പേ ഞാൻ നബി(സ)യുമായി ഒരു കച്ചവടം നടത്തിയിരുന്നു. കുറച്ചു പണം ബാക്കി കൊടുക്കാനുണ്ടായിരുന്നു. ആ പണം ഇന്ന സ്ഥലത്തു വന്നാൽ ഞാൻ തരാം എന്ന് നബി(സ)യോടു പറഞ്ഞു. പിന്നീട് ഞാൻ ചെയ്ത വാഗ്ദാനം മറന്നുപോയി. 3 ദിവസത്തിനു ശേഷമാണ് എനിക്കതു ഓർമ വന്നത്. ഞാൻ അവിടെ എത്തിയപ്പോൾ നബി(സ)യെ കണ്ടു. നബി(സ)പറഞ്ഞു, ഹേ ചെറുപ്പക്കാരാ! താങ്കൾ എന്നെ കഠിനമായ ദുരിതത്തിൽ അകപ്പെടുത്തി. ഞാൻ 3 ദിവസമായി താങ്കളെ ഇവിടെ കാത്തു നില്ക്കുന്നു.”

# നബി ﷺ തിരുമേനിയുടെ ജീവചരിതം നീതിപാലനത്തിന്റെ വെളിച്ചത്തിൽ

**മുഹമ്മദു ഇനാം ഗോറി(നാളിർ അഅ്‌ലാ)**
**പരിഭാഷ: മൗലവി മുഹമ്മദ് ആരിഫ്**

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا كُوۡنُوۡا قَوّٰمِيۡنَ لِلّٰهِ شُهَدَآءَ بِالۡقِسۡطِ‌ۚ وَلَا يَجۡرِمَنَّكُمۡ شَنَاٰنُ قَوۡمٍ عَلٰٓى اَلَّا تَعۡدِلُوۡا‌ ؕ اِعۡدِلُوۡا هُوَ اَقۡرَبُ لِلتَّقۡوٰى

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏററവും അടുത്തതാണ്.(5:9)

അദ്ൽ എന്നതിന്റെ മൂലാർഥം ഇരുഭാഗത്തോടും തുല്യമായിരിക്കുക എന്നതാണ്. അമിതത്വത്തിൽനിന്നും അതിമിതത്വത്തിൽനിന്നും മുക്തമായി മധ്യമാർഗത്തെ അവലംബിക്കുന്നതിനെയാണ് സന്തുലനാവസ്ഥ എന്നു പറയുന്നത്.

നീതിയെയും ന്യായത്തെയും കുറിക്കാൻ വിശുദ്ധ ഖുർആൻ ഉപയോഗിച്ച മറ്റൊരു പദം 'ഖിസ്ത്' എന്നതാണ്. ഞാൻ പാരായണം ചെയ്ത് വിശുദ്ധ ഖുർആനിലെ സൂറ: മായിദയിലെ ഒമ്പതാം വചനത്തിലും അദ്ൽ, ഖിസ്ത് എന്നീ രണ്ടു പദങ്ങളും പ്രയുക്തമായിട്ടുണ്ട്. സമാനർഥങ്ങളുള്ള പദങ്ങളാണിവയെങ്കിലും രണ്ടു വ്യക്തികളോട് സമഭാവനയോടെ പെരുമാറുന്നതിനെയാണ് അദ്ൽ എന്നു പറയുന്നത്. അതേ സമയം ഖിസ്ത് എന്ന പദത്തിൽ മറ്റേ വ്യക്തിയോട് ഒരു ഏറ്റുവാങ്ങൽ ഉണ്ടാകുന്നു. അതായത്, ഒരാളോടുള്ള കടമകളിൽ ഒരു കുറവും വരുത്താതെ പൂർണ്ണമായി നിർവ്വഹിക്കുക എന്നതാണത്.

നബി(സ)തിരുമേനി നിയോഗിതനായപ്പോൾ നീതിയുടെ തരിമ്പു പോലുമില്ലാത്ത അവസ്ഥയായിരുന്നു അറേബ്യയുടേത്. Might is right കയ്യൂക്ക് ഉള്ളവൻ കാര്യക്കാരൻ എന്നതായിരുന്നു അവസ്ഥ. വളരെ പുരാതനമയ ആചാര സമ്പ്രദായങ്ങൾക്ക് വിധേയരായ സമൂഹം. ഗോത്ര കലഹങ്ങൾ സർവസാധാരണമായിരുന്നു. സഖ്യ ഗോത്രങ്ങൾക്ക് ഒരറിയിപ്പ് കിട്ടേണ്ട താമസമേയുള്ളു പിന്നെ വർഷങ്ങളോളം അരുംകൊലയുടെ നീണ്ട നിരയായിരിക്കും. ഒരു ഒട്ടകത്തെ കൊന്നതിന് പ്രതികാരമെന്നോണമാണ് ബസൂസ് യുദ്ധം നാല്പത് വർഷം വരെ നീണ്ടു നില്ക്കുകയും പരസ്പരം കൊല്ലും കൊലയുമായി അവർ കഴിഞ്ഞു കൂടുകയും ചെയ്തത്. സ്ത്രീകളെയും പുരുഷന്മാരെയും തടവിലാക്കി അവരെ അടിമകളാക്കുന്ന സമ്പ്രദായവും അന്നു നിലവിലുണ്ടായിരുന്നു. സ്ത്രീകൾക്കാണെങ്കിൽ മകളെന്ന നിലയിലോ ഭാര്യയെന്ന നിലയിലോ മതാവെന്ന നിലയിലോ സമൂഹത്തിൽ ഒരു ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. ഇങ്ങനെയുള്ള ഒരു സമൂഹത്തിലാണ് സർവലോകങ്ങൾക്കും കാരുണ്യമായിക്കൊണ്ട് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി അല്ലാഹുവിനാൽ നിയോഗിതനാകുന്നതും അങ്ങനെ മൃഗതുല്യരായവരെ മനുഷ്യരും, മനുഷ്യരെ ധാർമിക ഗുണങ്ങളുള്ളവരും ധാർമിക ഗുണങ്ങളുള്ളവരെ ദൈവത്തോട് അടുത്ത മനുഷ്യരും അവരെ പിന്നീട് ദൈവിക മനുഷ്യരും ആക്കിത്തീർക്കുക എന്ന ദൃഷ്ടാന്തം വെളിപ്പെടുന്നതും.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) തന്റെ ഒരു കവിതാ ശകലത്തിൽ ഇങ്ങനെ പറയുന്നു:

صَادَفْتَهُمْ قَوْمًا كَرَوْثٍ ذِلَّةً
فَجَعَلْتَهُمْ كَسَبِيْكَةِ الْعِقْيَانِ

ഏ മുഹമ്മദ്(സ)! താങ്കൾ ആ അറബ് ജനതയെ അമേധ്യതുല്യം കണ്ടു. എന്നാൽ, തന്റെ പരിശുദ്ധമായ ശക്തിപ്രഭാവത്താലും ശിക്ഷണത്തിന്റെ സ്വാധീനത്താലും അവരെ തങ്കക്കട്ടിപോലെ ആക്കിത്തീർത്തു.

ആദരണീയരായ ശ്രോതാക്കളേ! നബി(സ) തിരുമേനിയുടെ നീതിനിഷ്ഠയെക്കുറിച്ച് വിശദീകരിച്ച് പറയുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. നബി(സ)തിരുമേനിയുടെ ചുവട് എപ്പോഴും എല്ലാ കാര്യത്തിലും നീതിയുടെ അതിർവരമ്പുകളെ ഭേദിച്ച് ഔദാര്യത്തിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതായി കാണാം. നബി(സ)തിരുമേനി ആരിൽ നിന്നെങ്കിലും കടം വാങ്ങിയാൽ വാങ്ങിയതിൽ കൂടുതലായി മടക്കിക്കൊടുക്കാത്ത സന്ദർഭവും ഉണ്ടായിട്ടില്ല.

ഈ ചുരുങ്ങിയ മുഖവുരയ്ക്കു ശേഷം നബി(സ)തിരുമേനിയുടെ നീതിനിഷ്ഠയുമായി ബന്ധപ്പെട്ട് തിരുമേനിയുടെ കുടുംബജീവിതത്തെക്കുറിച്ച് ഞാൻ ഏതാണ്ട് പരാമർശിക്കുന്നതാണ്. എന്തെന്നാൽ, സ്വന്തം വീട്ടിൽ നീതി നടപ്പാക്കാൻ കഴിയാത്ത വ്യക്തിക്ക് പുറത്ത് ആ ഗുണങ്ങൾ ഒരു മാതൃകയായി പ്രദർശിപ്പികാനാകുമോ? എന്നാൽ, നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ മാഹാത്മ്യം നോക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും ദിവ്യവെളിപാടിറങ്ങുന്നു, ഖാത്തമുന്നബിയ്യീൻ എന്ന പദവി ലഭിക്കുന്നു, قَابَ قَوْسَيْنِ اَوْ اَدْنٰى എന്ന സുവാർത്ത ലഭിക്കുന്നു, അദ്ദേഹത്തിന്റെ കരങ്ങൾ ദൈവകരങ്ങളാണെന്നുവരെപ്രഖ്യാപിക്കപ്പെടുന്നു.ദൈവസ്നേഹം ലഭിക്കുന്നതിന് ഈ ദൈവദൂതനെ സസ്നേഹം പിൻപറ്റേണ്ടത് അനിവാര്യമാണെന്ന സന്ദേശം മാനവകുലത്തിന് നല്കപ്പെടുന്നു. അതേസമയം, മറുവശത്ത് നബിയുടെ അവസ്ഥയോ? അദ്ദേഹം പറയുന്നു: اَنَا النَّبِيُّ لَا كَذِب ഞാൻ അല്ലാഹുവിന്റെ നബിയും അവന്റെ സമീപസ്ഥനുമാണെന്നതിൽ ഒരു സംശയവുമില്ല. അതിനോടൊപ്പം പറയുന്നു: ابن عبد المطلب പക്ഷേ, ഞാൻ അബ്ദുൽമുത്ത്വലിബിന്റെ മകനാണ്.

ഇപ്രകാരംതന്നെ മറ്റൊരവസരത്തിൽ അവിടന്ന് പറഞ്ഞു:

وَاللّٰهِ مَا اَدْرِيْ وَاَنَا رَسُوْلُ اللّٰهِ مَا يُفْعَلُ بِيْ

ഞാൻ അല്ലാഹുവിന്റെ ദൂതനാണെങ്കിലും അല്ലാഹുവാണ! അവൻ എന്നോട് ഏതു രീതിയിൽ പെരുമാറുമെന്ന് എനിക്കറിയില്ല.

ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി ഒരിക്കൽ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: 'ഒരാളുടെ കർമം അവനെ സ്വർഗസ്ഥനാക്കുകയില്ല.' ജനങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങും സ്വന്തം കർമം മുഖേന സ്വർഗത്തിൽ പ്രവേശിക്കുകയില്ലേ?' നബി(സ)തിരുമേനി പറഞ്ഞു:

وَلَا اَنَا اِلَّا اَنْ يَتَغَمَّدَنِيَ اللّٰهُ بِفَضْلِهٖ وَ رَحْمَتِهٖ

'അതേ, അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുമില്ലാതെ ഞാനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.'

നബി(സ)തിരുമേനിയുടെ കുടുംബ ജീവിതത്തെ നാം വീക്ഷിക്കുമ്പോൾ ആദ്യമായി സമ്പന്നയും കഴിവുമുള്ള നാൽപതു വയസുകാരിയായ ഹദ്റത്ത് ഖദീജ(റ)യെ നമുക്ക് സ്മരിക്കാതിരിക്കാനാവില്ല. 25 വയസ്സ് പ്രായമുള്ള യുവാവിന്റെ ഭക്തിയും പരിശുദ്ധിയും വിശ്വാസവും കേട്ടറിഞ്ഞ അവർ തന്റെ കച്ചവട സംഘത്തോടൊപ്പം അദ്ദേഹത്തെ അയച്ചു പരീക്ഷിച്ചറിഞ്ഞതിനുശേഷം അദ്ദേഹത്തെ വിവാഹം കഴിക്കാൻ സന്നദ്ധയാകുന്നു. വിവാഹാനന്തരം അദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതവും ഉന്നത ധാർമിക ഗുണവും കാരണം അല്ലാഹുവിന്റെ ആദ്യവെളിപാടിറങ്ങിയപ്പോൾ ആത്മാർഥമായി അദ്ദേഹത്തിൽ വിശ്വസിക്കുന്നു. നുബുവ്വത്തിന്റെ സന്ദേശം ലഭിച്ചപ്പോൾ തിരുമേനിക്കുണ്ടായ പരിഭ്രമം മാറ്റാൻ അദ്ദേഹത്തിനു ധൈര്യം നൽകിക്കൊണ്ട് അവർ പറഞ്ഞു:

كَلَّا وَاللّٰهِ لَا يُخْزِيْكَ اللّٰهُ اَبَدًا-
اِنَّكَ لَتَصِلُ الرحم وَتَقْرِى الضَّيْفَ
وَتَحْمِلُ الْكَلَّ وَتَصْدُقُ الْحَدِيْثَ
وَتَكْسِبُ الْمَعْدُوْمَ وَتُعِيْنُ عَلٰى
نَوَائِبِ الْحَقِّ-

'പ്രിയനേ, അങ്ങു പരിഭ്രമിക്കരുത്. അങ്ങ് ഒരിക്കലും പരാജിതനാവുകയില്ല. എന്തെന്നാൽ, അല്ലാഹുവാണ! അങ്ങു ബന്ധുക്കളുടെമേൽ കാരുണ്യവും ഔദാര്യവും കാട്ടുന്നു. പാവങ്ങളെയും അശരണരെയും സഹായിക്കുകയും അവരുടെ ഭാരം പേറുകയും ചെയ്യുന്നു. എന്നിരിക്കെ ദൈവം അങ്ങയെ കൈവിട്ട് കളയുമോ? നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞ നന്മകൾ അങ്ങു വീണ്ടും കൊണ്ടുവരുന്നു. അങ്ങു അതിഥികളോട് ബഹുമാനപൂർവം പെരുമാറുകയും വിഷമിക്കുന്നവരെ സഹായിക്കുകയും ചെയ്യുന്നു. ദൈവം അങ്ങയെ പരീക്ഷയിൽ അകപ്പെടുത്തുമോ?'

ഹദ്റത്ത് ഖദീജ(റ)യുടെ ഈ ത്യാഗസമ്പൂർണ്ണമായ സേവനങ്ങളെ നബി(സ)തിരുമേനി എപ്പോഴും വിലമതിച്ചിരുന്നു. അവരുടെ വഫാത്തിനുശേഷവും നബി(സ)തിരുമേനി അവരുടെ സേവനങ്ങളെ സ്നേഹത്തോടെയാണ് നോക്കിക്കണ്ടത്. വീട്ടിൽ ബലിമൃഗത്തെ അറുത്താൽ അതിന്റെ ഇറച്ചി ഖദീജയുടെ കൂട്ടുകാരികൾക്ക് കൊടുത്തയക്കുമായിരുന്നു.

നബി(സ)തിരുമേനിയുടെ മറ്റൊരു പത്നിയെ കൂടി ഇത്തരുണത്തിൽ പരാമർശിക്കുന്നത് അസ്ഥാനത്താകില്ല. യഹൂദീ ഗോത്രങ്ങളായ ബനുനസീറിന്റെയും ബനൂ ഖുറയ്സയുടെയും രാജകുമാരിയായിരുന്നു ഹദ്റത്ത് സഫിയ ബിൻത് ഹയ്യ്. ഖയ്ബർ യുദ്ധത്തിൽ അവരുടെ പിതാവും ഭർത്താവും സഹോദരനും മറ്റു ബന്ധു

ക്കളും കൊല്ലപ്പെട്ടു. ആ സാഹചര്യത്തിൽ അവൾ യുദ്ധതടവുകാരിയാക്കപ്പെട്ടു. ഈ രാജകുമാരി അങ്ങേയ്ക്ക് മാത്രമേ ചേരുകയുള്ളുവെന്ന് സഹാബാക്കൾ അപേക്ഷിച്ചു. നബി(സ) തിരുമേനി അവരോട് പറഞ്ഞു: നിങ്ങൾക്കു വേണമെങ്കിൽ നിങ്ങളുടെ മതം തന്നെ അവലംബിക്കാം. ഇനി അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്വീകരിക്കുകയാണെങ്കിൽ അതു നിങ്ങൾക്കു ഗുണം ചെയ്യുകയേയുള്ളു.' സഫിയ പറഞ്ഞു: ഞാൻ അങ്ങയെ സത്യവാനായി മനസ്സിലാക്കുന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'തീർച്ചയായും ഞാൻ സത്യവാൻ തന്നെയാണ്. പക്ഷേ, തീരുമാനമെടുക്കാനുള്ള അധികാരം നിങ്ങൾക്കുണ്ട്.' അങ്ങനെ സഫിയ(റ) ഇസ്‌ലാം സ്വീകരിച്ചു. അക്കാരണത്താൽ നബി(സ)തിരുമേനി അവരെ സ്വതന്ത്രയാക്കി. നബി(സ)തിരുമേനി അവർക്ക് അവരുടെ വീട്ടുകാരുടെ അടുത്തേക്ക് തിരിച്ചു പോകുകയോ അല്ലെങ്കിൽ തന്നെ വിവാഹം കഴിക്കുകയോ ചെയ്യാമെന്ന് പറഞ്ഞു. ഹദ്‌റത്ത് സഫിയ നബി(സ) തിരുമേനിയുടെ ഭാര്യാപദം അലങ്കരിക്കാനാണ് ഇഷ്ടപ്പെട്ടത്. അങ്ങനെ അവരുടെ ഇഷ്ടപ്രകാരം തന്നെ നബി(സ) തിരുമേനി സഫിയ(റ)യുടെ സ്വാതന്ത്ര്യത്തെ മഹർ നിശ്ചയിച്ചു കൊണ്ട് അവരെ വിവാഹം കഴിച്ചു.

ഹദ്‌റത്ത് സഫിയ(റ) പറയുന്നു, 'ഞാൻ നബി(സ)തിരുമേനിയുടെ മുമ്പിൽ ഒരു തടവുകാരി എന്ന നിലയിൽ ഹാജരാക്കപ്പെടുമ്പോൾ അദ്ദേഹത്തെയായിരുന്നു ഞാൻ ഏറ്റവും കൂടുതൽ വെറുത്തിരുന്നത്. എന്നാൽ, തന്റെ സമുദായം എന്തൊക്കെയാണ് മുസ്‌ലീംകളോട് ചെയ്തതെന്നും തന്റെ പിതാവ് അറേബ്യയെ ഒന്നടങ്കം നബി(സ)തിരുമേനിക്കെതിരെ ഇളക്കിവിടുകയും മുസ്‌ലീംകൾക്കെതിരെ ആക്രമണത്തിന് തുടക്കമിടുകയും ആയിരുന്നുവെന്നും മുസ്‌ലിംകൾ തന്റെ സമുദായത്തിനെതിരെ യുദ്ധം ചെയ്യാൻ നിർബന്ധിതരായിരുന്നുവെന്നുമുള്ള യാഥാർഥ്യം സഫിയ അറിയുകയും നബി(സ) തിരുമേനിയുടെ നീതി ബോധവും ഔദാര്യവും മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർ പറയുന്നു: 'ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽ നിന്നെണീറ്റപ്പോൾ തിരുമേനിയെക്കാൾ പ്രിയങ്കരനായ മറ്റൊരു വ്യക്തി എനിക്കില്ലായിരുന്നു. اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّبَارِكْ وَسَلِّمْ -

പ്രിയപ്പെട്ട ശ്രോതാക്കളേ!

മദീന കാലഘട്ടത്തിൽ, അന്ന് നബി(സ) തിരുമേനിയുടെ പ്രായം 50 കഴിഞ്ഞിരുന്നു. പക്ഷേ, ശിക്ഷണപരവും ജനതയുടെ ആവശ്യങ്ങളും മുൻ നിറുത്തി ഒന്നിലധികം വിവാഹം നബി(സ) തിരുമേനിയ്ക്ക് കഴിക്കേണ്ടിവന്നു. ഒരേ സമയം ഒമ്പത് ഭാര്യമാർ നബി(സ) തിരിമേനിയുടെ സംരക്ഷണത്തിലും ശിക്ഷണത്തിലുമുണ്ടായിരുന്നു. എങ്കിലും, ആ ഉത്തരവാദിത്വം കൊണ്ട് നബി(സ)തിരുമേനിയുടെ പരിഭ്രമിച്ചില്ല. മറിച്ച്, അങ്ങേയറ്റം നീതിയോടെയാണ് നബി(സ)തിരിമേനി അവരുടെ അവകാശങ്ങൾ നിവർത്തിച്ചത്. അസ്വ്ർ നമസ്കാരാനന്തരം ഏതു ഭാര്യയുടെ വീട്ടിലാണൊ നബി(സ)തിരിമേനി താമസിക്കുന്നത് അവിടേക്ക് എല്ലാവരേയും വിളിപ്പിച്ച് കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു. ചിലപ്പോൾ എല്ലാവരുടെയും വീട്ടിൽച്ചെന്നും കാര്യങ്ങൾ തിരക്കാറുണ്ട്. പരുശുദ്ധ പത്നിമാർക്കിടയിൽ ഇത്രത്തോളം നീതിയോടെ വർത്തിച്ചിട്ടും നബി(സ) തിരുമേനി പ്രാർഥിക്കാറുണ്ടായിരുന്നത് ഇങ്ങനെയാണ്: 'അല്ലാഹുവേ, നീ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണല്ലോ. മനുഷ്യന് കഴിയുന്ന വിധത്തിൽ ഞാൻ നീതിയോടെയാണ് പത്നിമാരോട് പെരുമാറുന്നത്. പക്ഷേ, യജമാനനായ എന്റെ റബ്ബേ, ഹൃദയത്തിൽ ആധിപത്യം എനിക്കില്ലല്ലോ. വല്ല ഗുണവും കാരണം മാനസികമായ അടുപ്പം ആരോടെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ നീ അതു മാപ്പാക്കി തന്നാലും.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ -

അറബികളുടെ അജ്ഞതയെയും അക്രമവാസനയെയും പറ്റി ആരംഭത്തിൽ പ്രസ്താവിച്ചതാണല്ലോ. ഇവരിൽനിന്നുതന്നെ ബുദ്ധിയും വിവേകവുമുള്ള ഒരു വിഭാഗം ആളുകൾ ചിന്തിക്കാൻ തുടങ്ങി. ശക്തൻ ദുർബലനെ ദ്രോഹിക്കുന്നത് ശരിയല്ല. കഴിഞ്ഞ ആഭ്യന്തര കലാപങ്ങളും കൊള്ളയും കാരണം നൂറുകണക്കിന് കുടുംബങ്ങളാണ് നശിച്ചത്. ആയിരത്തിലധികം പിഞ്ചു കുട്ടികൾ അനാഥരായി. ഇങ്ങനെ പോയാൽ രാജ്യം മുഴുവൻ ഒറ്റ ദിവസത്തിനുള്ളിൽ നശിച്ചൊടുങ്ങും. ഈ അക്രമങ്ങളിൽനിന്ന് രക്ഷ നേടാൻ നമുക്കെന്തെങ്കിലും ചെയ്യേണ്ടതുണ്ട്. അങ്ങനെ ഫള്ൽ ബിൻ ഹാരിഥ്, ഫള്ൽ ബിൻ വറാഅ, ഫള്ൽ ബിൻ ഫതാല തുടങ്ങിയ നേതാക്കൾ ചേർന്ന് പരസ്പരം ഒരു കരാർ ഉണ്ടാക്കി. അക്രമിക്കപ്പെട്ടവർക്ക് സഹായം നൽകുമെന്നും അവകാശം പിടിച്ചെടുക്കപ്പെട്ടവർക്ക് അത് തിരിച്ചു നൽകുമെന്നു പ്രതിജ്ഞ ചെയ്തു. ഈ പ്രതിജ്ഞ ചെയ്തവരിൽ അധികമാളുകളുടെയും പേര് ഫള്ൽ എന്നായതു കൊണ്ട് ഈ പ്രതിജ്ഞ 'ഹിൽഫുൽ ഫുളൂൽ' എന്നാണ് അറിയപ്പെടുന്നത്. പക്ഷേ, ഈ ഉടമ്പടിയും നീർകുമിളകളെന്നു തെളിഞ്ഞു. അത് പ്രാവർത്തികമാക്കാൻ ആർക്കും അവസരം ലഭിച്ചിട്ടില്ല. ഹർബെ ഫുജ്ജാർ പോലുള്ള ആഭ്യന്തര കലാപത്തിൽ പോലും നിരവധിപേർ മരിച്ചു വീണു. അപ്പോൾ ഖുറയ്ശി പ്രമാണിമാർ ഹിൽഫുൽ ഫുളൂർ എന്ന പ്രതിജ്ഞവീണ്ടും ബലത്തിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചു. അങ്ങനെ ഖുറയ്ശി നേതാക്കന്മാരുടെ ഒരു സമ്മേളനം നടന്നു. അതിൽ ബനീ ഹാശിം, ബനീ അസദ്, ബനീ സഹ്‌റാ, ബനീ തമീം തുടങ്ങിയ ഗോത്രങ്ങൾ പങ്കെടുത്തു. ഈ പ്രമുഖരുടെ കൂട്ടത്തിൽ അന്ന് തന്റെ യൗവ്വനത്തിന്റെ ഉച്ചവസ്ഥയിൽ നിൽക്കുന്ന നമ്മുടെ നേതാവ് ഹദ്‌റത്ത് മുഹമ്മദുനബി (സ) യും പങ്കുകൊണ്ടു. എന്നാൽ, ഈ കരാർ പുതുക്കിയിട്ടും ഒരു കക്ഷിയും തന്റെ അജ്ഞതയുടെ പാരമ്പര്യത്തിൽനിന്ന് മാറി ഏതെങ്കിലും പീഢിതനു സഹായം നല്കാനുള്ള അവസരമോ മർദിതന്റെ അവകാശം നേടി കൊടുക്കാനുള്ള പരിശ്രമോ ചെയ്തില്ല. അതിനുള്ള അവസരം ഒരേ ഒരാൾക്ക് മാത്രമാണ് ലഭിച്ചത്. അത് നമ്മുടെ ഹദ്‌റത്ത് മുഹമ്മദ് നബി (സ) തിരുമേനിക്കായിരുന്നു.

നുബുവ്വത്ത് വാദത്തിന് ശേഷമുള്ള ഒരു സംഭവമാണ്. ഒരു ബദവി കഅ്ബയുടെ അടുത്ത് ഖുറയ്ശി പ്രമാണിമാർ സംഘടിച്ചിരുന്ന സ്ഥലത്തെത്തി അബൂജഹ്ൽ തന്റെ കുറച്ച് പണം തടഞ്ഞു വെച്ചിരിക്കുന്നുവെന്നും തിരിച്ചു തരുന്നില്ലെന്നും നിങ്ങൾ തന്നെ സഹായിക്കണമെന്നും അഭ്യർഥിച്ചു. അവർ പരിഹാസരൂപേണ നബി(സ)തിരുമേനിയുടെ വിലാസം നല്കി. ഇയാളുടെ അടുത്തു പോകൂ ഇയാൾക്ക് നിങ്ങളെ സഹായിക്കാനാകും എന്ന് പറഞ്ഞു. നബി(സ) തിരുമേനി സഹായത്തിന് പുറപ്പെട്ടു ചെന്നാൽ അബൂജഹ്ൽ അദ്ദേഹത്തെ നഊദുബില്ലാഹ് അപമാനിതനാക്കും ഇനി അവൻ സഹായിച്ചില്ലെങ്കിൽ താങ്കളും ഹിൽഫുൽ ഫുളൂലിന്റെ കരാറിൽ പങ്കെടുത്തിരുന്നല്ലോ പിന്നെന്താണ് സഹായത്തിന് പുറപ്പെടാതിരുന്നതെന്ന് ചോദിക്കാം എന്നൊക്കെയാണ് അവർ ചിന്തിച്ച് കൂട്ടിയത്.

എന്തായാലും ആ മനുഷ്യൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി തന്റെ സങ്കടം ബോധിപ്പിച്ചു. നബി(സ)തിരുമേനി ഉടൻ തന്നെ അയാളോടൊപ്പം പോയി അബൂജഹ്‌ലിന്റെ വീട്ടിലെത്തി. അബൂജഹ്ൽ പുറത്തു വന്നപ്പോൾ നിങ്ങൾ എന്തുകൊണ്ടു ഇയാളുടെ കടം വീട്ടുന്നില്ലെന്ന് ചോദിച്ചു. അബൂജഹ്ൽ നേരെ ഉള്ളിൽപോയി പണം കൊണ്ടുവന്ന് കൊടുത്തു. ആ ബദവി നബി(സ)തിരുമേനിയോടു നന്ദിപറഞ്ഞു തിരിച്ചു പോയി.

ഖുറയ്ശി നേതാക്കൾ വിവരം അറിഞ്ഞപ്പോൾ, അബൂജഹ്‌ലിനോടു താങ്കൾ ഞങ്ങളെ മുഹമ്മദിനെതിരെ ഇളക്കിവിട്ട് കൊണ്ടിരിക്കുന്നു, ഞങ്ങൾ താങ്കളുടെ വീട്ടിലേക്ക് മുഹമ്മദിനെ എത്തിച്ചപ്പോൾ താങ്കൾ അദ്ദേഹത്തിന്റെ പ്രഭാവത്തിൽ പണം തിരിച്ചു കൊടുത്തുവെന്ന് പറഞ്ഞ് പഴിക്കാൻ തുടങ്ങി. അപ്പോൾ അബൂജഹ്ൽ എന്താണു സംഭവിച്ചതെന്നു പറഞ്ഞു. അവർ എന്റെ വാതിലിനു മുന്നിലെത്തിയപ്പോൾ മുഹമ്മദ്(സ)ന്റെ അടുത്ത് 2 ഭ്രാന്തൻ ഒട്ടകങ്ങൾ നില്പുണ്ടായിരുന്നു. ഞാനെന്തെങ്കിലും മിണ്ടിയിരുന്നെങ്കിൽ അവ എന്നെ പിച്ചിച്ചീന്തിയേനെ എന്നു പറയുകയുണ്ടായി. അതുകൊണ്ട് അവകാശം പൂർത്തിയാക്കുകയല്ലാതെ തനിക്ക് വേറെ നിവർത്തിയില്ലായിരുന്നു എന്നും പറഞ്ഞു. ഇതായിരുന്നു പീഢിതന്റെ രക്ഷകനും നീതിന്യായത്തിന്റെ മൂർത്തിയുമായ ഹദ്‌റത്ത് മുഹമ്മദ്(സ)യുടെ കർമമാതൃകയും അല്ലാഹുവിന്റെ സഹായത്തിന്റെയും പിന്തുണയുടേയും ഉത്തമാടയാളവും.

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ -

മനുഷ്യപ്രകൃതം ആരെയെങ്കിലും ബുദ്ധിമുട്ടിൽ കണ്ടാൽ കാരുണ്യത്തിലേക്ക് ചാഞ്ഞു പോകുന്നു. ഏതെങ്കിലും കുറ്റവാളിക്കുപോലും ശിക്ഷ ലഭിക്കുമ്പോൾ ദുഃഖഗ്രസ്ഥനായി അയാളെ എങ്ങനെയെങ്കിലും ശിക്ഷയിൽനിന്ന് രക്ഷിക്കാനുള്ള ശ്രമം ചെയ്യുന്നു. റഹ്‌മത്തുല്ലിൽ ആലമീനായ ഹദ്‌റത്ത് മുഹമ്മദ്(സ)യെകുറിച്ച് അല്ലാഹു റഊഫും റഹീമുമാണെന്ന് സാക്ഷ്യം നല്കിയിരിക്കുന്നു. എന്നാൽ, ധാർമിക നിലവാരം നാൾക്കുനാൾ ശോഷിക്കുകയും പലതരം തിന്മകളിൽ മുങ്ങിപ്പോകുന്ന സമുദായത്തിൽ ഉന്നതർ നിയമത്തിനെതിരായി പ്രവർത്തിച്ചാലും രക്ഷപ്പെടുകയും ദരിദ്രനും നിസ്സഹായനുംമാത്രം ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് സർവ സാധാരണമായ പ്രവണതയാണ്. എന്നാൽ, ഹദ്‌റത്ത് മുഹമ്മദ്(സ) റഹ്‌മത്തുല്ലിൽ ആലമീനും റഊഫും റഹീമും ആയിരുന്നിട്ടും ശരീഅത്തിന്റെ നിയമങ്ങൾ പാലിക്കുന്നതിൽ അഭിമാനം കൊള്ളുകയും നീതിന്യായം കൈയിൽ നിന്ന് പോകാൻ അനുവദിക്കാതിരിക്കുകയും ചെയ്തിരുന്നു. സ്വഹീഹ് ബുഖാരിയിൽ ഹദ്‌റത്ത് ആയിശ(റ) ഇപ്രകാരം രിവായത്ത് ചെയ്യുന്നു.

“ബനീ മഹ്സൂം ഗോത്രത്തിലെ ഫാത്തിമ എന്ന് പേരുള്ള സ്ത്രീ മോഷ്ടിച്ചു. ജനങ്ങൾ നബി(സ)തിരുമേനിയുടെ സവിധത്തിൽ ആ സ്ത്രീക്ക് ഇളവ് ചെയ്ത്കൊടുക്കാൻ ശിപാർശ ചെയ്യാൻ ആഗ്രഹിച്ചു. നബി(സ)തിരുമേനിയ്ക്ക് വളരെ പ്രിയപ്പെട്ട ഉസാമ ബിൻ സയ്ദിനെ ചട്ടംകെട്ടി. അദ്ദേഹം നബി(സ)തിരുമേനിയോട് ഈ കാര്യം ഉണർത്തി. ഹദ്‌റത്ത് നബി(സ)തിരുമേനിയ്ക്ക് ദ്വേഷം വന്നു. കോപത്താൽ പരിശുദ്ധ വദനം തുടുത്തു. ആ മഹാത്മാവ് പറഞ്ഞു, തങ്ങളിൽ ഉന്നതർ മോഷ്ടിച്ചാൽ അവരെ വെറുതെ വിടുന്നതും ഏതെങ്കിലും പാവപെട്ടവൻ മോഷ്ടിച്ചാൽ അയാളുടെ കൈ വെട്ടുന്നതും ബനീ ഇസ്റാഈല്യരുടെ ശീലമായിരുന്നു. എന്നാൽ, എന്റെ ജീവൻ ആരുടെ കൈയിലാണോ ആ അല്ലാഹുവാണ! മുഹമ്മദിന്റെ മകൾ ഫാത്തിമ മോഷ്ടിച്ചാലും അവളുടെയും കൈവെട്ടുമെന്നതാണ് എന്റെ അവസ്ഥ.' - سُبْحَانَ اللّٰهِ

ബദർ യുദ്ധത്തിൽ ബന്ദികളായ മക്കാ മുശ്രിക്കീംങളിൽ നബി(സ)തിരുമേനിയുടെ ഇളാപ്പ ഹദ്‌റത്ത് അബ്ബാസും ഉണ്ടായിരുന്നു. തടവുകാരുടെ ചുമതല ഹദ്‌റത്ത് ഉമർ(റ)ന്റെമേൽ വന്നപ്പോൾ അദ്ദേഹം അബ്ബാസടക്കം എല്ലാ തടവുകാരെയും മുറുക്കിക്കെട്ടി. അത് മസ്ജിദ് നബ്‌വിയുടെ ക്യാമ്പിൽ തന്നെയായിരുന്നു. വേദ

നകൊണ്ട് അബ്ബാസ് ഞരങ്ങാൻ തുടങ്ങി. നബി (സ)തിരുമേനി ഇളാപ്പായുടെ ഞരങ്ങുന്ന ശബ്ദം കേട്ട് വ്യാകുലനായി. ആ മഹാത്മാവിന് ഉറക്കം നഷ്ടപ്പെട്ടു. എങ്ങനെയൊ ഇതറിഞ്ഞ അൻസ്വാരികൾ ഹദ്റത്ത് അബ്ബാസിന്റെ കെട്ടയച്ചു. അദ്ദേഹത്തിന്റെ ഞരക്കവും നിന്നു. ഉടനെ നബി (സ) തിരുമേനി, അബ്ബാസിന്റെ ശബ്ദം നിലച്ചതെന്തെന്ന് ആരാഞ്ഞു. നബി(സ)തിരുമേനിയുടെ ബുദ്ധിമുട്ട് കണ്ട് അദ്ദേഹത്തിന്റെ കയർ അയച്ചു കൊടുത്തുവെന്ന് പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു, ഇത് അന്യായമാണ് ഒന്നുകിൽ ബാക്കി തടവുകാരുടെ കയറുകളും അയച്ചിടുക. അല്ലെങ്കിൽ അബ്ബാസിന്റെ കയർ പൂർവസ്ഥിതിയിലാക്കുക. അപ്പോൾ സ്വഹാബാക്കൾ മുഴുവൻ ബന്ദികളുടേയും കയർ അയച്ചു കെട്ടി.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ

ഹുനയ്ൻ യുദ്ധത്തിൽ മുസ്ലിംകളുടെ കൈയിൽ 24000 ഒട്ടകങ്ങൾ 40000 ആടുകൾ 4000 വെള്ളി, 6000 ബന്ദികൾ വന്ന് ചേർന്നപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, ഞാൻ എന്റെയും ബനൂ അബ്ദുൽ മുത്തലിബിന്റെയും കൈയിലുള്ള മുഴുവൻ തടവുകാരെയും ഒരു മോചനദ്രവ്യവും കൂടാതെ മോചിപ്പിക്കുന്നു. ഇതുകേട്ട അൻസ്വാരികളും മുഹാജിരീംകളും പറഞ്ഞു: ഞങ്ങളും ഞങ്ങളുടെ തടവുകാരെ മോചനദ്രവ്യമൊന്നും കൂടാതെ സ്വതന്ത്രരാക്കുന്നു. ബനീ സലീമയും ബനീ ഫിസാറയും മാത്രം ബാക്കിയായി. അവർക്ക് അക്രമികളായ ശത്രുക്കളോട് ഇങ്ങനെ ഔദാര്യം ചെയ്യുന്നത് വിചിത്രമായി തോന്നി. (കീഴടക്കപ്പെട്ടവർ ഭാഗ്യവാന്മാരായി). അവർ അവരുടെ പക്കലുള്ള ബന്ദികളെ മോചിപ്പിച്ചില്ല. നബി(സ)തിരുമേനി അവരെ വിളിപ്പിച്ചു. ഓരോ തടവുകാരനും 6 ഒട്ടകങ്ങൾ വിലയിട്ടു. ഈ തുക നബി(സ)തിരുമേനി സ്വയം അടച്ച് തടവുകാരെ സ്വതന്ത്രരാക്കി. അങ്ങനെ ശേഷിച്ച ബന്ദികൾക്കും സ്വാതന്ത്ര്യം ലഭിച്ചു.

ഈ സംഭവം നബി(സ)തിരുമേനിയുടെ കാരുണ്യത്തിന് തെളിവ് നല്കുന്നതോടൊപ്പം, ബന്ധുത്വം കാരണം ചില തടവുകാർ രക്ഷപ്പെടുകയും മറ്റുള്ളവർ അതേ നിലയിൽ തടവുകാരായി വെക്കുകയും ചെയ്യുന്നതിനെ ഒരിക്കലും ഇഷ്ടപ്പെടാത്ത നബി(സ)തിരുമേനിയുടെ നീതി തല്പര പ്രകൃതത്തേയും പ്രകടമാക്കുന്നു. അങ്ങനെ ബാക്കിവന്ന തടവുകാരുടെ മോചന മൂല്യം നല്കി അവരെയും സ്വതന്ത്രരാക്കി.

ഹദ്റത്ത് മുഹമ്മദ്(സ)നിലവിൽ കൊണ്ടുവന്ന നീതിന്യായ വ്യവസ്ഥിതിയിൽ രാജ്യത്തിന്റെ ഭരണാധികാരിയും പട്ടണത്തിലെ സാധാരണ പൗരനും നിയമത്തിന് മുന്നിൽ തുല്യരായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി സ്വയം ഒരു കേസിൽ ഒരു ബദവിക്കെതിരിൽ പരാതിക്കാരനായിരുന്നു. തന്റെ വാദത്തിന് തെളിവായി സാക്ഷിയെ ഹാജരാക്കാൻ നബി(സ) തിരുമേനിയെ ഉണർത്തി. അങ്ങനെ ഹസീമ ബിൻ ഥാബിത് നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്ന് സാക്ഷ്യം പറഞ്ഞു. ഈ സംഭവം സുനൻ അബീദാവീദിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നബി(സ)തിരുമേനി ഒരു ബദ്വിയിൽ നിന്ന് കുതിര വാങ്ങി. അതിന്റെ വില നല്കാൻ നബി(സ)തിരുമേനിയുടെ പിന്നാലെ ചെല്ലാൻ പറഞ്ഞു. നബി(സ) തിരുമേനി വേഗത്തിൽ നടക്കുകയായിരുന്നു. ബദ്വി തന്റെ മെല്ലെ പോക്ക് കാരണം വളരെ പിറകിലായിപ്പോയി. വഴിയിൽ അയാൾ പലരെയും കണ്ടു. നബി(സ)തിരുമേനി വാങ്ങിയ കുതിരയാണെന്നറിയാതെ അവർ കുതിരക്ക് കൂടുതൽ വില പറഞ്ഞു. ബദ്വി നബി(സ) തിരുമേനിയെ വിളിച്ച്, താങ്കൾ ഈ കുതിര വാങ്ങുന്നുണ്ടോ അതല്ല ഞാനിതിനെ മറ്റാരുടെയെങ്കിലും കൂടെ വിടട്ടെ എന്നു ചോദിച്ചു. നബി(സ)തിരുമേനി അവിടെ നിന്നു. എന്നിട്ട് പ്രതിവചിച്ചു. തീർച്ചയായും! ഞാനതിനെ നേരത്തെ വാങ്ങിക്കഴിഞ്ഞതല്ലേ? ഇത് കേട്ട ബദ്വി എന്നാൽ അതിന് തെളിവ് കൊണ്ടുവരു എന്ന് പറഞ്ഞു. ഹസീമ ബിൻ ഥാബിത് പറഞ്ഞു: "നബി (സ) ഈ കുതിര വാങ്ങിയതായി ഞാൻ തെളിവ് നല്കുന്നു. നബി (സ) ഹസീമയുടെ അടുത്ത് ചെന്ന് നീ എന്തടിസ്ഥാനത്തിലാണ് തെളിവു നല്കുന്നതെന്ന് ആരാഞ്ഞു. അല്ലാഹുവിന്റെ റസൂലെ അങ്ങയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്നു ഹസീമ ഉത്തരം പറഞ്ഞു.

എത്രമാത്രം സന്മാർഗിയും വാക്കുപാലിക്കുന്നവനുമായിരുന്നു ആ സാക്ഷി, പറയുന്ന വാക്കിൽ എത്ര സത്യസന്ധനും നീതിമാനും ആയിരുന്നു ആ സാക്ഷ്യപ്പെടുത്തപ്പെട്ട ആൾ.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ

നബി(സ)തിരുമേനി തന്റെ സ്വഹാബാക്കൾക്കിടയിൽ കണിശമായ നീതിയോടെ വിധി കല്പ്പിക്കാറുണ്ടായിരുന്നെങ്കിലും, 'നോക്കൂ ഞാനും ഒരു മനുഷ്യനാണ്, നിങ്ങളുടെ പ്രശ്നങ്ങൾ എന്റെ മുന്നിൽ കൊണ്ടു വരുമ്പോൾ നിങ്ങളിൽ കാര്യങ്ങൾ കൂടുതൽ പൊലിപ്പിച്ച് പറഞ്ഞ ആൾക്കനുകൂലമായി ഞാൻ വിധി പറഞ്ഞുപോയെന്നും വന്നേക്കാം, ഓർക്കുക! അനർഹമായത് എടുക്കുന്നവൻ ഒരു തീക്കനലാണ് കൊണ്ടുപോകുന്നത്, നിങ്ങൾക്ക് വേണമെങ്കിൽ അത് എടുക്കാം അല്ലെങ്കിൽ ഉപേക്ഷിച്ച് കളയാം എന്നും പറയുമായിരുന്നു.

നബി(സ)തിരുമേനി പറഞ്ഞു: ന്യായാധിപൻ മൂന്ന് തരക്കാരാണ്. ഒന്ന് സ്വർഗപ്രാപ്തൻ. രണ്ടാമത്തേത് നരകാവകാശി. സത്യം മനസ്സിലാക്കി അതിനനുകൂലമായി വിധി പറയുന്നവനാണ് സ്വർഗാവകാശിയായ ഖാളി. എന്നാൽ, സത്യം മനസ്സിലാക്കുന്നുണ്ടെങ്കിലും അനീതിയായ വിധി പറയുന്നവൻ നരകാവകാശിയാണ്. അതുപോലെ കാര്യങ്ങൾ ആലോചിച്ച് മനസ്സിലാക്കാതെ വിധി പറയുന്ന ന്യായാധിപനും നരകാവകാശിയാണ്.(അബൂദാവൂദ്)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി (സ)തിരുമേനി പറഞ്ഞു: 'ആരെയാണോ ജനങ്ങൾക്കായി ഖാളിയായി നിയോഗിച്ചത് അയാൾ കത്തിയൊന്നും കൂടാതെ ബലിയറുക്കപ്പെട്ടു.'(തിർമുദി, അബീദാവൂദ്)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു: 'സ്ഥാനം ചോദിച്ചു വാങ്ങുന്ന ഖാളി തന്റെ നഫ്സിന്റെ വലയിൽ കുടുങ്ങിപ്പോകും. നിർബന്ധിതനായി ഈ സ്ഥാനത്തു ഇരുത്തപ്പെടുന്ന ഖാളിയുടെമേൽ ഒരു മലക്ക് ഇറങ്ങും. ആ മലക്ക് അവനെ നേർവഴിയിൽത്തന്നെ നടത്തിക്കൊണ്ടിരിക്കും.

ഏതൊരു സമ്പത്തിന്റെ വിതരണം നബി(സ) തിരുമേനിയുടെ അധികാരത്തിലെത്തിയോ അതിലും ആ മഹാത്മാവ് നീതിന്യായം പരിഗണിച്ചിരുന്നു. എന്നാൽ, ചില അവസരങ്ങളിൽ ചില ആവശ്യങ്ങൾ പരിഗണിച്ച് ഒരു അവകാശിയുടേയും അവകാശം ഹനിക്കാതെ മറ്റു ചിലർക്ക് കുറച്ച് കൂടുതലും നല്കിയിരുന്നു. അങ്ങനെ ഹുനയ്ൻ യുദ്ധത്തിൽനിന്ന് തിരിച്ച് വരുമ്പോൾ ചില അറബ് നേതാക്കന്മാർക്ക് മറ്റു നേതാക്കന്മാരേക്കാൾ മുൻഗണന നല്കിക്കൊണ്ട് മനസ്സിണക്കത്തിനുവേണ്ടി സമ്മാനങ്ങളും ഔദാര്യങ്ങളും നല്കി. ഈ ഔദാര്യവും അനുകമ്പയും മൂലം ആ അറബ് നേതാക്കൾ മാത്രമല്ല അവരുടെ ഗോത്രങ്ങളും മുസ്ലിംകളായിത്തീർന്നു. നബി(സ)തിരുമേനി പറഞ്ഞു: ചില ആളുകൾക്ക് ഹൃദയസന്തുഷ്ടിയുടെ പേരിൽ നല്കുന്നു. എന്നാൽ, ഇവരെ അപേക്ഷിച്ച് മറ്റു ചിലർ എനിക്ക് കൂടുതൽ പ്രിയങ്കരരായിരിക്കും. അവരെ ഇസ്ലാമുമായി അടുപ്പിക്കാനാണിങ്ങനെ ചെയ്യുന്നത്.(ബുഖാരി) പക്ഷേ, ഒരു അജ്ഞനായമനുഷ്യൻ അതിൽ നീതി കാണിച്ചില്ലെന്ന് പറഞ്ഞ് പരാതിപ്പെട്ടു. ഈ പരാതി നബി(സ)തിരുമേനി അറിഞ്ഞപ്പോൾ അല്ലാഹുവും അവന്റെ റസൂലും നീതി ചെയ്തില്ലെങ്കിൽ പിന്നാര് ചെയ്യാനാണെന്ന് പറഞ്ഞു. അല്ലാഹു മൂസായുടെ കാരുണ്യം ചെയ്യട്ടെ. അദ്ദേഹത്തിന് മേൽ ഇതിലും വലിയ ആരോപണം ചെയ്യപ്പെട്ടു. എന്നാൽ അദ്ദേഹം ക്ഷമ കാണിച്ചു. (ബുഖാരി)

ഇതേ പോലെ യുദ്ധമുതൽ വിതരണം ചെയ്യുന്ന കാര്യത്തിൽ ഒരു അൻസ്വാരിയും ആക്ഷേപം ഉന്നയിച്ചിരുന്നു. പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഇതെന്താണ്? രക്തം ഞങ്ങളുടെ വാളുകൊണ്ടാണ് ചൊരിഞ്ഞത്, സമ്പത്ത് താങ്കൾ മുഹാജിരീംകളിലാണ് വിതരണം ചെയ്യുന്നത്? നബി(സ)തിരുമേനി എത്ര നല്ല മറുപടിയാണ് നല്കിയത്! ആ മഹാത്മാവ് പറഞ്ഞു: അവർ യുദ്ധമുതൽ വീട്ടിൽ കൊണ്ടുപോകുന്നതും നിങ്ങൾ അല്ലാഹുവിന്റെ റസൂലിനെ കൂടെ കൊണ്ടുപോകുന്നതും നിങ്ങൾക്കിഷ്ടമല്ലെ. ഈ മറുപടിയിൽ ആക്ഷേപകൻ നാണിച്ചുപോയതിനോടൊപ്പം മുഴുവൻ അൻസ്വാറും അയാളുടെ ആക്ഷേപത്തെ പഴിക്കുകയും ചെയ്തു.

വാസ്തവത്തിൽ നബി(സ)തിരുമേനി സ്വത്ത് വിതരണത്തിൽ ചില കാര്യങ്ങൾ മുൻനിറുത്തി മുൻഗണന വിധിച്ചപ്പോഴും അത് നീതിന്യായത്തിൽ നിന്ന് വ്യതിചലിച്ച് കൊണ്ടായിരുന്നില്ല. മറിച്ച് തനിക്ക് 5 ൽ ഒരവകാശമുള്ള സ്വത്ത് വിതരണ വേളയിൽപോലും തന്നെയും തന്റെ പ്രിയപ്പെട്ടവരെയും മാറ്റി നിറുത്തുകയാണ് അവിടന്ന് ചെയ്തത്. ഒരുപാടു തടവുകാർ വരപ്പെടുകയും നബി(സ)തിരുമേനി ആവശ്യക്കാർക്ക് അവരെ വീതിച്ചു കൊടുക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ, ചക്കി തിരിച്ച് കൈയിൽ തഴമ്പു വന്നതിനാൽ വീട്ടാവശ്യത്തിനായി ഒരു തടവുകാരനെ വിട്ടു തരണമെന്ന് നബി(സ) തിരുമേനിയുടെ പ്രിയപുത്രി ഹദ്റത്ത് ഫാത്വിമ അപേക്ഷിച്ചു.നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവാണ! നിനക്ക് സഹായിയെ നല്കി പട്ടിണികൊണ്ട് വലഞ്ഞ, ചെലവിന് ഒരു വകയുമില്ലാത്ത ദരിദ്രനെ വെറും കൈയൊടെ മടക്കാൻ എനിക്ക് കഴിയില്ല. ഞാൻ തടവുകാരുടെ വില കൊണ്ട് ദരിദ്രരുടെമേൽ ചെലവഴിക്കുന്നതാണ്. ഫാത്തിമയുടെ ബുദ്ധിമുട്ടിൽനിന്ന് രക്ഷിക്കാൻ ഒരുപായം പറഞ്ഞുകൊടുത്തു. എല്ലാ ഫർള് നമസ്കാരത്തിന് ശേഷവും സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ എന്ന് ഉരുവിട്ടുകൊണ്ടിരിക്കുക. ഇത് തടവുകാരെ ലഭിക്കുന്നതിലും ഉത്തമമാണ്.

തുടക്കത്തിൽ ഈ വിനീതൻ ഓതിയ സൂറാ മാഇദയിലെ ആയത്തിൽ ശത്രുക്കളോട് നീതിയോടെ സംബന്ധിച്ച അധ്യാപനമാണ് നല്കിയത്. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം ഞാൻ വിവരിക്കം. ഒരിക്കൽ നബി(സ)തിരുമേനി അനുചരരെ പുറംവാർത്തകൾ അറിയാൻ പറഞ്ഞയച്ചു. യുദ്ധാവസരമായ കാരണത്താൽ എല്ലാ കാര്യത്തിലും നോട്ടമെത്തേണ്ടത് ആവശ്യമായിരുന്നു. അങ്ങനെ ചില ശത്രുക്കളെ ഹറമിന്റെ പരിധിയിൽ കണ്ടു. ഇവരെ വെറുതെ വിട്ടാൽ അവർ മക്കക്കാരെ വിവരം അറിയിച്ച് നമ്മുടെ ജീവന് ഭീഷണിയാവും എന്ന് കരുതി മുസ്ലീംകൾ അവരെ ആക്രമിച്ചു. അതിലൊരു അവിശ്വാസി കൊല്ലപ്പെട്ടു. ഈ വിവരാന്വേഷണ സംഘം മദീനയിൽ തിരിച്ചെത്തി. അവരുടെ പിന്നാലെ മക്കക്കാരുടെ ആളും വന്നു. ഹറമിന്റെ പരിധിയിൽ തങ്ങളുടെ 2 പേർ കൊല്ലപ്പെട്ടുവെന്ന് അയാൾ പരാതിപ്പെട്ടു. വാസ്തവത്തിൽ അവർ മുമ്പേയും നബി(സ)തിരുമേനിയുടെമേൽ അക്രമങ്ങൾ അഴിച്ചു വിട്ടിരുന്നതാണ്. ഇങ്ങനെ നോക്കുമ്പോൾ അവരുടെ ആക്ഷേപത്തിന് ഒരു പ്രസക്തിയും ഉണ്ടായിരുന്നില്ല. എങ്കിലും നബി(സ) തിരുമേനിയുടെ നീതിന്യായം എത്രമാത്രമാണെന്ന് നോക്കുക. നബി(സ)തിരുമേനി മക്കക്കാരോട് പറഞ്ഞു: 'നിങ്ങളോട് അനീതി കാണിച്ചിരിക്കുന്നു.' അങ്ങനെ അദ്ദേഹം കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നല്കി.

ഹുദയ്ബിയ്യ കരാറിൽ, ഒരു മുസ്‌ലിം മക്കയിൽ നിന്ന് മദീനയിലേക്ക് പോയാൽ അയാളെ തിരിച്ചയക്കണമെന്നും എന്നാൽ, മദീനയിൽ നിന്നാരെങ്കിലും മക്കയിലേക്ക് പോയാൽ അവരെ തിരിച്ചേല്പ്പിക്കേണ്ടതില്ലെന്ന ഒരു നിബന്ധനയും ഉണ്ടായിരുന്നു. ഈ കരാർ ഉണ്ടാക്കുന്ന അവസരത്തിൽ മക്കാ പ്രതിനിധിയായ സുഹയ്ലുബ്നു അംറിന്റെ ഇസ്‌ലാം മതം സ്വീകരിച്ച മകൻ അബൂ ജന്ദൽ മക്കക്കാരുടെ പീഢനങ്ങളിൽ സഹികെട്ട് മദീനയിലേക്ക് പോവുകയായിരുന്നു. കരാറിന്റെ അടിസ്ഥാനത്തിൽ നബി(സ) തിരുമേനി അദ്ദേഹത്തെ സുഹയ്‌ലുബ്നു അംറിന് തിരിച്ചേല്പിച്ചു. അയാൾ അദ്ദേഹത്തെ വീണ്ടും അതികഠിനമായ തടങ്കല്ലിലാക്കി. ഹദ്റത്ത് ഉമറിനെ പോലുള്ള ധീരന്മാരുടെ പോലും കരളലിയിക്കുന്ന തരത്തിലുള്ള കരാറായിരുന്നു ഇത്. എന്നാൽ, നബി(സ)തിരുമേനി തന്റെ തീവ്രമായ വികാരങ്ങളെപോലും ത്യാഗം ചെയ്ത് കരാർ പൂർത്തിയാക്കി. അതിന്റെ ഫലമായി സന്ധിയുടെ മൂന്ന് വർഷത്തിനുശേഷം വിജയശ്രീലാളിതനായി 10000 പരിശുദ്ധന്മാരോടൊപ്പം മക്കയിൽ പ്രവേശിക്കാനുള്ള തൗഫീഖ് അല്ലാഹു നബി(സ)തിരുമേനിക്കു നല്കി.

നബി(സ)തിരുമേനി ബയ്ത്തുല്ലായുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉഥ്മാൻ ബിൻ ത്വൽഹയോട് കഅ്ബ തുറക്കാൻ പറഞ്ഞപ്പോൾ അയാൾ വിസമ്മതിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അന്ന് നബി(സ) തിരുമേനി ഉഥ്മാനോട് പറഞ്ഞു: " ഉഥ്മാൻ, ഒരിക്കൽ ഇതിന്റെ താക്കോൽ എന്റടുത്ത് വരും. നീ കാത്തിരുന്നു കൊള്ളുക." അങ്ങനെ മക്കവിജയത്തിന്റെ അവസരത്തിൽ ഉഥ്മാനിൽ നിന്ന് താക്കോൽ വാങ്ങി വാതിൽ തുറക്കുകയും വിഗ്രഹങ്ങളെ തുടച്ചു മാറ്റുകയും ചെയ്തു.

ഇനി ഈ താക്കോൽ ബനൂ ഹാശിമിന് നല്കണമെന്ന് നബി(സ) തിരുമേനിയോട് ഹദ്റത്ത് അബ്ബാസ്(റ)അപേക്ഷിച്ചു. എന്നാൽ, നീതിപാലകരിൽ സർവശ്രേഷ്ഠനായ ആ പുണ്യാത്മാവ് എന്താണ് ചെയ്തതെന്നോ? ദീർഘകാലം കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉഥ്മാൻ ബിൻ ത്വൽഹയെ തന്നെ ആ താക്കോൽ വീണ്ടും ഏല്പിക്കുകയാണുണ്ടായത്.

-اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ-

ജനങ്ങളോടുള്ള കടമകൾ നിർവഹിക്കുന്ന കാര്യത്തിൽ നബി(സ)തിരുമേനി പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു. കടം വാങ്ങിയത് തിരിച്ചു നല്കുന്ന കാര്യത്തിൽ നിഷ്ക്കർശ പാലിച്ചിരുന്നു. കടം വാങ്ങിയിട്ട് തിരിച്ച് കൊടുക്കാതെയാണ് ആരെങ്കിലും മരണപ്പെട്ടതെന്നറിഞ്ഞാൽ നബി(സ) തിരുമേനി അയാളുടെ ജനാസ നമസ്കരിച്ചിരുന്നില്ല.

ഏതെങ്കിലും വ്യക്തിക്ക് വല്ല ക്ലേശമോ മനോവേദനയോ മറ്റൊരാൾ മുഖേന ഉണ്ടായെന്നറിഞ്ഞാൽ അയാൾ മാപ്പ് പറയാതെ നബി(സ) തിരുമേനിയ്ക്ക് സമാധാനം വരുമായിരുന്നില്ല. നബി(സ) തിരുമേനിയുടെ സ്വന്തം അവസ്ഥ വീക്ഷിക്കുമ്പോൾ തന്നെ ഈ കാര്യം വ്യക്തമാകും. സൂറ: നസ്ർ അവതരിച്ചതിനു ശേഷം (നബി(സ) തിരുമേനിയുടെ വഫാത്തിനെ സംബന്ധിച്ച് സൂചന അതിലുണ്ടായിരുന്നു.) നബി(സ) തിരുമേനി ഒരു ഖുത്ബ നിർവ്വഹിച്ചു. ആ ഖുത്ബ കേട്ട സ്വഹാബാക്കൾ പൊട്ടിക്കരഞ്ഞുപോയി. ശേഷം നബി(സ)തിരുമേനി പറഞ്ഞു: ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പറയുകയാണ്. ആർക്കെങ്കിലും എന്തെങ്കിലും പ്രതികാരം ചെയ്യാനുണ്ടെങ്കിൽ ഖിയാമത്ത് നാളിനു മുമ്പേ ഇന്ന് ഇവിടെന്നുതന്നെ ചെയ്യാവുന്നതാണ്. അപ്പോൾ അക്കാശ എന്നു പേരായ വൃദ്ധൻ എഴുന്നേറ്റ് പറഞ്ഞു: ഒരു യുദ്ധത്തിൽ ഞാൻ അങ്ങയോടൊപ്പമായിരുന്നു. എന്റെ ഒട്ടകവും അങ്ങയുടെ ഒട്ടകവും അടുത്തടുത്തായിരുന്നു. ഞാൻ അങ്ങയുടെ പാദങ്ങൾ ചുംബിക്കാൻ ഒട്ടകപ്പുറത്ത് നിന്നിറങ്ങിയപ്പോൾ അങ്ങ് എന്റെ മുതുകത്ത് വടി കൊണ്ടടിച്ചു. അങ്ങ് എന്നെ മന:പൂർവം അടിച്ചതാണോ അതോ ഒട്ടകത്തെ അടിച്ചത് എനിക്ക് കൊണ്ടതാണോ എന്നറിയില്ല. നബി(സ)തിരുമേനി പറഞ്ഞു: "അല്ലാഹുവാണ! അല്ലാഹുവിന്റെ ദൂതൻ മന:പൂർവം നിന്നെ അടിക്കുകയില്ല." നബി(സ) തിരുമേനി ഹദ്റത്ത് ബിലാലിനോട് ആ വടി കൊണ്ടു വരാൻ പറഞ്ഞു. ഹദ്റത്ത് ഫാത്തിമയിൽ നിന്നും ഹദ്റത്ത് ബിലാൽ(റ) ആ വടി കൊണ്ടു വന്നു. നബി(സ)തിരുമേനി ആ വടി അക്കാശയ്ക്ക് കൊടുത്തു കൊണ്ട് പറഞ്ഞു: നീ പ്രതികാരം ചെയ്തു കൊള്ളുക. നബി(സ)തിരുമേനിക്കു പകരം തങ്ങളോട് പ്രതികാരം ചെയ്തു കൊള്ളുക എന്ന് ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും അക്കാശയോട് പറഞ്ഞു. നബി(സ)തിരുമേനി അവർ രണ്ടു പേരെയും ഇരുത്തി. അപ്പോൾ ഹദ്റത്ത് അലി(റ) എഴുന്നേറ്റ് തന്നോട് പ്രതികാരം ചെയ്തു കൊള്ളാൻ പറഞ്ഞു. നബി(സ)തിരുമേനി അദ്ദേഹത്തെയും തടഞ്ഞു. ശേഷം ഹദ്റത്ത് ഹസനും(റ) ഹദ്റത്ത് ഹുസയ്നും(റ) ഉം എഴുന്നേറ്റു പറഞ്ഞു: ഞങ്ങൾ നബി(സ)തിരുമേനിയുടെ പേരമക്കളാണ് ഞങ്ങളോട് പ്രതികാരം ചെയ്യുന്നത് നബി(സ)തിരുമേനിയോട് പ്രതികാരം ചെയ്യുന്നതു പോലെയാണ്. നബി(സ) അവരെയും വിലക്കി. എന്നിട്ട് അക്കാശയോട് പറഞ്ഞു: നീ പ്രതികാരം ചെയ്തു കൊള്ളുക. അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ വടി എന്റെ ശരീരത്തിൽ പതിഞ്ഞപ്പോൾ എന്റെ മുതുകത്ത് വസ്ത്രമില്ലായിരുന്നു. നബി(സ)തിരുമേനി തന്റെ മേൽവസ്ത്രം അഴിച്ചപ്പോൾ സ്വഹാബാക്കൾ ഭ്രാന്തന്മാരെപ്പോലെ കരഞ്ഞു. അക്കാശ നമ്മുടെ യജമാനനെ വടികൊണ്ടടിക്കുമോ? എന്ന് അവർ മനസ്സിൽ ചിന്തിച്ചു. നബി(സ)തിരുമേനിയുടെ ശരീരം കണ്ട അക്കാശ മുന്നോട്ടു വന്ന് നബി(സ) തിരുമേനിയുടെ മുതുകിൽ ചുംബിച്ചു കൊണ്ട് പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയിൽ തെണ്ടമാണ്! ആർക്കാണ് അങ്ങയോട് പ്രതികാരം ചെയ്യാൻ കഴിയുക? നബി(സ)തിരുമേനി പറഞ്ഞു: ഒന്നുകിൽ നീ പ്രതികാരം ചെയ്യുക, അല്ലെങ്കിൽ നീ അത് മാപ്പാക്കുക. അക്കാശ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഖിയാമത്തുന്നാളിൽ അല്ലാഹു എനിക്ക് മാപ്പ് നല്കുമെന്ന പ്രതീക്ഷയിൽ ഞാൻ അത് മാപ്പാക്കിയതാണ്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: സ്വർഗത്തിലെ എന്റെ കൂട്ടുകാരനെ കാണാൻ ആഗ്രഹിക്കുന്നവൻ ഈ വൃദ്ധനെ കണ്ടു കൊള്ളുക. അപ്പോൾ മുസ്‌ലിംകൾ അക്കാശയുടെ നെറ്റി ചുംബിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: നീ ഉന്നതസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.(മജ്മഉസ്സവാഇദ് വാള്യം 9 പേജ് 289 ദാറുൽകുതുബിൽഅറബി ബേറൂത്ത്)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അൽഖാമിസ് അയ്യദഹുല്ലാഹ്) പറയുന്നു: ഇക്കാലത്ത് ലോകത്ത് നീതി സ്ഥാപിക്കേണ്ട ഉത്തരവാദിത്തം അഹ്മദികളായ നമ്മളുടേതാണ്. എന്തെന്നാൽ. ഇക്കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിഞ്ഞെന്നും അദ്ദേഹത്തിൽ ബയ്അത്ത് ചെയ്തെന്നും വാദിക്കുന്നവരാണ് നമ്മൾ. നീതിമാനായ വിധി കർത്താവെന്ന് നബി(സ) തിരുമേനി വിശേഷിപ്പിച്ച ആ ഇമാമിൽ നാം വിശ്വസിക്കുമ്പോൾ നീതിയുടെ ഉന്നത നിലവാരം സ്ഥാപിക്കുമെന്ന പ്രതീക്ഷയാണ് നമ്മെപ്പറ്റിയുണ്ടാകുന്നത്.

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഇബ്നു മർയം നീതിമാനായ വിധികർത്താവായിക്കൊണ്ട് തീർച്ചയായും അവതരിക്കുന്നതാണ്'.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2 പേജ് 494 ബേറൂത്ത്)

മറ്റൊരു രിവായത്തിൽ ഹദറത്ത് അലി(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ലോകം അവസാനിക്കാൻ ഒരു ദിവസംപോലും ബാക്കിയുണ്ടെങ്കിലും അല്ലാഹു തീർച്ചയായും അഹ്‌ലെ ബയ്ത്തിൽ നിന്ന് ഒരാളെ നിയോഗിക്കുന്നതാണ്. അദ്ദേഹം ലോകത്ത് നീതി സ്ഥാപിക്കുന്നതാണ്.(അബൂദാവൂദ് കിതാബുൽ ഫിതൻ)

അതായത്, ഇമാം മഹ്ദി തീർച്ചയായും അവതരിക്കുന്നതാണ്. ഖിയാമത്തിനു ഒരു ദിവസം പോലും ബാക്കിയുണ്ടെങ്കിലും അദ്ദേഹം തീർച്ചയായും അവതരിക്കും. അതിനു ശേഷം ഇതൊക്കെ സംഭവിക്കുന്നതായിരിക്കും. ഇമാം മഹ്ദിയെ കാണാനും തിരിച്ചറിയാനും അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരാനും നബി(സ) തിരുമേനിയുടെ പ്രവചനം പുലർന്നത് കാണാനും കഴിഞ്ഞ നമ്മൾ ഭാഗ്യവാന്മാരാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇപ്പോൾ വാഗ്ദത്ത മസീഹിന്റെ കാലം വന്നിരിക്കുന്നു. ഇനി എന്തായാലും അല്ലാഹു ആകാശത്തുനിന്ന് എങ്ങനെയുള്ള കാര്യഹേതുക്കൾ ഉണ്ടാക്കുമെന്നാൽ ഭൂമി അക്രമവും അന്യായമായ കൊലപാതകങ്ങളുംകൊണ്ട് നിറഞ്ഞിരുന്നതുപോലെ ഇനി നീതിയും ശാന്തിയും മൈത്രിയുംകൊണ്ട് നിറയുന്നതാണ്. ഇതിൽനിന്ന് അല്പമെങ്കിലും ഭാഗമെടുക്കുന്ന അമീറും രാജാവും അനുഗൃഹീതരാണ്.'(ഗവൺമെന്റ് അഗ്രേസി ഔർ ജിഹാദ് റൂഹാനീ ഖസായിൻ വാള്യം 17 പേജ് 19)

## 10 ദർഹത്തിന്റെ അനുഗ്രഹം

"ഒരിക്കൽ നബി(സ) യ്ക്ക് ആരോ 10 ദർഹം കൊടുത്തു. തുണിക്കച്ചവടക്കാരൻ വന്നപ്പോൾ നബി(സ) 4 ദർഹം കൊടുത്തിട്ട് ഒരു കുപ്പായം വാങ്ങി. ആ കുപ്പായം ഇട്ടുകൊണ്ട് നബി(സ) വെളിയിൽ വന്നു. അപ്പോൾ ഒരു അൻസാരി പറഞ്ഞു, 'അല്ലാഹുവിന്റെ ദൂതരേ അതെനിക്കു തന്നാലും. അല്ലാഹു താങ്കൾക്കു സ്വർഗത്തിലെ കുപ്പായം തരും.' നബി(സ)അകത്തുപോയി തിരിച്ചു വന്ന് ആ കുപ്പായം അയാൾക്കു കൊടുത്തു. പിന്നീടു നബി(സ) കച്ചവടക്കാരന്റെ അടുക്കൽപോയി 4 ദർഹം കൊടുത്ത് മറ്റൊരു കുപ്പായം വാങ്ങി. ബാക്കി 2 ദർഹം നബി(സ)യുടെ കൈയിലുണ്ടായിരുന്നു. അതുമായി വരുമ്പോൾ വഴിയിൽനിന്ന് കരയുന്ന ഒരു അടിമസ്ത്രീയെ കണ്ടു. നബി(സ) അവളോടു കാരണം തിരക്കി. അവൾ പറഞ്ഞു,'2 ദർഹമിന് ആട്ട വാങ്ങാൻ എന്നെ വീട്ടുകാർ അയച്ചതാണ്. അതു കളഞ്ഞുപോയി.' നബി(സ) ഉടനെ കൈയിലുണ്ടായിരുന്ന 2 ദർഹമെടുത്ത് അവൾക്കു കൊടുത്തു. പക്ഷേ അവൾ കരച്ചിൽ നിറുത്തിയില്ല. നബി(സ) കാരണം ചോദിച്ചു. അവൾ പറഞ്ഞു,'താമസിച്ച കാരണത്താൽ വീട്ടുകാർ എന്നെ മർദിക്കും.' നബി(സ) അവളുടെ കൂടെപ്പോയി. കാര്യങ്ങൾ പറഞ്ഞതിനു ശേഷം നബി(സ)വീട്ടുകാരോടു പറഞ്ഞു,'നിങ്ങൾ അടിക്കുമെന്ന് ഭയന്നാണ് അവൾ എന്നെയും കൂട്ടി വന്നത്.' അവർ പറഞ്ഞു, അങ്ങയുടെ പാദങ്ങൾ വിഷമം സഹിച്ചതുകൊണ്ട് ഞങ്ങൾ ഇവളെ മോചിപ്പിക്കുന്നു. നബി(സ) പറഞ്ഞു,'അല്ലാഹു എന്റെ 10 ദർഹത്തിൽ എത്ര അനുഗ്രമാണിട്ടത്. ഒരു കുപ്പായം അൻസാരി സഹോദരനു കിട്ടി. ഒരു കുപ്പായം അല്ലാഹുവിന്റെ ദൂതനു കിട്ടി. ഒരു അടിമയും മോചിതയായി. ഇതെല്ലാം നല്കിയ അല്ലാഹുവിനെ ഞാൻവാഴ്ത്തുന്നു.'

## നബി ﷺ തിരുമേനിയുടെ അമൂല്യമായ മാർഗനിർദേശങ്ങൾ

● عَنْ اَبِیْ هُرَیْرَةَ عَبْدِ الرَّحْمٰنِ بْنِ صَخْرٍ رَضِیَ اللّٰهُ عَنْهُ قَالَ قَالَ رَسُوْلُ اللّٰهِ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ: اِنَّ اللّٰهَ لَا یَنْظُرُ اِلٰی اَجْسَامِکُمْ وَلَا اِلٰی صُوَرِکُمْ وَلٰکِنْ یَنْظُرُ اِلٰی قُلُوْبِکُمْ۔

(മുസ്‌ലിം കിതാബുൽബിർറി വസ്സില)

ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു നിങ്ങളുടെ ശരീരങ്ങളെ നോക്കുന്നില്ല. നിങ്ങളുടെ രൂപങ്ങളേയും (സൗന്ദര്യമുള്ളതാണോ സൗന്ദര്യമില്ലാത്തതാണോ എന്ന്) നോക്കുന്നില്ല. പ്രത്യുത അവൻ നിങ്ങളുടെ ഹൃദയങ്ങളെയാണ് നോക്കുന്നത്.(അതിൽ എത്രമാത്രം ആത്മാർഥതയും ഭംഗിയുമാണുള്ളതെന്ന്).

● عَنْ مُعَاوِیَةَ بْنِ اَبِیْ سُفْیَانَ رَضِیَ اللّٰهُ عَنْهُمَا قَالَ سَمِعْتُ رَسُوْلَ اللّٰهِ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ یَقُوْلُ اِنَّمَا الْاَعْمَالُ کَالْوِعَاءِ اِذَا طَابَ اَسْفَلُهُ طَابَ اَعْلَاهُ وَاِذَا فَسَدَ اَسْفَلُهُ فَسَدَ اَعْلَاهُ۔

(ഇബ്നുമാജ അബ്‌വാബുസ്സുഹ്ദ്)

ഹദ്റത്ത് മുആവിയ ബിൻ അബൂസുഫ്‌യാൻ(റ) വിവരിക്കുന്നു: 'ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. കർമങ്ങൾ ഒരു പാത്രത്തിൽ കിടക്കുന്ന സാധനംപോലെയാണ്. പാത്രത്തിൽ കിടക്കുന്ന സാധനത്തിന്റെ താഴത്തെ ഭാഗം നല്ലതാണെങ്കിൽ അതിന്റെ മുകളിലത്തെ ഭാഗവും നല്ലതായിരിക്കും. അതിന്റെ താഴെ കിടക്കുന്ന ഭാഗം മലിനവും അശുദ്ധവുമാണെങ്കിൽ മുകളിലത്തെ ഭാഗവും മലിനവും അശുദ്ധവുമായിരിക്കും.'(ഇതേ അവസ്ഥയാണ് കർമങ്ങളുടേത്)

● عَنْ اَبِیْ هُرَیْرَةَ رَضِیَ اللّٰهُ عَنْهُ قَالَ قَالَ رَسُوْلُ اللّٰهِ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ مَنْ لَا یَشْکُرِ النَّاسَ لَا یَشْکُرِ اللّٰهَ۔

(തുർമുദി ബാബ് ഫിശ്ശുക്‌രി ലിമൻ അഹ്സനു ഇലയ്ക്ക)

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'ആരാണോ ജനങ്ങളോടു നന്ദി കാണിക്കാത്തത് അവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല. അതായത് ആരുടെയെങ്കിലും ഉപകാരത്തിന്റെ ഫലമായി മനുഷ്യന് ഏതെങ്കിലും അനുഗ്രഹമോ നന്മയോ കരസ്ഥമായാൽ അവിടെ അല്ലാഹുവിനോടു നന്ദി പറയേണ്ടത് നിർബന്ധമാണെന്നതുപോലെ ആ ഉപകാരിയായ മനുഷ്യനോടും നന്ദി കാണിക്കേണ്ടത് അനിവാര്യമാണ്.'

● عَنْ اَبِیْ هُرَیْرَةَ رَضِیَ اللّٰهُ عَنْهُ قَالَ: قَالَ النَّبِیُّ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ کُلُّ اَمْرٍ ذِیْ بَالٍ لَا یُبْدَأُ فِیْهِ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِیْمِ فَهُوَ اَقْطَعُ۔

(അൽജാമിഉസ്സ്വഗീർ ലിസ്സുയൂത്ത്വി ഹർഫ് കാഫ്, വ കശ്ശാഫ്)

ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'ബിസ്മില്ലാഹിർ റഹ്മാനിർറഹീം ചൊല്ലാതെ ഏതൊരു ജോലിയാണോ ആരംഭിക്കുന്നത് അത് അപൂർണവും അനുഗ്രഹരഹിതവുമായിരിക്കും.'

● قَالَ النَّبِیُّ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ : مَنْ سَرَّهُ اَنْ یُحِبَّ اللّٰهَ وَرَسُوْلَهُ اَوْ یُحِبَّهُ اللّٰهُ وَرَسُوْلُهُ فَلْیَصْدُقْ حَدِیْثَهُ اِذَا حَدَّثَ وَلْیُؤَدِّ اَمَانَتَهُ اِذَا ائْتُمِنَ وَلْیُحْسِنْ جِوَارَ مَنْ جَاوَرَهُ۔

(മിശ്ക്കാത്ത് ബാബു ശ്ശഫ്ഖത്തി വർറഹ്മത്തി അലൽ ഖൽഖി)

നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങൾ അല്ലാഹുവിനോടും അവന്റെ റസൂലിനോടും യഥാർഥത്തിൽ സ്നേഹബന്ധം പുലർത്തുകയും അല്ലാഹുവും അവന്റെ റസൂലും നിങ്ങളേയും സ്നേഹിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ അതു കരസ്ഥമാക്കാൻ നിങ്ങൾ സത്യം പറയേണ്ടതാണ്, നിങ്ങളുടെ കൈയിൽ അമാനത്ത് മുതൽ വെച്ചാൽ അതിൽ വഞ്ചന കാണിക്കാതിരിക്കേണ്ടതാണ്, നിങ്ങളുടെ അയൽവാസികളോടു നല്ലരീതിയിൽ പെരുമാറേണ്ടതാണ്.

● عَنْ جَابِرٍ رَضِیَ اللّٰهُ عَنْهُ قَالَ سَمِعْتُ رَسُوْلَ اللّٰهِ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ یَقُوْلُ: اَفْضَلُ الذِّکْرِ: لَا اِلٰهَ اِلَّا اللّٰهُ وَاَفْضَلُ الدُّعَاءِ: اَلْحَمْدُ لِلّٰهِ۔

(തുർമുദി കിതാബുദ്ദഅ്‌വാത്ത്)

ഹദ്റത്ത് ജാബിർ(റ)വിവരിക്കുന്നു:നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: 'ഏറ്റവും ഉത്തമമായ ദൈവസ്മരണ കലമയെ തൗഹീദാണ്. അതായത് ലാ ഇലാഹ ഇല്ലല്ലാഹ് അഥവാ അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഏറ്റു പറയലാണ്. ഏറ്റവും ഉത്തമമായ ദുആ അൽഹംദുലില്ലാഹ് എന്നതാണ്.'

● جُبِلَتِ الْقُلُوْبُ عَلٰی حُبِّ مَنْ اَحْسَنَ اِلَیْهَا وَبُغْضِ مَنْ اَسَاءَ اِلَیْهَا۔

(ജാമിഉസ്സ്വഗീർ വാല്യം 1 പേജ് 120)

## മുഹമ്മദ് ﷺ പർ ഹമാരി ജാൻ ഫിദാ ഹെ

കലാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്
ഖലീഫത്തുൽമസീഹ് ഥാനീ(റ)

മുഹമ്മദ് പർ ഹമാരി ജാൻ ഫിദാ ഹെ
കെ വൊ കോയെ സനം കാ രഹ്നുമാ ഹെ
മെരാ ദിൽ ഉസ് നെ രോശൻ കർദിയാ ഹെ
അന്ധേരെ ഘർ കാ വൊ മേരേ ദിയാ ഹെ
ഖബ്ർ ലേ ഏ മസീഹാ ദർദെ ദിൽ കി
തെരേ ബീമാർ കാ ദം ഘുട്ട് രഹാ ഹെ
മെരാ ഹർ ദർറ ഹൊ ഖുർബാനെ അഹ്മദ്.
മെരെ ദിൽ കാ യഹി ഇക് മുദ്ദആ ഹെ
ഉസീ കെ ഇശ്ഖ് മെ നിക്‌ലെ മെരീ ജാൻ
കെ യാദെ യാർ മെ ഭി ഇക് മദാ ഹെ
മുഹമ്മദ് ജൊ ഹമാരാ പേശ്‌വാ ഹെ
മുഹമ്മദ് ജോ കെ മഹ്ബൂബെ ഖുദാ ഹെ
ഹൊ ഉസ് കെ നാമ് പർ ഖുർബാൻ സബ് കുച്ഛ്
കെ വൊ ശാഹ്നെശഃ ഹർ ദോ സറാ ഹെ
ഉസീസെ മേരാ ദിൽ പാത്താഹെ തസ്ക്കീൻ
വുഹീ ഇക് രാഹെ ദീൻ കാ രഹ്നുമാ ഹെ
മുഝെ ഇസ് ബാത്ത് പർ ഹെ ഫഖ്റെ മഹ്മൂദ്
മെരാ മഅ്ശൂഖ് മഹ്ബൂബെ ഖുദാ ഹെ

### കഥ പറയൽ:

നബി(സ)തിരുമേനി തന്റെ ഭാര്യമാർക്ക് കഥകളും പറഞ്ഞുകൊടുക്കുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ)ക്ക് 13 സ്ത്രീകളുടെ കഥകൾ നബി(സ)തിരുമേനി കേൾപിച്ചു. അവർ പരസ്പരം തങ്ങളുടെ ഭർത്താക്കന്മരുടെ നല്ലതും ചീത്തയുമായ കാര്യങ്ങൾ തുറന്നു പറയാൻ തുടങ്ങി. എന്നാൽ, ഉമ്മു സർഅ എന്നു പേരുള്ള ഒരു സ്ത്രീ, അവളെ കഥയനുസരിച്ച് അവളുടെ ഭർത്താവ് അബൂസർഅ പിന്നീട് ത്വലാഖ് ചെയ്ത് വേറെ വിവാഹം കഴിച്ചിരുന്നു. അവൾ അവളുടെ ഭർത്താവിനെ നിറഞ്ഞ മനസ്സോടെ പ്രശംസിച്ചു. നബി(സ)തിരുമേനി പറഞ്ഞു: എന്റേയും ആയിശയുടേയും ഉദാഹരണം അബൂസർഅയെ പോലെയാണ്. നീ എന്റെ ഉമ്മു സർഅയാണ്; ഞാൻ നിന്റെ അബൂസർഅയും. വ്യത്യാസം ഇത്രമാത്രമാണ് അബൂസർഅ ഉമ്മുസർഅയെ ത്വലാഖ് ചെയ്തിരുന്നു. ഞാൻ ഒരിക്കലും നിന്നെ ത്വലാഖ് ചൊല്ലുകയില്ല. *(ബുഖാരി കിതാബുന്നിക്കാഹ്)*

### ആയുധാഭ്യാസപ്രകടനം:

ഒരു പെരുന്നാൾ ദിനത്തിൽ ഹബ്ശികൾ മസ്ജിദ് നബിയുടെ വിശാലമായ വരാന്തയിൽ ആയുധാഭ്യാസ പ്രകടനം നടത്തുകയായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ആയിശ(റ)യോടു 'നിനക്കിത് കാണാൻ ആഗ്രഹമുണ്ടോ?' എന്ന് ചോദിച്ചു. ആയിശയുടെ ആഗ്രഹപ്രകാരം നബി(സ)തിരുമേനി അവരെ തന്റെ പിന്നിൽ നിറുത്തി. ഹദ്റത്ത് ആയിശ(റ) പറയുന്നു, ഞാൻ കുറേ സമയം നബി(സ)തിരുമേനിയുടെ പിന്നിൽനിന്ന് തോളിൽ താടിവെച്ചുകൊണ്ടും കവിളിനോട് എന്റെ കവിൾ ചേർത്തുവെച്ചുകൊണ്ടും കളികണ്ടു. എന്റെ ഭാരം നബി(സ)തിരുമേനി വഹിക്കുന്നുണ്ടായിരുന്നു.' *(ബുഖാരി കിതാബുൽ ഈദയ്ൻ)*

'ഉപകാരിയെ സ്നേഹിക്കുകയും ദുഷ്പെരുമാറ്റം നടത്തുന്നവനെ വെറുക്കുകയും ചെയ്യുക എന്ന കാര്യം മനുഷ്യമനസ്സിന്റെ സ്വഭാവത്തിലും ആചാരത്തിലും അടങ്ങിയിരിക്കുന്നു.'

● عَنْ اُمِّ هَانِیٍٔ رَضِیَ اللّٰهُ عَنْهَا قَالَتْ: قَالَ رَسُوْلُ اللّٰهِ صَلَّی اللّٰهُ عَلَیْهِ وَسَلَّمَ : یَا عَائِشَةُ لِیَکُنْ شِعَارُکِ الْعِلْمَ وَالْقُرْاٰنَ۔

(മുസ്നദുൽ ഇമാമുൽ അഅ്ളം കിതാബുൽ ഇൽമ് പേജ് 20)

ഹദ്റത്ത് ഉമ്മുഹാനി(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു:'ഏ ആയിശാ! നിന്റെ അടയാളം വിശുദ്ധ ഖുർആനും ജ്ഞാനവും ആയിരിക്കണം.' അതായത് വിശുദ്ധ ഖുർആനോടും ജ്ഞാനത്തോടും നിനക്ക് എത്രമാത്രം സ്നേഹമുണ്ടായിരിക്കണമെന്നാൽ അതിനെക്കാളുപരി സമീപസ്ഥവും പ്രിയങ്കരവുമായ ഒരു വസ്തുവും നിനക്കുണ്ടാകരുത്. ശരീരത്തോടു പറ്റിപിടിച്ചുകിടക്കുന്ന വസ്ത്രത്തിനാണ് 'ശിആർ' എന്ന് പറയുന്നത്.

# നബി ﷺ തിരുമേനി; അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന വ്യക്തി എന്ന നിലയിൽ

ശേഖ് മുജാഹിദ് അഹ്മദ് ശാസ്ത്രി, എഡിറ്റർ, ഹിന്ദി ബദർ വാരിക, ഖാദിയാൻ
പരിഭാഷ: മൗലവി മുഹമ്മദ് മൻസിൽ

അല്ലാഹു തആല വിശുദ്ധഖുർആനിൽ നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:

يَا أَيُّهَا الرَّسُولُ بَلِّغْ مَا أُنْزِلَ إِلَيْكَ مِنْ رَبِّكَ

ഓ ദൈവദൂതാ, നിനക്ക് നിന്റെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടത് നീ(ജനങ്ങൾക്ക്) എത്തിക്കുക (5:68)

പിന്നീട് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന്റേയും സന്ദേശമെത്തിക്കുന്നതിന്റേയും രീതിയെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

فَلِذَٰلِكَ فَادْعُ ۖ وَاسْتَقِمْ كَمَا أُمِرْتَ

അതിനാൽ ഇതിലേക്ക് (ജനങ്ങളെ)നീ ക്ഷണിക്കുക. നിന്നോട് ആജ്ഞാപിക്കപ്പെട്ടതുപോലെ നീ ചൊവ്വായി നിലകൊള്ളുക.(42:16)

വീണ്ടും പറയുന്നു:

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُمْ بِالَّتِي هِيَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَنْ ضَلَّ عَنْ سَبِيلِهِ ۖ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿١٢٦﴾

തത്ത്വജ്ഞാനവും സദുപദേശവുംകൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ച് പോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു. (16:126) ഈ ദൈവികവചനങ്ങളിൽനിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനിയുടെ അടിസ്ഥാനപരമായ നില അല്ലാഹുവിലേക്ക് ക്ഷണിക്കുന്നയാളുടേതായിരുന്നു എന്നാണ്. അല്ലാഹു പറയുന്നു:

يَا أَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا ﴿٤٦﴾ وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُنِيرًا ﴿٤٧﴾

ഓ നബി! നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശം നൽകുന്ന വിളക്കായും (നിന്നെ അയച്ചിരിക്കുന്നു)(33:46-47)

നബി (സ)തിരുമേനിയുടെ പരിശുദ്ധ ജീവചരിത്രം വായിക്കുമ്പോൾ അവിടന്ന് ഇസ്ലാമിന്റെ സന്ദേശപ്രചാരണത്തെ മറ്റെല്ലാ പ്രവൃത്തികളെക്കാളും മുന്തിക്കുകയും എല്ലാ കാലത്തും ഏതവസ്ഥയിലും അതിന്റെ തേട്ടങ്ങളെ പൂർത്തിയാക്കുന്നതിൽ പൂർണമായും മുഴുകുകയും ചെയ്തിരുന്നു എന്ന യാഥാർഥ്യം സ്പഷ്ടമായ നിലയിൽ മനസ്സിലാകുന്നതാണ്.

വരൂ, നമുക്ക് നബി(സ)തിരുമേനിയുടെ ദഅ്വത്തെ ഇലല്ലായുടെ (അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കന്നതിന്റെ)ചില ഭാഗങ്ങൾ, അവിടത്തെ ഉത്തമമാതൃകകൾ, അനുഗൃഹീതമായ അരുളപ്പാടുകൾ സംബന്ധിച്ച് ആ മഹാത്മാവിന്റെ സത്യദാസൻ വാഗ്ദത്ത മസീഹ് സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി (അ)യുടെ ലേഖനങ്ങളുടെ വെളിച്ചത്തിൽ പഠിച്ചുനോക്കാം. അങ്ങനെ നമുക്ക് നമ്മുടെ ഉത്തരവാദിത്തങ്ങളെ വളരെ ഉന്നതമായ നിലയിൽ നബി(സ)തിരുമേനിയുടെ ഉത്തമ മാതൃകയുടെ വെളിച്ചത്തിൽ പൂർത്തിയാക്കാൻ കഴിയുമാറാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ആ ധന്യാത്മാവിന്റെ കാലടിപ്പാടുകളെ പിൻപറ്റിക്കൊണ്ട് അല്ലാഹുവിലേക്ക് ക്ഷണിക്കൽ മുസ്ലിം സമുദായത്തിനുമേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.ആലു ഇംറാൻ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿١٠٥﴾

ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും തിന്മയെ തടയുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.(3:105)

ദഅ്വത്തെ ഇലല്ലായെപ്രോത്സാഹിപ്പിക്കൽ:

ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ്(റ) രിവായത്ത് ചെയ്യുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അലി(റ)യെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു; 'അല്ലാഹുവാണ! നീ മുഖേന ഒരാൾ ഹിദായത്തിലാവുകയാണെങ്കിൽ അത് നിനക്ക് ഉന്നതനിലയിലുള്ള ചെമന്ന ഒട്ടകം ലഭിക്കുന്നതിനേക്കാളും ഉത്തമമായ കാര്യമാണ്.' (മുസ്ലിം കിത്താബുൽ ഫളാഇൽ, ബാബ് ഫളാഇൽ അലി ബിൻ അബീത്വാലിബ്)

നന്മയിലേക്ക് വിളിക്കുന്നതിന്റെ പ്രതിഫലം:

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ആരാണോ ഏതെങ്കിലും നല്ല പ്രവൃത്തിയിലേക്കും നേർമാർഗത്തിലേക്കും വിളിക്കുന്നത് അയാൾക്ക് അത് ചെയ്യുന്നയാൾക്ക് ലഭിക്കുന്ന അത്ര തന്നെ പ്രതിഫലം ലഭിക്കുന്നതാണ്. അയാളുടെ പ്രതിഫലത്തിൽനിന്ന് അല്പംപോലും കുറയുന്നതല്ല. ഏതൊരാളാണോ മാർഗഭ്രംശത്തിലേക്കും തിന്മയിലേക്കും വിളിക്കുന്നത് അയാൾക്കും ആ തിന്മ ചെയ്യുന്ന ആൾക്ക് ലഭിക്കുന്നത്ര പാപം ലഭിക്കുന്നതാണ്. അയാളുടെ പാപങ്ങളിൽനിന്ന് ഒട്ടും കുറക്കപ്പെടുന്നതല്ല." (മുസ്ലിം കിത്താബുൽ ഇൽമ്)

**നബി(സ) തിരുമേനിയുടെ തബ്ലീഗ് പ്രവർത്തനങ്ങൾ**

"നബി(സ)തിരുമേനി ഹിജ്റത്തിന് കുറച്ച് കാലം മുമ്പേ ഹദ്റത്ത് അബൂദർ ഗഫ്ഫാരി(റ)നെ അധ്യാപകനാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ജനങ്ങളിലേക്ക് അയച്ചു. അദ്ദേഹം അവരിൽ ചെന്ന് ഇസ്ലാമിന്റെ സന്ദേശം നൽകിയപ്പോൾ ഗോത്രത്തിന്റെ പകുതിയാളുകൾ മുസ്ലിംകളായി. പകുതി ആളുകൾ പറഞ്ഞു: ഞങ്ങൾ ഹിജ്റത്തിനുശേഷം വിശ്വസിക്കുന്നതാണ്. അങ്ങനെ അവിടന്ന് മദീനയിലെത്തിയപ്പോൾ അവരും ഇസ്ലാം ആശ്ലേഷിച്ചു. അവരെ കണ്ടപ്പോൾ അസ്ലം ഗോത്രക്കാരും ഇസ്ലാമിന്റെ മുമ്പിൽ തലകുനിച്ചു." (മുസ്ലിം കിതാബുൽ ഫളാഇൽ, ബാബ് ഫളാഇൽ അബീദർ)

**തബ്ലീഗിന്റെ പ്രാരംഭം:**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) തന്റെ സീറത്ത് ഖാത്തമുന്നബിയ്യിൻ എന്ന വിശ്വപ്രസിദ്ധമായ ഗ്രന്ഥത്തിൽ പറയുന്നു. "നബി(സ) സമാധാനനിർഭരവും സ്വസ്ഥവുമായ പ്രകൃതത്തിന്റെ ഉടമയായിരുന്നു. അവിടന്ന് ജനങ്ങളെ ഏകദൈവത്തിലേക്ക് ക്ഷണിക്കുകയും ബഹുദൈവാരാധനയ്ക്കെതിരിലുള്ള അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രാരംഭത്തിൽ തുറന്നനിലയിൽ ദൗത്യപ്രചാരണം നടത്തിയിരുന്നില്ല. മറിച്ച്, അങ്ങേയറ്റം രഹസ്യമായാണ് പ്രവൃത്തി ആരംഭിച്ചത്. തന്റെ അധ്യാപനം അടുത്തിടപഴകുന്നവരിൽ മാത്രം ഒതുക്കി." (സീറത്ത് ഖാത്തമുന്നബിയ്യിൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 120)

അടുത്ത ബന്ധുക്കൾക്ക് ക്ഷണം:

ഹദ്റത്ത് അലി(റ)യോട് നബി(സ)തിരുമേനി ഒരു സദ്യക്കുള്ള ഒരുക്കങ്ങൾ നടത്താനും അതിലേക്ക് ബനൂ അബ്ദുൽ മുത്തലിബിനെ ക്ഷണിക്കാനും ആവശ്യപ്പെട്ടു. അങ്ങനെ അവരിലേക്ക് സന്ദേശം എത്തിക്കാൻ സാധിക്കുന്നതാണ്. ഹദ്റത്ത് അലി(റ) സദ്യക്കുള്ള ഏർപ്പാട് നടത്തി. അവിടന്ന് തന്റെ അടുത്ത ബന്ധുക്കളിൽനിന്ന് ഏകദേശം നാൽപതുപേരെ ക്ഷണിച്ചുവരുത്തി. ഭക്ഷണം കഴിച്ച് കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി അവരെ സംബോധന ചെയ്ത് പ്രസംഗം ആരംഭിക്കാൻ ആഗ്രഹിച്ചതും ദുർഭഗനായ അബൂലഹബ് എന്തോ പറഞ്ഞതോടെ ജനങ്ങൾ ചിതറിപ്പോയി. അപ്പോൾ 'ഈ അവസരം നഷ്ടപ്പെട്ടു, വീണ്ടും ഒരു സദ്യക്ക് ഒരുക്കം നടത്തുക' എന്ന് ഹദ്റത്ത് അലി(റ)യോട് നബി(സ)തിരുമേനി പറഞ്ഞു. അങ്ങനെ അവിടത്തെ ബന്ധുക്കൾ വീണ്ടും ഒരുമിച്ചുകൂടി. നബി(സ)തിരുമേനി അവരെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'അല്ലയോ ബനൂ അബ്ദുൽ മുത്തലിബേ! ഞാൻ നിങ്ങളിലേക്ക് ഒരു കാര്യവുമായി വന്നിരിക്കുന്നു. ഇതിലും നല്ലതായിട്ടുള്ള ഒരു കാര്യവും ഒരാളുംതന്നെ തന്റെ ഗോത്രത്തിലേക്ക് കൊണ്ടുവന്നിട്ടില്ല. ഞാൻ നിങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്നു. ഞാൻ പറയുന്ന കാര്യം നിങ്ങൾ അംഗീകരിക്കുകയാണെങ്കിൽ ദീനിന്റേയും ദുൻയാവിന്റേയും നല്ല അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളായി മാറുന്നതാണ്. പറയുക, ഈ ജോലിയിൽ

എന്നെ സഹായിക്കാനാരുണ്ട്? എല്ലാവരും നിശ്ശബ്ദരായിരുന്നു. സദസിൽ മൂകത തളംകെട്ടിയിരുന്നു. പെട്ടെന്ന് ഒരു ഭാഗത്തുനിന്ന് പതിമൂന്ന് വയസുകാരനായ മെലിഞ്ഞ ഒരു കുട്ടി എഴുന്നേറ്റു. അവന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഒലിക്കുന്നുണ്ടായിരുന്നു. അവൻ ഇപ്രകാരം പറഞ്ഞു. "ഞാൻ നിങ്ങളിൽ വച്ചേറ്റവും ബലഹീനനാണ്. ഏറ്റവും ചെറുതുമാണ്. എന്നാൽ, ഞാൻ താങ്കളെ സഹായിക്കുന്നതാണ്." ഹദ്റത്ത് അലി(റ)യുടെശബ്ദമായിരുന്നു അത്. ഹദ്റത്ത് അലി(റ)യുടെ വാക്കുകൾ കേട്ടപ്പോൾ നബി(സ)തിരുമേനി കുടുംബക്കാരിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്കറിയാമെങ്കിൽ ഈ കുട്ടി പറഞ്ഞ കാര്യം കേൾക്കുക, അംഗീകരിക്കുക.' സദസ്യർ ഈ ദൃശ്യംകണ്ട് പാഠം ഉൾക്കൊള്ളുന്നതിനു പകരം പരിഹാസത്തോടെ പൊട്ടിച്ചിരിച്ചു. അബൂലഹബ് തന്റെ ജ്യേഷ്ഠൻ, അബൂ ത്വാലിബിനോട് പറഞ്ഞു: നീ നിന്റെ മകനെ പിൻപറ്റണമെന്നാണ് മുഹമ്മദ് നിന്നോട് ആജ്ഞാപിക്കുന്നത്.' അവസാനം അവർ ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും ബലഹീനമായ അവസ്ഥയെ പരിഹസിച്ചുകൊണ്ട് അവിടെനിന്ന് പിരിഞ്ഞുപോയി. (സീറത്ത് ഖാത്തമുന്നബിയിൻ,ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ, പേജ് 128-129).

ദഅ്‌വത്തെ ഇലല്ലായും ഖുറയ്ശികളുടെ നിലപാടും:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധഖുർആനിൽ ബഹുദൈവാരാധകരെ സംബന്ധിച്ച് അവർ മാലിന്യമാണെന്നും സൃഷ്ടികളിൽ ഏറ്റവും നികൃഷ്ടരാണെന്നും വിഡ്ഢികളാണെന്നും പിശാചിന്റെ സന്തതികളാണെന്നും അവരുടെ ആരാധ്യർ നരകത്തിന്റെ ഇന്ധനങ്ങളാണെന്നും നരകത്തിന്റെ വിറകാണെന്നുമുള്ള ആയത്തിറങ്ങിയപ്പോൾ നബി(സ)തിരുമേനിയെ വിളിച്ചുകൊണ്ട് അബൂത്വാലിബ് പറഞ്ഞു: അല്ലയോ എന്റെ സഹോദരപുത്രാ! നിന്റെ ചീത്തപറച്ചിൽ കാരണം ജനങ്ങൾ പ്രകോപിതരായിരിക്കുന്നു. അവർ നിന്നേയും എന്നേയും നശിപ്പിച്ചേക്കാം. നീ അവരിലെ ബുദ്ധിമാന്മാരെ വിഡ്ഢികളെന്ന് വിളിച്ചിരിക്കുന്നു. അവരുടെ മാന്യന്മാരെ നികൃഷ്ടരെന്ന് പറഞ്ഞിരിക്കുന്നു. അവരുടെ ആരാധ്യരുടെ നാമം നരകത്തിന്റെ വിറകെന്നും നരകത്തിന്റെ ഇന്ധനങ്ങളെന്നും വെച്ചിരിക്കുന്നു. പൊതുവിൽ അവരെ മാലിന്യമെന്നും ശയ്ത്വാന്റെ സന്തതികളെന്നും വിധിച്ചിരിക്കുന്നു. ഞാൻ നിന്റെ നന്മ ഉദ്ദേശിച്ചുകൊണ്ട് പറയുകയാണ്, നിന്റെ നാവിനെ നിയന്ത്രിക്കുക! അപരാധം പറച്ചിലിൽനി ന്നും പിന്മാറുക! അല്ലാത്തപക്ഷം എനിക്ക് സമുദായത്തിന്റെ എതിർപ്പിനെ നേരിടാനുള്ള ശക്തിയില്ല.' നബി(സ)തിരുമേനി പ്രതിവചിച്ചു. 'പിതൃവ്യാ! ഇത് അപരാധം പറച്ചിലല്ല. മറിച്ച് ഇത് യാഥാർഥ്യങ്ങളുടെ പ്രകടനവും കാര്യങ്ങളുടെ സ്ഥാനത്തുള്ള വിവരണങ്ങളുമാണ്. ഈ പ്രവൃത്തിക്കായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. അക്കാരണത്താൽ എനിക്ക് മരണം വരിക്കേണ്ടിവന്നാൽ ഞാൻ സസന്തോഷം മരണത്തെ സ്വീകരിക്കുന്നതാണ്. എന്റെ ജീവിതം ഈ മാർഗത്തിൽ സമർപിതമാണ്. ഞാൻ മരണത്തെ ഭയന്നുകൊണ്ട് സത്യത്തെ പ്രകടമാക്കുന്നതിൽനിന്ന് പിന്മാറുന്നതല്ല. അല്ലയോ പിതൃവ്യാ! താങ്കൾക്ക് താങ്കളുടെ ബലഹീനതയുടെയും പ്രയാസങ്ങളുടെയും ചിന്തയാണെങ്കിൽ എന്നെ താങ്കളുടെ അഭയത്തിൽനിന്ന് ഒഴിവാക്കിക്കൊള്ളുക. അല്ലാഹുവാണ! എനിക്ക് താങ്കളുടെ ഒരാവശ്യവുമില്ല. ഞാൻ ദൈവകല്പനകളെ എത്തിക്കുന്നതിൽനിന്ന് ഒരിക്കലും പിന്മാറുന്നതല്ല. എനിക്ക് എന്റെ യജമാനന്റെ കല്പന ജീവനേക്കാൾ പ്രിയപ്പെട്ടതാണ്. അല്ലാഹുവാണ! ഞാൻ ഈ മാർഗത്തിൽ വധിക്കപ്പെടുകയാണെങ്കിൽ വീണ്ടും വീണ്ടും ജീവിക്കണമെന്നും എല്ലായ്പ്പോഴും ഈ മാർഗത്തിൽ മരിക്കണമെന്നുമാണ് ആഗ്രഹിക്കുന്നത്. അവന്റെ മാർഗത്തിൽ പ്രയാസങ്ങൾ ഏറ്റെടുക്കുക എന്നത് ഭയത്തിന്റെ സ്ഥാനമല്ല മറിച്ച് എനിക്കതിൽ അങ്ങേയറ്റത്തെ സുഖാനുഭൂതിയാണുള്ളത്.' നബി(സ) തിരുമേനി ഈ സംബോധന നടത്തിക്കൊണ്ടിരിക്കുമ്പോൾ അവിടത്തെ വദനത്തിൽ സത്യവും പ്രകാശവും നിറഞ്ഞ ആർദ്രത പ്രകടമായിക്കൊണ്ടിരുന്നു. നബി(സ) തിരുമേനിയുടെ പ്രഭാഷണം അവസാനിച്ചപ്പോൾ സത്യത്തിന്റെ പ്രകാശം കണ്ടുകൊണ്ട് അബൂത്വാലിബിന്റെ കണ്ണുകളിൽനിന്ന് അനിയന്ത്രിതമായി കണ്ണീർ വാർന്നുകൊണ്ടിരുന്നു. പറഞ്ഞു: ഞാൻ നിന്റെ ഈ ഉന്നതമായ അവസ്ഥയെക്കുറിച്ച് അറിയാത്തവനായിരുന്നു. നീയാണെങ്കിൽ മറ്റൊരു രൂപത്തിലും മഹത്ത്വത്തിലുമാണ്. പോവുക നിന്റെ ജോലി ചെയ്തുകൊണ്ടിരിക്കുക. എനിക്ക് ജീവനുള്ള കാലം എനിക്ക് ശക്തിയുള്ളിടത്തോളം ഞാൻ നിന്നെ സഹായിക്കുന്നതാണ്.' (ഹദ്റത്ത് മസീഹ് മൗഊദ്(അ) അടിക്കുറിപ്പിൽ എഴുതുന്നു: 'അബൂത്വാലിബിന്റെ ഈ സംഭവം ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നതാണെങ്കിലും ഈ ഉദ്ധരണി മുഴുവനും അല്ലാഹു ഈ വിനീതന്റെ ഹൃദയത്തിൽ ദിവ്യസന്ദേശം മുഖേന ഇറക്കിയതാണ്. വിശദീകരണം നൽകുന്ന ചില വാചകങ്ങൾ മാത്രം ഈ വിനീതന്റേതാണ്) (ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ, വാള്യം 3, പേജ് 110-111).

**ത്വാഇഫ് വാസികളിൽ സന്ദേശപ്രചരണവും അവരുടെ പ്രതികരണങ്ങളും:**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പറയുന്നു: ശെഅബ് അബീത്വാലിബിലെ ഉപരോധത്തിന്റെ കാലഘട്ടം അവസാനിച്ചപ്പോൾ അവിടന്ന് വീണ്ടും തബ്ലീഗ് ആരംഭിച്ചു. പറയുന്നു: ഉപരോധം അവസാനിക്കുകയും അനക്കമടക്കങ്ങളിൽ അല്പം സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തപ്പോൾ അവിടന്ന് ത്വാഇഫിലേക്ക് പോകാനും അവിടത്തെ ജനങ്ങൾക്ക് സന്ദേശം എത്തിക്കാനും ഉദ്ദേശിച്ചു. ത്വാഇഫ് മക്കയിൽനിന്ന് തെക്കുകിഴക്കായി 40 മൈൽ ദൂരത്ത് സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ്. അ ക്കാലത്ത് ബനൂ സഖീഫ് ഗോത്രമായിരുന്നു അവിടെ താമസിച്ചിരുന്നത്. കഅ്ബയുടെ പ്രത്യേകത മാറ്റിനിറുത്തിയാൽ ത്വാഇഫ് മക്കയോട് തുല്യത പുലർത്തുന്ന സ്ഥലമായിരുന്നു. അവിടെ വളരെ സ്വാധീനമുള്ളവരും ധനാഢ്യരുമായ ജനങ്ങളും വസിച്ചിരുന്നു. ത്വാഇഫിന്റെ ഈ പ്രാധാന്യത്തെ മക്കക്കാരും അംഗീകരിച്ചിരുന്നു. അതുകൊണ്ട് മക്കക്കാർ പറഞ്ഞ വാക്കുകളും ഇതായിരുന്നു.

لَوۡلَا نُزِّلَ هٰذَا الۡقُرۡاٰنُ عَلٰی رَجُلٍ مِّنَ
الۡقَرۡیَتَیۡنِ عَظِیۡمٍ

അതായത് "ഈ ഖുർആൻ ദൈവത്തിൽ നിന്നുള്ളതാണെങ്കിൽ മക്കയിലെയോ ത്വാഇഫിലേയോ ഏതെങ്കിലും വലിയ മനുഷ്യനിൽ എന്തുകൊണ്ടിറക്കപ്പെട്ടില്ല." (ഖർയത്തയ്ൻ- എന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് മക്കയും ത്വാഇഫുമാണ്)

ചുരുക്കത്തിൽ ശവ്വാൽ 10ന് നബി(സ)തിരുമേനി ഒറ്റക്ക് ത്വാഇഫിലേക്ക് പോയി. ചില റിപ്പോർട്ടുകൾ അനുസരിച്ച് സയ്ദ് ബിൻ ഹാരിഥയും കൂടെയുണ്ടായിരുന്നു. അവിടെ പത്ത് ദിവസം താമസിച്ചു. പട്ടണത്തിലെ നേതാക്കന്മാരെ ഓരോരുത്തരേയും സന്ദർശിച്ചു. എന്നാൽ, മക്കയെപോലെതന്നെ ആ പട്ടണത്തിലും ഇസ്‌ലാം സ്വീകരിക്കാനുള്ള സൗഭാഗ്യം വിധിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. എല്ലാവരും നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്തു. അവസാനം ത്വാഇഫിലെ വലിയ നേതാവായ അബ്ദുയാലയ്ലിന്റെ അടുത്തുചെന്ന് അയാളെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അദ്ദേഹവും തുറന്ന നിലയിൽ നിഷേധിച്ചു. എന്നല്ല പരിഹസിച്ചുകൊണ്ടു പറഞ്ഞു: 'അഥവാ താങ്കൾ സത്യവാനാണെങ്കിൽ താങ്കളോട് സംവദിക്കാനുള്ള ശക്തി എനിക്കില്ല. കള്ളനാണെങ്കിൽ സംസാരം പ്രയോജനരഹിതവുമാണ്. അവിടത്തെ വാക്കുകളിൽ പട്ടണത്തിലെ ചെറുപ്പക്കാർ പ്രഭാവിതരായേക്കാമെന്ന ചിന്തയിൽ പറഞ്ഞു, താങ്കൾ ഇവിടം വിട്ടുപോകുന്നതാണ് നല്ലത്. എന്തുകൊണ്ടെന്നാൽ ഇവിടെ ആരുംതന്നെ താങ്കളുടെ വാക്കുകൾ കേൾക്കാൻ തയ്യാറല്ല.' അതിനുശേഷം ആ ദുർഭഗൻ പട്ടണത്തിലെ തെമ്മാടികളെ ആ മഹാത്മാവിന്റെ പിന്നാലെ പറഞ്ഞുവിട്ടു. നബി(സ)തിരുമേനി പട്ടണത്തിൽനിന്ന് പുറത്ത് വന്നപ്പോൾ അവർ കൂകിവിളിച്ചുകൊണ്ടു പിന്നാലെ കൂടകയും കല്ലെറിയുകയും ചെയ്തു. അക്കാരണത്താൽ ആ പുണ്യാത്മാവിന്റെ പുണ്യശരീരം രക്തത്താൽ കുളിച്ചു. അവർ മൂന്ന് മൈൽ ദൂരം തുടർച്ചയായി തെറിവിളിക്കുകയും കല്ലെറിയുകയും ചെയ്തുകൊണ്ട് പിന്നാലെ കൂടി.

ത്വാഇഫിൽനിന്ന് മൂന്ന് മൈൽ ദൂരത്തായി മക്കയിലെ നേതാവായ ഉത്ബ ബിൻ റബീഅയുടെ ഒരു തോട്ടമുണ്ടായിരുന്നു. നബി(സ) തിരുമേനി ആ തോട്ടത്തിൽ അഭയം തേടി. അക്രമികൾ ക്ഷീണിച്ച് തിരിച്ചുപോവുകയും ചെയ്തു. അവിടെ ഒരു തണലിൽ നിന്നുകൊണ്ട് നബി(സ)തിരുമേനി ഇപ്രകാരം ദുആ ചെയ്തു.

اَللّٰهُمَّ اِلَیۡكَ اَشۡكُوۡ ضُعۡفَ قُوَّتِیۡ وَقِلَّةَ
حِیۡلَتِیۡ وَ هَوَانِیۡ عَلَی النَّاسِ اَللّٰهُمَّ یَا اَرۡحَمَ
الرَّاحِمِیۡنَ اَنۡتَ رَبُّ الۡمُسۡتَضۡعَفِیۡنَ وَ اَنۡتَ
رَبِّیۡ - الخ-

എന്റെ നാഥാ ഞാൻ എന്റെ ശക്തിക്ഷയത്തിന്റേയും യുക്തികുറവിന്റേയും ജനങ്ങൾക്കെതിരിൽ എന്റെ അവശതയുടേയും പരാതി നിന്നിൽ സമർപ്പിക്കുന്നു. എന്റെ ദൈവമേ! ഏറ്റവും കൂടുതലായി കരുണ ചൊരിയുന്നവൻ നീയാണ്. ബലഹീനരുടേയും അവശരുടെയും സഹായിയും സംരക്ഷകനും നീയാണ്. നീ തന്നെയാണെന്റെ പരിപാലകൻ. ഞാൻ നിന്റെ മുഖത്തിന്റെതന്നെ പ്രകാശത്തിൽ അഭയം ആഗ്രഹിക്കുന്നവനാണ്. കാരണം അന്ധകാരങ്ങളെ വിപാടനം ചെയ്യുന്നവനും ലോകത്തെ ആഖിറത്തിന്റെ അനന്തരാവകാശിയാക്കുന്നവനും നീ തന്നെയാണ്.

ആ സമയം ഉത്ബത്തും ശയ്ബത്തും തങ്ങളുടെ ആ തോട്ടത്തിലുണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയെ ഈ അവസ്ഥയിൽ കണ്ടപ്പോൾ കുടുംബബന്ധം കാരണത്താലോ സാമൂഹികബോധം കാരണത്താലോ മറ്റെന്തോ ചിന്ത കാരണത്താലോ എന്നറിയില്ല തങ്ങളുടെ ക്രിസ്ത്യൻ അടിമയായ അദ്ദാ

സിന്റെ കൈകളിൽ കുറച്ച് മുന്തിരി ഒരു കുമ്പിളിലാക്കി നബി(സ)തിരുമേനിക്ക് കൊടുക്കയച്ചു. അവിടന്ന് അത് സ്വീകരിച്ചു. എന്നിട്ട് അദ്ദാസിനോട് ചോദിച്ചു. താങ്കൾ ഏത് നാട്ടുകാരനാണ്? ഏത് മതക്കാരനാണ്? അയാൾ പറഞ്ഞു: 'ഞാൻ നിനേവക്കാരനാണ്. ക്രിസ്തുമതവിശ്വാസിയാണ്.' അപ്പോൾ അവിടന്ന് പറഞ്ഞു: 'ദൈവത്തിന്റെ സ്വാലിഹായ ദാസൻ യുനൂസ് ബിൻ മത്തായുടെ നാടായ നിനേവയാണോ?' അദ്ദാസ് പറഞ്ഞു: അതെ! താങ്കൾക്ക് എങ്ങനെയാണ് യുനൂസിനെ അറിയുന്നത്? നബി(സ)തിരുമേനി പറഞ്ഞു: 'അദ്ദേഹം എന്റെ സഹോദരനായിരുന്നു. കാരണം അദ്ദേഹവും അല്ലാഹുവിന്റെ പ്രവാചകനായിരുന്നു. ഞാനും അല്ലാഹുവിന്റെ പ്രവാചകനാണ്.' എന്നിട്ട് നബി(സ)തിരുമേനി അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സന്ദേശം നൽകി. അത് അദ്ദേഹത്തിൽ നല്ല പ്രതികരണം ഉണ്ടാക്കി. അദ്ദേഹം ആവേശത്തോടെ മുന്നോട്ട് വന്ന് നബി(സ)യുടെ കൈകളിൽ ചുംബിച്ചു. ദൂരെനിന്ന് ഈ ദൃശ്യം ഉത്ബത്തും ശെയ്ബത്തും കാണുന്നുണ്ടായിരുന്നു. അദ്ദാസ് തിരിച്ച് അവരുടെ അടുത്തെത്തിയപ്പോൾ അവർ ചോദിച്ചു: അദ്ദാസ്! നീ ആ വ്യക്തിയുടെ കൈകളിൽ ചുംബിക്കാൻ നിനക്കെന്ത് പറ്റി? അദ്ദേഹം നിന്റെ മതത്തെ കേടുവരുത്തുന്നതാണ്. നിന്റെ മതമാണെങ്കിലോ, അവന്റെ മതത്തിലും ഉത്തമമാണ്....'

ഹദീഥിൽ വന്നിരിക്കുന്നു, ഒരിക്കൽ ഹദ്റത്ത് നബി കരീം(സ)യോട് ഹദ്റത്ത് ആയിശാ(റ) ചോദിച്ചു. ഉഹുദ് യുദ്ധ ദിനത്തെക്കാൾ കൂടുതൽ പ്രയാസം താങ്കൾക്ക് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? അവിടന്ന് പറഞ്ഞു: 'ആയിശാ! നിന്റെ ജനതയിൽനിന്ന് വളരെ പ്രയാസകരമായ നിമിഷങ്ങൾ കാണേണ്ടിവന്നിട്ടുണ്ട്.' എന്നിട്ട് അവിടന്ന് ത്വാഇഫ് യാത്രയുടെ അവസ്ഥകൾ വിവരിച്ചു. തുടർന്ന് അവിടന്ന് പറഞ്ഞു: 'ഈ യാത്രയിൽനിന്ന് മടങ്ങിവരുന്ന അവസരത്തിൽ എന്റെ അടുത്ത് പർവതങ്ങളുടെ മലക്ക് വന്നുകൊണ്ട് പറഞ്ഞു: 'എന്നെ ദൈവം താങ്കളുടെ അടുത്തേക്കയച്ചതാണ്. താങ്കൾ പറയുകയാണെങ്കിൽ ഇരുഭാഗത്തുമുള്ള മലകൾകൊണ്ട് ഞെരിച്ച് ഈ ജനങ്ങളെ ഞാൻ നശിപ്പിച്ചുകളയുന്നതാണ്.' അവിടന്ന് പറഞ്ഞു: വേണ്ട, വേണ്ട! അല്ലാഹു ഇവരിൽനിന്ന് ഏകദൈവത്തെ ആരാധിക്കുന്ന ജനതയെ എഴുന്നേൽപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 181-184).

### ഉത്സവ സ്ഥലങ്ങളിൽ തബ്‌ലീഗ്:

ഹജ്ജിന്റെ ദിനങ്ങളിൽ വിദൂരസ്ഥലങ്ങളിലുള്ള ആളുകൾ മക്കയിൽ ഒരുമിച്ചുകൂടുമായിരുന്നു. ആദരണീയ മാസങ്ങളിൽ ഉക്കാള്, മജന്ന, ദുൽമജാസ് എന്നീ സ്ഥലങ്ങളിൽ വലിയ തോതിൽ ജനങ്ങൾ സമ്മേളിക്കുമായിരുന്നു. ഇത്തരം അവസരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് അറബ് ഗോത്രങ്ങളുടെ വാസസ്ഥലങ്ങളിൽച്ചെന്ന് ഇസ്‌ലാമിന്റെ സന്ദേശം നൽകുക എന്നതായിരുന്നു തുടക്കത്തിലേ നബി(സ)തിരുമേനിയുടെ രീതി. എന്നാൽ, പ്രകൃത്യാ നബി(സ)തിരുമേനിയുടെ ശ്രദ്ധ കൂടുതലും മക്കയിലെ ഖുറയ്ശികളിലായിരുന്നു. മക്കയിലെ ഖുറൈശികൾ മുസ്‌ലിംകളെ ശെഅബ് അബീത്വാലിബിൽ ഉപരോധം ഏർപ്പെടുത്തിക്കൊണ്ട് അവരുമായുള്ള ബന്ധങ്ങൾ വിഛേദിക്കുകയും അവരോടുള്ള സൗഹൃദം അവസാനിപ്പിക്കുകയും ചെയ്തപ്പോൾ ആ ദിനങ്ങളിൽ നബി(സ) തിരുമേനി അറേബ്യയിലെ മറ്റ് ഗോത്രങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ തുടങ്ങി. അങ്ങനെ ഉപരോധങ്ങളുടെ കാലത്തും അവിടന്ന് എല്ലായിടത്തും സമാധാനം കളിയാടുന്ന ആദരണീയമാസങ്ങളിൽ ഹജ്ജിന് വരുന്ന ഗോത്രങ്ങളിൽച്ചെന്ന് പ്രത്യേകിച്ച് ഉക്കാദ് മുതലായ ചന്തനഗരികളിൽച്ചെന്ന് അവർക്ക് തബ്‌ലീഗ് ചെയ്യുമായിരുന്നു. അപ്പോൾ മക്കയിലെ ഖുറയ്ശികൾ ഈ തബ്‌ലീഗിലും പ്രതിബന്ധങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. കാരണം ഗോത്രങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയെന്നത് അവരെ സംബന്ധിച്ചിടത്തോളം മക്കക്കാർ ഇസ്‌ലാം സ്വീകരിക്കുന്നതുപോലെ അപകടകരമായ കാര്യമാണെന്ന് അവർക്കറിയാം. അതിനാൽ നബി(സ)തിരുമേനി ഗോത്രങ്ങളിൽ സഞ്ചരിക്കുകയും ഓരോ ക്യാമ്പിലും ചെന്ന് അവർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊടുക്കുയും ചെയ്തിട്ടും നബി(സ) തിരുമേനിയുടെ ദൗത്യത്തിൽ ഒരു വിജയപ്രതീക്ഷയും ലഭിക്കാതിരുന്നതിന് കാരണം ഖുറയ്ശികളുടെ എതിർപ്പായിരുന്നു. (....... ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്)

### ഥമാമ ബിൻ ഉഥ്ഥാലിന്റെ ഇസ്‌ലാം ആശ്ലേഷം:

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ)തിരുമേനി നജ്ദ് പ്രദേശത്തുള്ള ബനൂ ഹനീഫയിൽപെട്ട യമാമക്കാരുടെ നേതാവ് ഥമാമ ബിൻ ഉഥ്ഥാലിനെ അറസ്റ്റ് ചെയ്തുകൊണ്ട് വരുന്നതിനായി കുതിരപ്പട്ടാളത്തെ അയക്കുകയുണ്ടായി. സ്വഹാബാക്കൾ അയാളെ മസ്ജിദ് നബ്‌വിയുടെ ഒരു തൂണിൽ ബന്ധിച്ചു. നബി(സ)തിരുമേനി അയാളുടെ അടുത്തുവന്ന് ചോദിച്ചു: 'അല്ലയോ ഥമാമ നിന്റെ ചിന്താഗതി എന്താണ്?' അദ്ദേഹം പറഞ്ഞു: 'അല്ലയോ മുഹമ്മദേ! എന്റെ ചിന്താഗതി വളരെ നല്ലതാണ്. അഥവാ നീ എന്നെ വധിക്കുകയാണെങ്കിൽ ഒരു കൊലയാളിയായ കുറ്റവാളിയെയാണ് വധിക്കുന്നത്. അഥവാ ഉപകാരം ചെയ്യുകയാണെങ്കിൽ ഒരു നന്ദിയുള്ളവനിലാണ് ഉപകാരം ചെയ്യുന്നത്. അഥവാ താങ്കൾ ധനമാണ് ആഗ്രഹിക്കുന്നതെങ്കിൽ ചോദിച്ചുകൊള്ളുക. എത്രവേണമെങ്കിലും തരുന്നതാണ്.' നബി(സ) തിരുമേനി വീണ്ടും ചോദിച്ചു: 'ഏ ഥമാമ! നിന്റെ വിചാരമെന്താണ്?' അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഇപ്പോൾ പറഞ്ഞത് തന്നെയാണ് എന്റെ വിചാരം. താങ്കൾ എന്നിൽ ഉപകാരം ചെയ്യുകയാണെങ്കിൽ അത് നന്ദിയുള്ള ഒരുവനിലായിരിക്കും. എന്നെ വധിക്കുകയാണെങ്കിൽ കൊലയാളിയായ ഒരു കുറ്റവാളിയെയായിരിക്കും വധിക്കുന്നത്. താങ്കൾ ധനം ആഗ്രഹിക്കുന്നെങ്കിൽ ചോദിക്കുക. ചോദിക്കുന്നത് നൽകപ്പെടുന്നതായിരിക്കും.' ഥമാമയുടെ മറുപടികേട്ട നബി(സ) പറഞ്ഞു: 'ഥമാമയുടെ കെട്ടഴിക്കുക.' അങ്ങനെ അദ്ദേഹത്തിന്റെ കെട്ടഴിച്ചപ്പോൾ മസ്ജിദിന്നടുത്തുള്ള ഒരു ഈത്തപ്പനത്തോപ്പിൽ പോയി കുളിച്ച് തിരിച്ചെത്തി. എന്നിട്ട് പറഞ്ഞു: ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഏ മുഹമ്മദ്(സ) അല്ലാഹുവാണ! ഭൂമുഖത്ത് താങ്കളുടെ മുഖത്തേക്കാൾ കൂടുതൽ ദ്വേഷം പിടിപ്പിക്കുന്ന ഒരു മുഖവുമുണ്ടായിരുന്നില്ല. എന്നാൽ, എന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നുവെച്ചാൽ ഇന്ന് എനിക്ക് അങ്ങയുടെ മുഖം ലോകത്ത് മറ്റെല്ലാ മുഖങ്ങളെക്കാളും പ്രിയങ്കരമായതാണ്. അല്ലാഹുവാണ! ഞാൻ താങ്കളുടെ മതത്തേക്കാൾ മറ്റാരുടേയും മതത്തോട് വൈരാഗ്യം വച്ചുപുലർത്തിയിരുന്നില്ല. എന്നാൽ, ഇന്ന് താങ്കളുടെ മതം എനിക്ക് മറ്റെല്ലാ മതങ്ങളെക്കാളും പ്രിയപ്പെട്ടതാണ്. അല്ലാഹുവാണ! എനിക്ക് താങ്കളുടെ പട്ടണത്തേക്കാൾ ദ്വേഷമുള്ള മറ്റൊരു പട്ടണവുമുണ്ടായിരുന്നില്ല. എന്നാൽ, എന്റെ ഇപ്പോഴത്തെ അവസ്ഥ താങ്കളുടെ പട്ടണം എനിക്ക് മറ്റെല്ലാ പട്ടണങ്ങളെക്കാളും പ്രിയപ്പെട്ടതായിരിക്കുന്നു.' (ബുഖാരി, കിത്താബുൽ ജിഹാദ്)

### യഹൂദി ബാലനെ സന്ദർശിക്കലും തബ്‌ലീഗും:

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: "ഒരു യഹൂദി ബാലൻ നബി(സ)തിരുമേനിക്ക് സേവനം ചെയ്യാറുണ്ടായിരുന്നു. അവൻ രോഗിയായപ്പോൾ നബി(സ)തിരുമേനി അവനെ സന്ദർശിക്കാൻ പോയി. അവന്റെ തലയ്ക്കൽ ഇരുന്നുകൊണ്ട് പറഞ്ഞു: 'ഇസ്‌ലാം സ്വീകരിക്കുക.' ആ ബാലൻ അടുത്തുണ്ടായിരുന്ന തന്റെ പിതാവിനെ നോക്കി. പിതാവ് പറഞ്ഞു: അബുൽ ഖാസിമിനെ അനുസരിക്കുക.' അങ്ങനെ അവൻ ഇസ്‌ലാം സ്വീകരിച്ചു. നബി(സ) തിരുമേനി അവന്റെ വീട്ടിൽനിന്നും ഇങ്ങനെ പറഞ്ഞുകൊണ്ട് പുറത്തിറങ്ങി. 'അൽഹംദുലില്ലാഹില്ലദി അൻഖദഹു മിനന്നാർ' ഈ ബാലനെ തീയിൽനിന്നും മോചിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. (ബുഖാരി, കിത്താബുൽജനായിസ്)

### തബ്‌ലീഗിന് നല്ല ഉപായങ്ങൾ:

നബി(സ)തിരുമേനി സ്വഹാബിമാരുടെ അഭിപ്രായപ്രകാരം മോതിരം തയ്യാറാക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തതിൽനിന്ന് തബ്‌ലീഗിന്റെ പ്രവർത്തിക്ക് ഏത് രീതിയിലുള്ള മാർഗങ്ങളായിരുന്നു അവിടന്ന് തങ്ങളുടെ സംബോധകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനും അവരുടെ ഹൃദയത്തിൽ നല്ല പ്രഭാവം ഉളവാക്കുന്നതിനും അവലംബിച്ചിരുന്നതെന്ന് മനസ്സിലാകുന്നുണ്ട്. ശരിയായ രീതിയിലുള്ള തബ്‌ലീഗിന് ഒരു മുദ്ര ഉണ്ടാവുക അല്ലെങ്കിൽ ഉണ്ടാകാതിരിക്കുക എന്നത് അധികപറ്റാണ്. സത്യവചനത്തിന് മുദ്രയോടുകൂടി സമർപ്പിക്കുന്നത്ര നിലവാരം മുദ്രയില്ലാതെ സമർപ്പിക്കുന്നതിലുമുണ്ട്. എന്നാൽ, ഇക്കാലത്തെ രാജാവ് മുദ്രയില്ലാത്ത കത്ത് സ്വീകരിക്കുകയില്ലെന്ന് ആ മഹാത്മാവിനോട് പറയപ്പെട്ടു. അതുകൊണ്ട് സംബോധകർ ശ്രദ്ധിക്കാതിരിക്കാൻ കാരണമാകുന്ന കാര്യങ്ങൾ അവലംബിക്കരുത്. അതുകൊണ്ട് ഈ അഭിപ്രായം അംഗീകരിക്കപ്പെട്ടു. കാരണം ഈ നിസ്സാര കാരണം തബ്‌ലീഗിനെ പ്രതികൂലമായി ബാധിക്കാൻ ഇടവരരുത്. വിശുദ്ധഖുർആനിലെ ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ ഏ റസൂൽ! ദീനിന്റെ സന്ദേശമെത്തിക്കുമ്പോൾ അവരുടെ ഹൃദയത്തിലും മനസ്സിലും നല്ല പ്രഭാവം ഉളവാക്കുന്നതായ മാർഗം അവലംബിക്കുക എന്ന ആയത്തിന്റെ കർമ്മരൂപമായിരുന്നു അത്.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 798)

### തബ്‌ലീഗ് കത്തുകൾ:

ഈ അവസരത്തിൽ നബി(സ)തിരുമേനി അറേബ്യയുടെ നാലു ഭാഗത്തുമുള്ള ഭരണാധികാരികൾക്ക് തബ്‌ലീഗ് കത്തുകളയച്ചു. വടക്ക് പ്രസിദ്ധമായ റോമാ ചക്രവർത്തി കൈസറിനും വടക്കുകിഴക്ക് പേർഷ്യൻ ചക്രവർത്തി കിസ്റായ്ക്കും അറേബ്യയുടെ വടക്കു പടിഞ്ഞാറ് മിസ്റിലെ രാജാവ് മുഖൗഖസിനും

കിഴക്ക് യമാമയുടെ ഭരണാധികാരി ഹുസാ ബിൻ അലിക്കും പടിഞ്ഞാറ് അറേബ്യൻ അതിർത്തിയിലുള്ള ആഫ്രിക്കൻ ഭരണകൂടമായ ഹബ്ശയിലെ രാജാവ് നജ്ജാശിക്കും കത്തുകളയച്ചു. കൂടാതെ ഒരു കത്ത് അറേബ്യയുടെ തെക്ക് യമന്റെ ഭരണാധികാരിക്കും അയച്ചു. ഒരു കത്ത് കിഴക്കൻ ബഹറൈനിലെ ഭരണാധികാരിക്കും അയച്ചു. ഇപ്രകാരം നബി(സ) തിരുമേനി അറേബ്യയുടെ നാനാഭാഗത്തുമുള്ള ഭരണാധികാരികൾക്കും ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ട് പ്രബോധനകടമ നിറവേറ്റി. ഈ കത്തുകൾ ഹുദയ്ബിയ്യ സന്ധിക്കുശേഷം ഉടനെ അയച്ചതായിരുന്നില്ല. മറിച്ച്, പല ഘട്ടങ്ങളിലായി അയച്ച കത്തുകളായിരുന്നു. ഹുദയ്ബിയ്യ ഉടമ്പടിക്കുശേഷം ആദ്യത്തെ കത്ത് റോമാ ചക്രവർത്തി ഹിർക്കലിന്റെ പേരിലുള്ളതായിരുന്നു.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ് 798)

**അറേബ്യൻ ഗോത്രങ്ങൾക്ക് ഇസ്‌ലാമിലേക്ക് ക്ഷണം:**

ഹജ്ജിന്റെ വേളയിൽ നബി(സ) തിരുമേനി അറേബ്യൻ ഗോത്രങ്ങളുടെ അടുത്തുചെന്ന് അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും അവരോട് താൻ നബിയാണെന്നും ദൈവദൂതനാണെന്നും തന്നെ സത്യപ്പെടുത്തുകയെന്നും സഹായിക്കുകയെന്നും തന്നെ അയച്ചിരിക്കുന്നത് എന്തിനാണെന്ന് നിങ്ങൾക്ക് പിന്നീട് മനസ്സിലാകുന്നതാണെന്നും പറയുമായിരുന്നു. ഇതുസംബന്ധമായി ഉബയദുല്ലാ ബിൻ അബ്ബാസ് (റ)നിവേദനം ചെയ്യുന്നു: ഞാൻ റബീഅ ബിൻ ഇബാദ് എന്റെ പിതാവ് ഈ സംഭവം വിവരിക്കുന്നതായി കേട്ടു. റബീഅ പറയുന്നു: ഞാൻ യുവാവായിരുന്നു. ഞാൻ എന്റെ പിതാവിനോടൊപ്പം മിനായിൽ ഉണ്ടായിരുന്നു. നബി(സ)തിരുമേനി അറബ് ഗോത്രങ്ങളുടെ വാസസ്ഥലങ്ങളിൽ വന്നുനിന്നുകൊണ്ട് അല്ലയോ ഇന്ന ഗോത്രക്കാരേ! ഞാൻ അല്ലാഹുവിന്റെ ദൂതനാകുന്നു. ഞാൻ നിങ്ങളിലേക്ക് വന്നിരിക്കുന്നു. അല്ലാഹുവിനെ മാത്രം നിങ്ങൾ ആരാധിക്കുക എന്ന് ഞാൻ നിങ്ങളോട് കല്പിക്കുന്നു. അവനോട് ആരേയും പങ്കാളിയാക്കരുത്. അവനോട് നിങ്ങൾ പങ്കാളികളാക്കുന്ന പൊയ്ദൈവങ്ങളുമായുള്ള ബന്ധം വിഛേദിക്കുക. എന്നിൽ വിശ്വസിക്കുക. എന്നെ സാക്ഷ്യപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുക. ഞാൻ അല്ലാഹു എനിക്ക് നൽകിയ അധ്യാപനത്തെ നിങ്ങൾക്ക് പറഞ്ഞുതരുന്നതാണ് എന്നിങ്ങനെ പ്രസംഗിച്ചു. നബി(സ) തിരുമേനി തന്റെ പ്രഭാഷണം അവസാനിപ്പിച്ച ഉടനെ ഒരാൾ എഴുന്നേറ്റുനിന്നുകൊണ്ട് നബി(സ)തിരുമേനിക്കെതിരിൽ ഇപ്രകാരം പറഞ്ഞു: അല്ലയോ ഇന്ന കുടുംബത്തിൽപ്പെട്ടവരേ, ഇയാൾ നിങ്ങളോട് ലാത്തയേയും ഉസ്സയേയും ഒഴിവാക്കണമെന്നാണ് നിങ്ങളോടു ആവശ്യപ്പെടുന്നത്. നിങ്ങളുടെ സഖ്യകക്ഷികളിൽപെട്ട ബനീമാലിക് ബിൻ ഉഖയ്ശുമായുള്ള നിങ്ങളുടെ ബന്ധം വിഛേദിച്ചുകൊണ്ട് അയാളുടെ ഇവന്റെ ബിദ്അത്തും(അനാചാരവും) ളലാലത്തും(വഴികേടും) സ്വീകരിക്കണമെന്നുമാണ് ഇവൻ പറയുന്നത്. നിങ്ങളൊരിക്കലും ഇവനെ അംഗീകരിക്കരുത്. ഇവൻ പറയുന്നത് കേൾക്കുകയുമരുത്.' ഈ വ്യക്തിയുടെ കൂടെ എതിർത്ത് പറഞ്ഞുനടക്കുന്ന ഇയാൾ ആരാണെന്ന് ഞാൻ എന്റെ പിതാവിനോട് ചോദിച്ചു. ഇയാൾ അദ്ദേഹത്തിന്റെ പിതൃസഹോദരൻ അബ്ദുൽ ഉസ്സാ അബൂലഹബ് ബിൻ അബ്ദുൽ മുത്തലിബാണെന്ന് അദ്ദേഹം പറഞ്ഞു. (തിബ്‌രി, വാല്യം 2)

നബി(സ) തിരുമേനിയുടെ തബ്‌ലീഗിനെ സംബന്ധിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നോക്കുക, കുറഞ്ഞകാലംകൊണ്ട് ആയിരക്കണക്കിന് മനുഷ്യരെ സംസ്കരിച്ചെടുക്കുകയും കുഴപ്പങ്ങളിൽനിന്ന് നന്മയിലേക്ക് പരിവർത്തനം ചെയ്യിക്കുകയും ചെയ്ത ആ പുണ്യപുമാൻ എത്ര മഹോന്നതസ്ഥാനീയനാണ്. അവരുടെ കുഫ്റ് ധൂളീകരിക്കപ്പെട്ടു. സത്യത്തിന്റേയും സന്മാർഗ്ഗത്തിന്റേയും മുഴുവൻ അംശവും അവരുടെ അസ്തിത്വങ്ങളിൽ ഒരുമിക്കപ്പെട്ടു. അവരുടെ ഹൃദയങ്ങളിൽനിന്ന് പാപങ്ങൾ വർജ്ജിക്കുന്ന പ്രകാശം ജ്വലിച്ചു. അവരുടെ നെറ്റിത്തടങ്ങളിൽനിന്ന് ദൈവസ്നേഹത്തിന്റെ പ്രകാശിത രൂപം പ്രകടമായി. ദീനീസേവനത്തിനായി അവരുടെ സ്ഥൈര്യമുയർന്നു. അവർ ഇസ്‌ലാമിന്റെ പ്രചാരണത്തിനായി പാശ്ചാത്യ പൗരസ്ത്യനാടുകളിൽവരെ എത്തി. മുഹമ്മദീ ദീനിന്റെ പ്രചാരണത്തിനായി ഉത്തര ദക്ഷിണ ദിക്കുകളിൽ അവർ യാത്ര ചെയ്തു.

അവർ ഇസ്‌ലാമിനുവേണ്ടി കഠിനാധ്വാനം ചെയ്തു. ഏതുവരെയെന്നാൽ ദീനിനെ പേർഷ്യ, ചൈന, റോം, ശാംവരെയും എത്തിച്ചു. എവിടെയൊക്കെ നിഷേധം വ്യാപിച്ചിരുന്നുവോ ശിർക്ക് അതിന്റെ വാൾ ഊരിപ്പിടിച്ചിരുന്നുവോ അവിടെയൊക്കെ അവർ എത്തി. അവർ കഷണം കഷണമാക്കപ്പെട്ടെങ്കിലും മരണത്തിന്റെ മുമ്പിൽനിന്ന് മുഖം തിരിച്ചില്ല. ഒരു ചാൺപോലും പിന്നോട്ട് മാറിയതുമില്ല.' (നജമുൽഹുദാ, റൂഹാനിഖസായിൻ, വാല്യം 14, പേജ് 41)

**ദഅ്‌വത്തെ ഇലല്ലായുടെ സുവർണതത്ത്വങ്ങൾ:**

1. ദഅ്‌വത്തെ ഇലല്ലായിലും തബ്‌ലീഗിലും പദവി സംരക്ഷണചിന്ത ഉണ്ടായിരിക്കേണ്ടതാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: യഥാർഥത്തിൽ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദീനിന്റെ തബ്‌ലീഗിലും പദവി സംരക്ഷണ ചിന്തയുണ്ടാകേണ്ടതാണ്. എവിടെയാണോ മൃദുലസ്വഭാവം കാണിക്കേണ്ടത് അവിടെ കാഠിന്യവും ദയ ഇല്ലായ്മയും കാണിക്കരുത്. എവിടെയാണോ കാഠിന്യം കാണിക്കേണ്ടത് അവിടെ മൃദുഭാവം പാപമാണ്. സ്ഥാനത്തെ ഗൗനിച്ചില്ലെങ്കിൽ നിഷേധത്തിനും നിരീശ്വരത്വത്തിനും വഴിപ്പെടുന്നതാണ്.

നോക്കൂ, ബാഹ്യമായ നിലയിൽ ഫിർഔൻ എത്ര കഠിനവിരോധിയായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് فَقُوْلَا لَهٗ قَوْلًا لَّيِّنًا (20:45) എന്ന കല്പനയാണ് മൂസാ നബിക്ക് ലഭിച്ചത്. നബി(സ) തിരുമേനിക്കും വിശുദ്ധ ഖുർആനിൽ ഇതുപോലുള്ള കല്പനയാണുള്ളത് وَاِنْ جَنَحُوْا لِلسَّلْمِ فَاجْنَحْ لَهَا (8:62) മുഅ്മിനീംകൾക്കും മുസ്‌ലിംകൾക്കും മൃദുഭാവത്തിന്റേയും കാരുണ്യത്തിന്റേയും കല്പനയാണുള്ളത്. നബി(സ) തിരുമേനിയുടേയും സ്വഹാബത്തിന്റേയും അവസ്ഥയും ഇത്തരത്തിലുള്ളതായിരുന്നു.

مُحَمَّدٌ رَّسُوْلُ اللّٰهِ ۗ وَالَّذِيْنَ مَعَهٗٓ
اَشِدَّآءُ عَلَى الْكُفَّارِ رُحَمَآءُ بَيْنَهُمْ (48:30)

ഒരു സ്ഥലത്ത് നബി(സ) തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:
يٰۤاَيُّهَا النَّبِيُّ جَاهِدِ الْكُفَّارَ وَالْمُنٰفِقِيْنَ وَاغْلُظْ عَلَيْهِمْ ۗ (9:73)
ഈ വചനങ്ങളിൽനിന്ന് അല്ലാഹുവും പദവിയും സ്ഥാനവും പരിഗണിച്ചിരുന്നുവെന്ന് മനസ്സിലാകുന്നു. സത്യവിശ്വാസികൾക്ക് എത്ര മാത്രം മൃദുലസ്വഭാവം കാണിക്കാനുള്ള കല്പനയാണുള്ളത്.' (മൽഫൂദാത്ത്,വാല്യം 5, പേജ് 526)

**നബി(സ)തിരുമേനിയുടെ സ്ഥിരചിത്തത:**

2. നബി(സ)തിരുമേനിയുടെ ദഅ്‌വത്തെ ഇലല്ലായിൽ മറ്റു നബിമാരിൽനിന്ന് ഉന്നതമായ സ്ഥിരചിത്തതയുടെ മാതൃക കാണാൻ സാധിക്കുന്നതാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ) തിരുമേനിയിലേക്ക് നോക്കുക. മക്കാജീവിതകാലത്ത് എത്രത്തോളം പ്രയാസങ്ങൾ സഹിക്കേണ്ടതായി വന്നു. ത്വാഇഫിലേക്ക് പോയപ്പോൾ കല്ലേറുകൊണ്ട് രക്തം വാർന്നു. അവിടന്ന് പറഞ്ഞത് 'എന്ത് സമയമാണിത്! ഞാൻ സംസാരിക്കുമ്പോൾ ജനങ്ങൾ മുഖം തിരിക്കുന്നല്ലോ? എന്റെ നാഥാ, നീ തൃപ്തിപ്പെടുന്നത്രയും കാലം ഞാൻ ഈ പ്രയാസത്തിൽ സഹനം കൈക്കൊള്ളുന്നതാണ്' എന്നായിരുന്നു. (അൽഹക്കം, ഒക്ടോബർ 10, 1902, പേജ് 15)

**3. നബി(സ) തിരുമേനിയുടെ പ്രബോധനം:**
ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർമിച്ചുകൊള്ളുക! എല്ലാ പ്രവാചകന്മാരും വഹ്‌യുടെ അടിസ്ഥാനത്തിലാണ് സംസാരിക്കുന്നത്. കാരണം എല്ലാ കാര്യങ്ങളുടേയും യാഥാർഥ്യങ്ങൾ ദിവ്യബോധനത്താലാണ് വെളിവാകുന്നത്. അക്കാരണത്താലാണ് നബി(സ) തിരുമേനിയോട് അല്ലാഹു പറഞ്ഞത്

مَا كُنْتَ تَدْرِيْ مَا الْكِتٰبُ وَلَا الْاِيْمَانُ

അതായത് ഗ്രന്ഥം എന്താണെന്നും വിശ്വാസം എന്താണെന്നും നിനക്കറിയില്ലായിരുന്നു. എന്നാൽ, അല്ലാഹുവിൽനിന്നുള്ള ദിവ്യബോധനമുണ്ടായപ്പോൾ وَاُمِرْتُ اَنْ اَكُوْنَ مِنَ الْمُؤْمِنِيْنَ (10:105) എന്ന് പറയേണ്ടിവന്നു. ഇതുപോലെ അവിടത്തെ ആഗമനകാലത്തിന് മുമ്പേതന്നെ മക്കയിൽ വിഗ്രഹാരാധനയും ദുർനടപടികളും ദുഷ്കർമങ്ങളും കൊടികുത്തി വാണിരുന്നു. എന്നാൽ, ദൈവികവെളിപാട് ഇറങ്ങുന്നതിന് മുമ്പേയും ബിംബങ്ങൾക്കെതിരിലും അവിടന്ന് ഉപദേശപ്രസംഗങ്ങൾ നടത്തിയിരുന്നുവെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? പക്ഷേ, فَاصْدَعْ بِمَا تُؤْمَرُ (15:95) എന്ന കല്പന വന്നപ്പോൾ ഒരു നിമിഷംപോലും വൈകിച്ചില്ല. ആയിരക്കണക്കിന് പ്രയാസങ്ങളേയും വിപത്തുകളേയും വകവെച്ചതുമില്ല. കാരണം ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച ദൈവികവെളിപാട് വന്നുകഴിഞ്ഞാൽ പിന്നെ ദൈവനിയുക്തൻ അത് എത്തിക്കുന്ന കാര്യത്തിൽ മറ്റാരേയും വകവെക്കുന്നതല്ല. ഏതുപോലെ ദൈവികവെളിപാടില്ലാത്ത കാര്യം പ്രചരിപ്പിക്കുന്നത് ശിർക്കാണെന്ന് അവർ കരുതുന്നുവോ തികച്ചും അതുപോലെ അതിനെ മറച്ചുവെക്കുന്നതും ശിർക്കാണെന്ന് അവർ മനസ്സിലാക്കുന്നു. വെളിപാട് മുഖേനയല്ലാതെ ലഭിച്ച ഒരു കാര്യം വിവരിക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹം മനസ്സിലാക്കുന്നത് ദൈവത്തിന് അറിയാത്ത കാര്യം തനിക്കറിയാമെന്ന് കരുതുന്നതുപോലെയാണ്. അതുകൊണ്ട് ഇത്തരം ധിക്കാരം കാരണം മുശ്‌രിക്കായി തീരുമെന്ന് അവർ മനസ്സിലാക്കിയിരുന്നു. വിശുദ്ധഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന മുഴുവൻ കാര്യങ്ങളും വിശുദ്ധഖുർആന്റെ അവതരണത്തിന് മുമ്പേതന്നെ നബി(സ) തിരുമേനി വിവരിച്ചിരുന്നെങ്കിൽ പിന്നെ ഖുർആന്റെ ആവശ്യമെന്തായിരുന്നു. ചുരുക്കത്തിൽ അല്ലാഹു എപ്പോൾ എന്തൊന്ന് നമ്മുടെമേൽ വെളിവാക്കിയോ അത് നാം വിവരിച്ചിരിക്കുന്നു.' (മൽഫൂദാത്ത്, വാല്യം 3, പേജ് 392, 2003 ഖാദിയാൻ എഡിഷൻ)

♦♦♦♦♦♦♦

### ദിനേന നീ നൂറുവട്ടം സ്വലാത്ത് ചൊല്ലുക ആ ഐശ്വര്യവാന്റെമേൽ

# നബിമാരുടെ നായകൻ പരിശുദ്ധനബി മുഹമ്മദ് മുസ്തഫാ ﷺ

ഖുറയ്ശി അബ്ദുൽ ഹഖ് ബംഗ്ലൂരു
പരിഭാഷ: മൗലവി സുൽത്താൻ അഹ്മദ് നസീർ

ആകാശഭൂമികളുടെ നാഥനായ അല്ലാഹു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയെ മനുഷ്യസമൂഹത്തിന്റെ ഉയർച്ചക്കും ഉന്നമനത്തിനുംവേണ്ടി റഹ്മത്തുല്ലിൽആലമീൻ ആയി നിയോഗിച്ച് അയച്ചു. അഥവാ നബി(സ)തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിൽ നന്മയൊന്നു മാത്രമാണ് നിക്ഷേപിച്ചിട്ടുള്ളത്. നബി(സ)തിരുമേനിയുടെ ഏറ്റവും വലിയ നന്മ എന്ന് പറയുന്നത് അവിടന്ന് ഒരു പൂർണമായ ശരീഅത്ത് ലോകത്തിന് സമർപ്പിച്ചു എന്നത് മാത്രമല്ല മറിച്ച് അത് ആഗോളതലത്തിൽ ജീവിതമാർഗരേഖയും അതോടൊപ്പം മനുഷ്യപ്രകൃതത്തിന് യോജിച്ചതും ആണെന്നതാണ്. ഏതൊരു ശരീഅത്താണോ അവിടന്ന് മനുഷ്യസമൂഹത്തിന് വേണ്ടി സമർപ്പിച്ചത് അതിലെ ഓരോ വാക്കും ഓരോ അക്ഷരവും അനുസരിച്ച് സ്വയം പൂർണമായ നിലയിൽ പ്രവർത്തിച്ചിരുന്നത് അവിടന്ന് ആ ശരീഅത്തിനെ തന്റെ അസ്തിത്വത്തിൽ സ്വയം പ്രാവർത്തികമാക്കി. ഒരവസരത്തിൽ ഏതോ ഒരു സ്വഹാബി ഹദ്റത്ത് ആയിശ(റ)യോട് ചോദിച്ചു. നബി(സ)തിരുമേനിയുടെ സ്വഭാവം എപ്രകാരം ആയിരുന്നു, അതിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത ആയിശ(റ) പറഞ്ഞു. كَانَ خُلُقُهُ الْقُرْآنَ മുഴുവൻ ഖുർആനുമാണ് അവിടത്തെ പ്രഭാവം. വിശുദ്ധഖുർആൻ അവിടത്തെ ജീവിതമാണ് സമർപ്പിക്കുന്നത്.

ശിർക്കും, വഴികേടും, സൃഷ്ടിപൂജയും എല്ലായിടത്തും റുബൂബിയ്യത്തിന്റെയും (പരിപാലനത്വം) ഉബൂദിയത്തിന്റെയും (ദാസത്വത്തിന്റെയും) എല്ലാ ബന്ധങ്ങളും തുടച്ചുനീക്കിയ അന്ധകാര നിബിഢമായ കാലഘട്ടത്തിലാണ് നബി(സ)തിരുമേനി നിയോഗിതനായത്. ആ തമോയുഗത്തിൽ നബി(സ)തിരുമേനി ശുദ്ധമായ തൗഹീദിന്റെ സംസ്ഥാപനം തന്റെ ജീവിതലക്ഷ്യമാക്കി. ഈ മഹത്തായ ലക്ഷ്യത്തിന്റെ വിജയത്തിനായി അവിടന്ന് തുടർച്ചയായി ധന, ജീവത്യാഗങ്ങൾ ചെയ്തുകൊണ്ട് ദൈവിക സമക്ഷത്തിൽ വളരെ വേദനയോടും നീറ്റലോടുംകൂടി ദുആ ചെയ്യാൻ തുടങ്ങി. അത് കണ്ടുകൊണ്ട് റഹ്മാനായ അല്ലാഹു പറഞ്ഞു.

لَعَلَّكَ بَاخِعٌ نَّفْسَكَ أَلَّا يَكُونُوا مُؤْمِنِينَ

ഓ, മുഹമ്മദ്(സ)! അവർ ഈ മഹത്തായ സന്ദേശത്തിൽ വിശ്വസിക്കാത്തതിന്റെ ദുഃഖഭാരത്താൽ വ്യാകുലനായി നീ നിന്റെ ജീവനെത്തന്നെ നശിപ്പിച്ചുകളയുമോ.

പ്രവാചകന്മാരുടെ ചരിത്രത്തിൽ ഒരു നബിക്ക് വേണ്ടിയും അല്ലാഹു അത്തരത്തിലുള്ള വാക്കുകൾ ഉപയോഗിച്ചിട്ടില്ല. അത്തരത്തിലുള്ള വ്യാകുലത പ്രകടിപ്പിച്ചിട്ടുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കികാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നിത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്ത് നിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തിനോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന് സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടം അദ്ദേഹം ആണ്. അവിടത്തെ ഫലമായല്ലാതെ ഏതെങ്കിലും വിധത്തിലുള്ള അനുഗ്രഹം കരസ്ഥമാക്കി എന്ന് വാദിക്കുന്ന വ്യക്തി മനുഷ്യനല്ല മറിച്ച്, പിശാചിന്റെ സന്തതിയാണ്. കാരണം എല്ലാ അനുഗ്രഹങ്ങളുടേയും താക്കോൽ അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. എല്ലാ ആത്മീയ ജ്ഞാനങ്ങളുടേയും നിധി അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിലൂടെ അല്ലാതെ നേടി എന്ന് പറയുന്നവൻ നിന്ദ്യമായി നിഷേധിക്കപ്പെട്ടവൻ ആണ്. നാം എന്താണ്, നമ്മുടെ യാഥാർത്ഥ്യം എന്താണ്, യഥാർഥ തൗഹീദ് നമുക്ക് ആ മഹാത്മാവിലൂടെയാണ് ലഭിച്ചത് എന്ന കാര്യം ഏറ്റുപറഞ്ഞില്ലെങ്കിൽ നാം അനുഗ്രഹത്തിന് നന്ദികേട് കാണിക്കുന്നവനായിത്തീരും. ജീവനുള്ള ദൈവത്തെ കുറിച്ചുള്ള തിരിച്ചറിവ് നമുക്ക് ഈ പരിപൂർണ്ണനായ നബിയുടെ അനുഗ്രഹത്തിന്റെ പ്രകാശത്തിലൂടെയാണ് ലഭിച്ചത്, ദൈവിക സംഭാഷണത്തിന്റെയും, അഭിസംബോധനയുടെയും ശ്രേഷ്ഠത -അതുമുഖേനയാണ് നാം അവന്റെ മുഖം കാണുന്നത്- ഇന്നും ആ മഹോന്നതനായ നബിയിലൂടെയാണ് നമുക്ക് ലഭിച്ചത്. സന്മാർഗ്ഗത്തിന്റെ ആ സൂര്യന്റെ കിരണങ്ങൾ വെയിൽപോലെ നമ്മുടെമേൽ പതിക്കുന്നു. അദ്ദേഹത്തിന് നേരെ നിൽക്കുമ്പോൾ മാത്രമേ നമ്മൾ പ്രകാശിക്കുന്നവരാകുകയുള്ളൂ.'(ഹഖീഖത്തിൽ വഹ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 118 - 121)

സർ വില്യം മൂർ (Sir William Mur)ഒരു ഓറിയന്റലിസ്റ്റ് ആണ്. വളരെ അധികം കാര്യങ്ങൾ എതിരിലും എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: മറ്റൊരു സുപ്രധാന പ്രത്യേകതയും സൽസ്വഭാവവും അവിടന്ന് തന്റെ നിസ്സാരരിൽ നിസ്സാരരായ അനുയായിയെപോലും പരിഗണിച്ചിരുന്നുവെന്നതാണ്. ലജ്ജ, കരുണ, ക്ഷമ, ദാനധർമ്മം, വിനയം എന്നിവ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ സവിശേഷത ആയിരുന്നു. അതുകാരണം അദ്ദേഹം തന്റെ ചുറ്റുപാടിലുള്ള ഓരോവ്യക്തിയേയും തന്റെ പ്രിയപ്പെട്ടവരാക്കി മാറ്റിയിരുന്നു. ഇല്ല എന്ന് പറയുന്നത് അദ്ദേഹത്തിന് ഇഷ്ടമുണ്ടായിരുന്നില്ല. ഏതെങ്കിലും ആവശ്യക്കാരന്റെ ആവശ്യം പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ മൗനംപാലിക്കുന്നത് ഉചിതമായി കരുതിയിരുന്നു. അദ്ദേഹം ഒരിക്കലെങ്കിലും ആരുടെയെങ്കിലും ക്ഷണം നിരസിച്ചിരുന്നതായി കാണാൻ സാധിക്കുകയില്ല; അത് എത്രതന്നെ നിസ്സാരമായിരുന്നാലും ശരി. അദ്ദേഹം ആരെങ്കിലും നൽകിയ ഉപഹാരം അത് എത്രതന്നെ ചെറുതായിരുന്നാലും നിരസിച്ചതായി കാണാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ ഒരു അസാധാരണ മഹത്ത്വം അദ്ദേഹത്തിന്റെ സദസ്സിലുള്ള ഓരോരുത്തർക്കും തോന്നിയിരുന്നത് താൻതന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട അതിഥി എന്നായിരുന്നു. അദ്ദേഹം ആരെയെങ്കിലും തന്റെ വിജയത്തിൽ സന്തോഷവാനായി കണ്ടാൽ ആവേശത്തോടെ അയാൾക്ക് ഹസ്തദാനം ചെയ്യുകയും കെട്ടിപിടിക്കുകയും ചെയ്തിരുന്നു. അവശരും പ്രയാസത്താൽ വലയം ചെയ്യപ്പെട്ടവരുമായവരോട് വളരെ നിർമലതയോടുകൂടി അനുകമ്പ കാണിക്കുമായിരുന്നു.

'കുട്ടികളോട് വളരെ സ്നേഹത്തോടുകൂടി പെരുമാറിയിരുന്നു. വഴിയിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളോട് സലാം പറയുന്നതിൽ ഒരു കുറവും വിചാരിക്കാറുണ്ടായിരുന്നില്ല. അദ്ദേഹം വരൾച്ചയുടെ കാലഘട്ടത്തിലും തന്റെ ഭക്ഷണത്തിൽ മറ്റുള്ളവരെ കൂടെ കൂട്ടുമായിരുന്നു. എല്ലാവരുടേയും സുഖത്തിനായി എപ്പോഴും പരിശ്രമിച്ചിരുന്നു. നിർമലവും കാരുണ്യവുമായ പ്രകൃതം അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളിലും കാണാൻ സാധിക്കുമായിരുന്നു. മുഹമ്മദ്(സ) തന്റെ ഒരു ആത്മാർഥ സുഹൃത്തായിരുന്ന അബൂബക്കർ(റ)നെ സഹോദരനെക്കാൾ കൂടുതൽ സ്നേഹിച്ചു. അലിയോട് പിതാവിന്റെ വാത്സല്യം കാണിച്ചു. സ്വതന്ത്രനാക്കിയ അടിമയായിരുന്ന സയ്ദിനോട് ഈ കാരുണ്യവാനായ നബിക്ക് എത്രമാത്രം സ്നേഹം ആയിരുന്നുവെന്നാൽ അദ്ദേഹം തന്റെ പിതാവിനൊപ്പം പോകുന്നതിനു പകരം മക്കയിൽ താമസിക്കാൻ ഇഷ്ടപ്പെട്ടു. തന്റെ മേൽനോട്ടക്കാരന്റെ കോന്തല പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, 'ഞാൻ താങ്കളെ ഉപേക്ഷിക്കില്ല. താങ്കൾ തന്നെയാണ് എന്റെ മാതാവും പിതാവും.' സൗഹൃദത്തിന്റെ ഈ ബന്ധം സയ്ദിന്റെ മരണംവരെ നിലനിന്നു. പിന്നീട് സയ്ദിന്റെ മകൻ ഉസാമയോടും അവന്റെ പിതാവ് കാരണം അദ്ദേഹം എല്ലായ്പ്പോഴും അങ്ങേയറ്റം കാരുണ്യത്തോടുകൂടി പെരുമാറി. ഉഥ്മാനും ഉമറിനും അദ്ദേഹവുമായി ഒരു പ്രത്യേക ബന്ധം ഉണ്ടായിരുന്നു. അദ്ദേഹം ഹുദയ്ബിയ്യ എന്ന സ്ഥലത്ത് ബയ്അത്ത് റിള്‌വാന്റെ സമയത്ത് ബന്ദിയാക്കപ്പെട്ട തന്റെ ജാമാതാവിനുവേണ്ടി ജീവൻപോലും നൽകാം എന്ന് പ്രതിജ്ഞ ചെയ്തത് ഈ സത്യസന്ധമായ സുഹൃത്ത് ബന്ധത്തിന്റെ ഒരു ഉദീഹരണമാണ്. മുഹമ്മദ് (സ)ക്ക് ഇളക്കം തട്ടാത്ത സ്നേഹത്തിന് ഉദാഹരണമായ അനേകം സംഭവങ്ങൾ വേറെയും ഉണ്ട്. ഒരിക്കലും ആ സ്നേഹം അനവസരത്തിൽ ആയിരുന്നില്ല. മറിച്ച് എല്ലാ സംഭവങ്ങളും ആ സ്നേഹാധിക്യത്തിന്റെ ദർപ്പണങ്ങളാണ്.'

തുടർന്ന് എഴുതുന്നു: 'തന്റെ ശക്തിയുടെ ഉച്ചിയിലും അദ്ദേഹം നീതിമാനും ന്യായാധിപനും ആയി നിലകൊണ്ടു. അദ്ദേഹത്തിന്റെ വാദത്തെ സന്തോഷത്തോടുകൂടി സ്വീകരിച്ചിരുന്ന തന്റെ ശത്രുക്കളോട് മൃദുലഭാവത്തോടെ പെരുമാറുന്നതിൽ ഒരു കുറവും കാണിച്ചിരുന്നില്ല. മക്കക്കാരുടെ സുദീർഘവും അക്രമപരവുമായ പിഢനങ്ങളിൽ, മക്കാവിജയി തന്റെ കോപതാപങ്ങൾ പ്രകടമാക്കിക്കൊണ്ട് തീയും രക്തവുംകൊണ്ട് ഹോളി കളിക്കേണ്ടതായിരുന്നു. എന്നാൽ, മുഹമ്മദ്(സ) ഏതാനും കുറ്റവാളികളെ കൂടാതെ മ

റ്റെല്ലാവർക്കും പൊതുമാപ്പ് പ്രഖ്യാപിച്ചു. ഭൂതകാലത്തിലെ എല്ലാ കയ്പേറിയ അനുഭവങ്ങളും ഒറ്റയടിക്ക് മറന്നു. ഇവരുടെ എല്ലാവിധത്തിലുള്ള അക്രമവും പരിഹാസവും അധിക്ഷേപവും ക്രൂരതയും ഉണ്ടായിരുന്നിട്ടുപോലും ആ മഹാത്മാവ് തന്റെ ഏറ്റവും വലിയ ശത്രുക്കളോടുപോലും കാരുണ്യത്തോടുകൂടി വർത്തിച്ചു. മദീനയിൽ അബ്ദുല്ലായ്ക്കും മറ്റു പിന്തിരിഞ്ഞുനിന്നവർക്കും(അതായത് കപടവിശ്വാസികൾ) -അവർ വർഷം മുഴുവനും അദ്ദേഹത്തിന്റെ പദ്ധതികൾക്ക് തടസ്സം സൃഷ്ടിക്കുകയും അദ്ദേഹത്തിന്റെ മേധാവിത്വത്തിൽ അനിഷ്ടം പ്രകടിപ്പിക്കുകയും ചെയ്തിരുന്നവരാണ്- മാപ്പു നൽകിയത് പ്രകാശപൂരിതമായ ഒരു ഉദാഹരണമാണ്. അതുപോലെ അദ്ദേഹത്തിന് മുന്നിൽ തലകുനിച്ച മൂന്നു ഗോത്രത്തോടും മൃദുഭാവം കാണിച്ചു. അതിനുമുമ്പേ വിജയങ്ങളുണ്ടായപ്പോഴും അവർ കഠിനവിരോധികളായിരുന്നു. അദ്ദേഹം അവരോടും കാരുണ്യത്തോടുകൂടി പെരുമാറി.' (The Life of Muhammed by William Muir, Vol. IV London: Smith, Elder and Co., 65 Cornhill, 1861, pp.305-307)(ഖലീഫത്തുൽമസീഹ് അൽ ഖാമിസ് 2012 ഒക്ടോബർ 5ന് ചെയ്ത് ഖുത്ബ ജുമുഅയിൽനിന്നെടുത്തത്)

മനുഷ്യത്വത്തിന്റെ മഹത്ത്വത്തിനും, സമാധാന സംസ്ഥാപനത്തിനുംവേണ്ടി നബി(സ)തിരുമേനി തന്റെ ദൈവദത്തമായ ശുദ്ധീകരണശക്തികൊണ്ട് മുഴുവൻ ലോകത്തിനും, ഐക്യത്തിന്റെയും ഒരുമയുടേയും ഉൽകൃഷ്ട സ്വഭാവത്തിന്റെയും, സ്നേഹത്തിന്റെയും കരുണയുടേയും പാഠം നൽകി. അത് അന്ത്യനാൾവരെ എല്ലാ മനുഷ്യരേയും നന്ദിയുള്ളവരാക്കിവെക്കുന്നതാണ്.

ആരംഭകാലം മുതൽതന്നെ സ്ത്രീ അക്രമത്തിന്റെ ഇരയും അബലയും ആയിരുന്നു. ആ മഹാനായ ഉപകാരിയുടെമേൽ തെണ്ടമായിത്തീരുക. അദ്ദേഹം സ്ത്രീകൾക്ക് കേവലം അവരുടെ അവകാശങ്ങൾ നൽകി എന്ന് മാത്രമല്ല മറിച്ച് നബി(സ)തിരുമേനി മക്കളുടെ സ്വർഗത്തിന്റെ താക്കോൽ മാതാക്കളുടെ കാൽച്ചുവട്ടിൽ കൊണ്ടുവെച്ചു. വിശുദ്ധഖുർആന്റെ അവതരണത്തിന് മുമ്പേ വിശുദ്ധഖുർആൻ സ്ത്രീയുടെ അവകാശത്തെ കുറിച്ച് വിശുദ്ധമായ നിലയിൽ പ്രതിപാദിച്ചതുപോലെ ഒരു ഗ്രന്ഥത്തിലും സ്ത്രീകളുടെ അവകാശങ്ങൾ ഇത്രമാത്രം വിശദമായി പറയപ്പെട്ടിരുന്നില്ല. നമുക്ക് ദൃഢമായും പറയാൻ സാധിക്കും സ്ത്രീകൾക്ക് ഏതൊരു സ്ഥാനവും അഭിമാനവും ആണോ വിശുദ്ധഖുർആൻ നൽകിയിരിക്കുന്നത് മറ്റൊരു ഗ്രന്ഥവും അപ്രകാരം നൽകിയിട്ടില്ല. ലോകത്തിലെ എല്ലാ സ്ത്രീകളും തങ്ങളുടെ പൂർവ്വികരുടെ സ്വത്തിന് അവകാശികളായി എന്നത് വിശുദ്ധഖുർആന്റെ ഔദാര്യം ആണ്. നബി(സ)തിരുമേനിയുടെ നിയോഗത്തിനു മുമ്പേയും അവിടത്തെ ദൗത്യകാലത്തും ദരിദ്രരും, നിരാലംബരും അശരണരുമായ മനുഷ്യരെ അടിമകൾ എന്ന് വിളിച്ച് മൃഗങ്ങളെപോലെ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു. ഈ മർദ്ദിതരുടെ വികാരത്തിനും, വിചാരത്തിനും ഒരു വിലയും ഉണ്ടായിരുന്നില്ല. എന്നല്ല ആ അടിമകളുടെമേൽ എല്ലാവിധത്തിലുള്ള അക്രമവും, മൃഗീയതയും ഒരു പൊതുവായ കാര്യം ആയിരുന്നു. അത്തരത്തിലുള്ള അധാർമികതയുടെ കാലഘട്ടത്തിൽ നമ്മുടെ നബി കരീം(സ) വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ, ഈ അനീതിയ്ക്കും അഹങ്കാരത്തിനുമെതിരിൽ സമത്വത്തിന്റെ ഒരു വിജയകരമായ ആഹ്വാനത്തിന് ഈ ഏക മനുഷ്യസ്നേഹി തുടക്കം കുറിച്ചു. നബി(സ) തിരുമേനി പറഞ്ഞു: ആരാണോ ഒരു അടിമയെ മോചിപ്പിക്കുന്നത് അല്ലാഹു ആ അടിമയുടെ ഓരോ അവയവങ്ങൾക്കും പകരം സ്വതന്ത്രനാക്കുന്ന വ്യക്തിയുടെ ശരീരത്തിന്റെ ഓരോ ഭഗത്തും നരകത്തിന്റെ അഗ്നിയെ നിഷിദ്ധമാക്കുന്നതാണ്.' (സ്വഹീഹ് മുസ്‌ലിം)

ഇപ്രകാരം നൂറ്റാണ്ടുകളായി അണിയിക്കപ്പെട്ട അടിമത്വത്തിന്റെ ചങ്ങല എന്നന്നേക്കുമായി ആ മഹാത്മാവ് തകർത്തുകളഞ്ഞു. ഇന്ന് വലിയ വലിയ കമ്പനികളും ഉടമസ്ഥരും മുതൽമുടക്കുന്നവരും നബി(സ) തിരുമേനിയുടെ ഈ കല്പനയിൽ വിശ്വസിച്ചിരുന്നെങ്കിൽ! നമ്മുടെ നബി(സ)തിരുമേനി റഹ്മത്തുൻല്ലിൽ ആലമിന്റെ മറ്റൊരു മനോഹരമായ ഔദാര്യമുള്ളവൻ കൂടിയാണ്. അവിടന്ന് സാഹോദര്യത്തിനും സമാധാന സംസ്ഥാപനത്തിനും വേണ്ടി മുഴുവൻ മനുഷ്യർക്കും വളരെ വേദനയോടുകൂടി സന്ദേശം നൽകി. തങ്ങളുടെ അയൽവാസികളോട് എപ്പോഴും ആത്മാർഥതയോടും അനുകമ്പയോടും കൂടി ബന്ധം സ്ഥാപിക്കാൻ പറഞ്ഞു. ഒരവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു, അയൽവാസികളുടെ അവകാശത്തെക്കുറിച്ച് തനിക്ക് എത്രമാത്രം താക്കീത് ചെയ്യപ്പെട്ടിരിക്കുന്നുവെന്നാൽ ചില സമയത്ത് അയൽവാസികളെയും അനന്തരാവകാശിയാക്കുമോ എന്ന് തോന്നിപ്പോയിരുന്നു.

മക്കാവിജയം നടന്നപ്പോൾ ആ മഹാത്മാവിനുമുന്നിൽ കഠിനശത്രുക്കൾ കൊണ്ടുവരപ്പെട്ടു. അവർ അദ്ദേഹത്തിന്റെമേലും അദ്ദേഹത്തിന്റെ സഹാബാക്കളുടെ മേലും അങ്ങേയറ്റത്തെ അക്രമം അഴിച്ചുവിട്ടവരായിരുന്നു. യുദ്ധനിയമത്തിന്റെ തേട്ടം ആ അക്രമികളെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നു. എന്നാൽ, ദയാലുവും കരുണാമയനുമായ നമ്മുടെ നബി(സ)തിരുമേനി ആ ശത്രുക്കളോട് ലാ തഥ്‌രീബ അലയ്ക്കുമുൽയൗം എന്ന ചരിത്രപ്രസിദ്ധമായ വിധി പുറപ്പെടുവിക്കുകയാണ് ചെയ്തത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് മനുഷ്യൻ ടെക്നോളജിയിൽ വലിയ വലിയ വിജയം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ പുതിയ കണ്ടുപിടിത്തങ്ങളുടെ ലോകം ഒരു ഗ്ലോബൽ വില്ലേജ് അഥവാ ആഗോള ഗ്രാമം ആയി മാറിയിരിക്കുന്നു. ഇത് ഒരു യാഥാർഥ്യമാണ്. ഇതിനെ ഒരിക്കലും നിഷേധിക്കാൻ സാധിക്കില്ല. എന്നാൽ, ഇതും ഒരു കയ്പേറിയ യാഥാർഥ്യമാണ്;ഇന്നത്തെ മനുഷ്യൻ ആത്മീയതയിലും സൽസ്വഭാവത്തിലും സാഹോദര്യത്തിലും അനുകമ്പയിലും അപകടകരമായ ഗർത്തത്തിൽ ആപതിച്ചുകൊണ്ടിരിക്കുകയാണെന്നത് നിഷേധിക്കാൻ സാധ്യമല്ല.ലോകത്ത് വംശീയവും സാമൂഹികവുമായ അക്രമങ്ങൾ ഇല്ലാത്ത ഒരു സമൂഹവും രാജ്യവുമില്ല. ചോദ്യം ഉയർന്നുവരുന്നു, അവസാനം ഈ വെറുപ്പിന്റേയും ശത്രുതയുടേയും കാരണം എന്താണ്?

ഗവേഷണദൃഷ്ടിയോടുകൂടി നാം കാര്യങ്ങൾ നോക്കുകയാണെങ്കിൽ യാഥാർഥ്യം തുറന്ന നിലയിൽ പുറത്തുവരുന്നതാണ്. ഇന്ന് ഒരു മതത്തിൽ വിശ്വസിക്കുന്നവർ മറ്റു മതങ്ങളുടെ മതഗുരുക്കന്മാരെ ബഹുമാനിക്കുന്നില്ല. ലോകചരിത്രത്തിൽ ഇസ്‌ലാം മതസ്ഥാപകർ ഖാത്തമുൽ അമ്പിയാഅ് നബി(സ)തിരുമേനി മാത്രമാണ് വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ മുഴുവൻ ലോകത്തിനും ഈ അധ്യാപനം നൽകിയത്. അല്ലാഹുവിന്റെ പക്കൽനിന്ന് എത്രത്തോളം പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടോ അവർ എല്ലാവരുംതന്നെ അല്ലാഹുവിന്റെ പരിശുദ്ധരും, സൗഭാഗ്യവാന്മാരുമായ സത്യവാദികൾ ആയിരുന്നു. അല്ലാഹു അവരോട് എല്ലാവരോടും സംസാരിക്കാറുണ്ടായിരുന്നു. അതുകൊണ്ട് മുഴുവൻ മനുഷ്യരും ആ എല്ലാ പ്രവാചകന്മാരേയും ബഹുമാനിക്കണമെന്ന് മാത്രമല്ല സത്യഹൃദയത്തോടുകൂടി അവരിൽ വിശ്വസിക്കണമെന്നും പറഞ്ഞു. ഈ ഒരു ഏകമാർഗത്തിലൂടെ മാത്രമേ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ മുഴുവൻ മനുഷ്യരും നമ്മുടെ സമ്പൂർണ്ണ മനുഷ്യൻ(സ)യുടെ ഈ അധ്യാപനങ്ങൾ സ്വീകരിക്കുകയാണെങ്കിൽ ലോകംമുഴുവൻ സമാധാനത്തിന്റെ കളിത്തൊട്ടിലായിത്തീരുന്നതായിരിക്കും. ഇൻശാഅ് അല്ലാഹ്.

വാഗ്ദത്ത മസീഹായ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(റ) പറയുന്നു: ഇപ്പോൾ ആകാശത്തിൻ കീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവും മാത്രമേയുള്ളൂ. അതായത് ഉന്നതനും എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും സകല നബിമാരെക്കാളും സമ്പൂർണനും തികവുറ്റവനും നബിമാരുടെ മോതിരവും സർവകുലോത്തമനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ). അദ്ദേഹത്തെ പിന്തുടരുന്നതുകൊണ്ട് അല്ലാഹുവിനെ കിട്ടുന്നു. (ബറാഹീനെ അഹ്മദിയ്യ പേജ് 535 അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

വീണ്ടും പറയുന്നു: ആ ദൈവദൂതൻ കാട്ടാളനെ മനുഷ്യനായും പിന്നെ മനുഷ്യനെ ധാർമികമനുഷ്യനായും അതായത് സത്യസന്ധവും യഥാർഥവുമായ സൽസ്വഭാവങ്ങളുടെ മധ്യമനിലയുടെ കേന്ദ്രത്തിൽ സ്ഥാപിക്കുകയും സൽസ്വഭാവങ്ങളോടുകൂടിയ മനുഷ്യനെ ഒടുക്കം ആത്മസിദ്ധികളോടുകൂടിയ ദൈവഭക്തനാക്കി പരിണവിപ്പിക്കുകയും ചെയ്തു. അതേ റസൂൽ, അല്ലെങ്കിൽ ആ സത്യത്തിന്റെ സൂര്യന്റെ കാൽചുവട്ടിൽനിന്ന് ശിർക്കിന്റെയും നിരീശ്വരത്തിന്റേയും തിന്മയുടേയും പാപത്തിന്റേയും ആയിരക്കണക്കിന് മൃതർ ജീവനുള്ളവരായിത്തീർന്നു. (തബലീഗേ രിസാലത്ത്, പേജ് 9)

മുർസലീംകളുടെ നേതാവായ നമ്മുടെ ഹദ്റത്ത് മുഹമ്മദ് റസൂൽ(സ) ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ മിന മൈതനാത്ത് വെച്ച് നടത്തിയ ജീവദായകമായ പ്രസംഗത്തിൽ പറഞ്ഞ ഓരോ വാക്കുകളും മുഹമ്മദിയ്യാ സമുദായത്തിന്റെ നിലനിൽപിനും ഇസ്‌ലാമിന്റെ വിജയത്തിനും ജാമ്യം ആണ്. ഇന്ന് ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ആ ഏക ജമാഅത്ത്. അത് സത്യഖിലാഫത്തിനെ പൂർണമായും പിൻപറ്റികൊണ്ട് നബി(സ)തിരുമേനിയുടെ നന്മകൾ ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ യജമാനരും നേതാവുമായ ഹദ്റത്ത് മുഹമ്മദ് അറബി(സ)യുടെ അനുഗൃഹീതമായ നന്മകളിൽ ആകർഷിതരായി ഇന്ത്യയിലെ മൈസൂർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ കെ.എസ്. രാമകൃഷ്ണറാവു തന്റെ Muhammad, The Prophet of Islam എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

There is a Muhammad the Businessman
(മുഹമ്മദ് ഒരു മാതൃകാതുല്യനായ കച്ചവടക്കാരനായിരുന്നു)
Muhammad the Statesman
(മുഹമ്മദ് ഒരു മഹാനായ ചിന്തകനായിരുന്നു.)
Muhammad the Orator
(മുഹമ്മദ് ഒരു മഹാനായ പ്രസംഗകനായിരുന്നു)
Muhammad the Reformer
(മുഹമ്മദ് ഒരു മഹാനായ പരിഷ്കർത്താവായിരുന്നു)
Muhammad the Refuge of Orphans
(മുഹമ്മദ് അനാഥരുടെ ഒരു അഭയകേന്ദ്രമായിരുന്നു)
Muhammad the Protector of Slaves
(മുഹമ്മദ് അടിമകളുടെ വിമോചകനായിരുന്നു)
Muhammad the Emancipator of Women
(മുഹമ്മദ് സ്ത്രീകളുടെ അവകാശത്തിന്റെ ധ്വജവാഹകനായിരുന്നു.)
Muhammad the Judge
(മുഹമ്മദ് നീതിമാനായ ഒരു വിധികർത്താവായിരുന്നു.)
Muhammad the Saint
(മുഹമ്മദ് ഒരു പുണ്യവാളനായിരുന്നു.)

അല്ലാഹു നമുക്ക് ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യുടെ അധ്യാപനങ്ങളനുസരിച്ച് സത്യസന്ധതയോടെ കർമങ്ങൾ ചെയ്യാനും ആ മഹാത്മാവിന്റെ നന്മകളെ ലോകം മുഴുവൻ പ്രചരിപ്പിക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ

# ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ
# സമാധാനത്തിന്റെ രാജകുമാരൻ

**നസീർ അഹ്മദ് ആരിഫ് മുബല്ലിഗ് രശ്തനാത്വ ഖാദിയാൻ**
**പരിഭാഷ: മൗലവി സഫ്ർ അഹ്മദ്**

അല്ലാഹുവിന് പല ഗുണനാമങ്ങളുമുണ്ട്. അവയിൽ ഒന്ന് അസ്സലാം എന്നും മറ്റൊന്ന് അൽമുഅ്മിൻ എന്നുമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

هُوَ اللّٰهُ الَّذِيْ لَآ اِلٰهَ اِلَّا هُوَۚ اَلْمَلِكُ
الْقُدُّوْسُ السَّلٰمُ الْمُؤْمِنُ الْمُهَيْمِنُ
الْعَزِيْزُ الْجَبَّارُ الْمُتَكَبِّرُ ۗ سُبْحٰنَ اللّٰهِ
عَمَّا يُشْرِكُوْنَ ﴿۲۴﴾

"അവൻ അല്ലാഹുവാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ രാജാവാണ്. പരിശുദ്ധനും സമാധാനസാമ്രാട്ടും. അഭയദാതാവും രക്ഷാധികാരിയും എല്ലാവരേയും അടക്കിഭരിക്കുന്നവനും പ്രതാപവാനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു എത്രയും പരിശുദ്ധൻ. (59:24)

അപ്രകാരംതന്നെ മറ്റൊരായത്തിൽ നബി(സ)തിരുമേനിയെ കുറിച്ച് അല്ലാഹു പറയുന്നു:

وَمَآ اَرْسَلْنٰكَ اِلَّا رَحْمَةً لِّلْعٰلَمِيْنَ ﴿۱۰۸﴾

"നാം നിന്നെ മുഴുലോകർക്കും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല." (21:108)

മുകളിൽ കൊടുത്ത ആയത്തിൽ അല്ലാഹു തന്റെ ഗുണനാമത്തിൽ അസ്സലാം ആണെന്നും മുഅ്മിൻ ആണെന്നും പറഞ്ഞിരിക്കുന്നു. അതായത് അല്ലാഹു സമാധാനവും രക്ഷയും നൽകുന്നവനാണ്. അല്ലാഹുവിന്റെ ഈ രണ്ട് ഗുണങ്ങളും സമാധാനത്തിന്റെ രാജാവും പരിപൂർണദാസനും ഇരുലോകത്തിന്റേയും നേതാവുമായ ഹദ്റത്ത് മുഹമ്മദ്(സ)ലൂടെ ഉന്നതമായ നിലയിൽ പ്രകടമായി. നബി(സ)തിരുമേനി തന്നെയാണ് യഥാർഥ അബ്ദുസ്സലാമും അബ്ദുൽമുഅ്മിനും. അദ്ദേഹം മുഖേന മുഴുലോകത്തും സമാധാനത്തിന്റേയും രക്ഷയുടേയും അനുഗ്രഹം വർഷിക്കുകയുണ്ടായി. അദ്ദേഹം ലോകർക്ക് സമാധാന സന്ദേശം നൽകുക മാത്രമല്ല ചെയ്തത്. മറിച്ച് ലോകത്ത് എന്നെന്നും യഥാർഥ സമാധാനം നിലനിൽക്കുന്നതിനുള്ള ഉന്നത പാഠങ്ങളും നൽകുകയുണ്ടായി.

രണ്ടാമത്തെ ആയത്തിൽ അല്ലാഹു പറയുന്നു: നാം നബി(സ)തിരുമേനിയെ മുഴുലോകർക്കും വേണ്ടി കാരുണ്യമായിട്ടാണ് അയച്ചിട്ടുള്ളത്. അതായത് നബി(സ) തിരുമേനി അല്ലാഹുവിന്റെ റഹ്മത്ത് എന്ന സിഫത്തിന്റെ പരിപൂർണ പ്രതിഛായയായിരുന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേഹം മുഴുലോകത്തിനും സമാധാനത്തിന്റേയും രക്ഷയുടേയും സന്ദേശം നൽകിയതും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"ലോകത്ത് സമാധാനം ആഗ്രഹിക്കുകയും മറ്റുള്ളവർക്ക് സമാധാനം നൽകണമെന്നാഗ്രഹിക്കുകയും അത്തരത്തിലുള്ള നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന ഒരു ഉന്നത വ്യക്തി ഉണ്ടാകുമ്പോൾ മാത്രമേ യഥാർഥത്തിൽ ലോകത്ത് സമാധാനം ഉണ്ടാവുകയുള്ളൂ. ഈ ഉന്നതമായ അസ്തിത്വത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന വ്യക്തിയെ മാത്രമേ യഥാർഥ സമാധാനദായകൻ എന്ന് പറയാൻ സാധിക്കുകയുള്ളൂ. മുഹമ്മദ്(സ)സമാധാനം നൽകുന്ന അസ്തിത്വത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നു. നബി(സ)തിരുമേനി മുഖേനയാണ് അല്ലാഹുവിന്റെ നാമങ്ങളിൽ ഒരു നാമം 'സമാധാനം നൽകുന്നവൻ' എന്നുമാണെന്ന് മനസ്സിലാക്കാൻ സാധിച്ചത്. സൂറഃ ഹശറിൽ അല്ലാഹുവിന്റെ ഗുണനാമങ്ങൾ പറയുന്ന സ്ഥലത്ത് അല്ലാഹു പറയുന്നു: اَلْمَلِكُ الْقُدُّوْسُ السَّلٰمُ

"ഏ, മുഹമ്മദ്(സ)! നീ രാജാവും പരിശുദ്ധനും ലോകർക്ക് സമാധാനം നൽകുകയും സമാധാനത്തിന്റെ ഉറവിടവുമായ അല്ലാഹുവിലേക്ക് ജനങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുക." (നബി(സ)തിരുമേനിയും പ്രപഞ്ചസമാധാനവും- അൻവാറുൽ ഉലൂം, വാള്യം 15, പേജ് 194)

നമ്മുടെ പ്രിയപ്പെട്ട യജമാനനും മുഴുലോകത്തിന്റെ അഭിമാനിയുമായ ഹദ്റത്ത് മുഹമ്മദ്(സ) യഥാർഥത്തിൽ സമാധാനത്തിന്റെ പ്രവാചകനും രാജകുമാരനുമാണ്. ഈയൊരു സ്ഥാനം നൂറ്റാണ്ടുകൾക്കു മുമ്പേതന്നെ യെശയ്യ പ്രവാചകൻ നൽകിയിരുന്നു. എഴുതുന്നു:

"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കൊരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർധനെക്കും സമാധാനത്തിനും അവസാനം ഉണ്ടാകുകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടുംകൂടെ സ്ഥാപിച്ചു നിലനിറുത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും"(യെശയ്യാവ്, അധ്യായം 9, സൂക്തം 6-7-9)

യെശയ്യാ പ്രവാചകന്റെ ഈ പ്രവചനം നബി(സ)തിരുമേനിയിൽ അക്ഷരംപ്രതി പൂർത്തിയായി. അല്ലാഹു അദ്ദേഹത്തിന് ഭരണം നൽകുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് അളവറ്റ ആദരവ് നൽകുകയും ചെയ്തു. അദ്ദേഹം മുഴുലോകത്തിനും സമാധാനത്തിന്റെ സുന്ദരമായ സന്ദേശം നൽകുകയുണ്ടായി. അതുകാരണമായി അവരിൽ അനുസരണത്തിന്റെ ഉദാത്ത മാതൃക ഉണ്ടാവുകയും അവരിൽ അധികംപേരും അദ്ദേഹത്തിനുവേണ്ടി മരിക്കാൻ തയ്യാറാകുകയും ചെയ്തു. അദ്ദേഹം സ്വഹാബാക്കൾക്ക് നൽകിയിട്ടുള്ള അടിസ്ഥാനപരമായ അധ്യാപനം സമാധാനത്തിന്റേയും രക്ഷയുടേയും അധ്യാപനമാണ്. നബി(സ)തിരുമേനി പറയുന്നു: അൽമുസ്‌ലിമു മൻസലിന്നാസ മിൻ ലിസാനിഹി വ യദിഹി (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2 പേജ് 224).

ഒരു യഥാർഥ മുസ്‌ലിമിന്റെ നിർവചനം ഇതാണ്: "ഏതൊരുവന്റെ നാവിൽനിന്നും കൈയിൽനിന്നും വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും മറ്റുള്ള എല്ലാവരും സുരക്ഷിതരാണോ അവനാണ് യഥാർഥ മുസ്‌ലിം."

നബി(സ)തിരുമേനി ലോകർക്ക് മതസ്വാതന്ത്ര്യത്തിന്റെ അധ്യാപനം നൽകികൊണ്ട് രക്ഷയുടേയും സമാധാനത്തിന്റേയും അടിത്തറ പാകുകയുണ്ടായി. അല്ലാഹു നബി(സ)തിരുമേനിയോട് പറഞ്ഞു.

لَآ اِكْرَاهَ فِي الدِّيْنِ (2:257)

"ദീനിൽ ഒരുവിധത്തിലുള്ള ബലാൽക്കാരവുമില്ല." നബികരീം(സ) ദൈവികാധ്യാപനങ്ങളുടെ ഫലമായി സമൂഹത്തിലെ മുഴുവൻ ജനങ്ങളേയും തന്റെ പരിശുദ്ധശക്തികൊണ്ടും സ്നേഹംകൊണ്ടും ശാന്തമായ രീതികൊണ്ടും തന്നിലേക്ക് ആകർഷിക്കുകയുണ്ടായി. മതനേതാക്കന്മാരേയും പരിശുദ്ധ വ്യക്തിത്വങ്ങളേയും ആദരിക്കാതേയും ബഹുമാനിക്കാതേയും സമൂഹത്തിൽ സമാധാനം സ്ഥാപിക്കാൻ സാധ്യമല്ല. നബി(സ)തിരുമേനി എല്ലാ മതസ്ഥാപകരേയും ആദരിക്കുവാനുള്ള അധ്യാപനങ്ങൾ നൽകുകയുണ്ടായി. നജ്റാനിലെ ക്രിസ്തീയ സംഘം മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനി അവർക്ക് നല്ലരീതിയിൽ ആതിഥ്യം നൽകുകയും മദീന പള്ളിയിൽ അവരുടേതായ രീതിയിൽ ആരാധന നടത്താൻ അവർക്ക് സ്ഥലം അനുവദിക്കുകയും ചെയ്തു. സാധാരണ മുസ്‌ലിംകൾ അവരെ തടയാൻ ശ്രമിച്ചപ്പോൾ നബി(സ)തിരുമേനി അത് വിരോധിക്കുകയാണ് ചെയ്തത്." (സീറത്തുന്നബി(സ), ഭാഗം 2, പേജ് 611)

പ്രവാചകന്മാരുടെ ശ്രേഷ്ഠതയുടെ കാര്യത്തിൽ യഹൂദിയുമായി ഒരു മുസ്‌ലിം തർക്കിക്കുകയും അതിന്റെ പേരിൽ മുസ്‌ലിം യഹൂദിയെ മർദ്ദിക്കുകയും ചെയ്തു. യഹൂദി നബി(സ)തിരുമേനിയുടെ സന്നിധിയിൽ പരാതി ബോധിപ്പിച്ചപ്പോൾ ആ മഹാത്മാവ് വളരെ ഉന്നതമായ ശാന്തിയുടേയും ആദരവിന്റേയും അധ്യാപനം നൽകുകയും വളരെ മാന്യതയോടുകൂടി ഇപ്രകാരം പറയുകയും ചെയ്തു. 'ലാ തുഖയ്യറൂനീ മിൻ ബയ്നിൽ അമ്പിയാഇ (സ്വഹീഹു ബുഖാരി കിതാബുതഫ്സീർ- സൂറ അഅ്റാഫ്) അതായത് "എനിക്ക് മറ്റുള്ള പ്രവാചകന്മാരുടെ ഇടയിൽ ശ്രേഷ്ഠതകൾ കല്പിക്കരുത്."

അറേബ്യൻ മണലാരണ്യം എല്ലാ നിലയിലും അനീതിയിലും അക്രമത്തിലും നിറഞ്ഞിരുന്നു. അക്രമംകൊണ്ടും ഉപദ്രവംകൊണ്ടും നിറഞ്ഞ ഈ മരുഭൂമിയെ നബി(സ)തിരുമേനി നീതിയുടെയും സമത്വത്തിന്റെയും കളിത്തൊട്ടിലാക്കുകയുണ്ടായി. നബി(സ) തിരുമേനി ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധപരമായിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കൂട്ടുകാർക്കുമെതിരിൽ വാളെടുത്തപ്പോഴാണ് അദ്ദേഹവും വാളെടുത്തത്. ഇതിനു പുറമെ അദ്ദേഹം ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം നൽകിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി സമാധാനം സ്ഥാപിക്കുന്നതിന് മദീനകരാർ, ഹുദൈബിയ സന്ധി എന്നിവയ്ക്ക് പുറമെ നജ്റാനിലെ സംഘത്തോടും ക്രിസ്തീയഗോത്രത്തോടും സമാധാനകരാറുണ്ടാക്കി. ഈ കരാറുകളുടെ ലംഘനം ശത്രുക്കളുടെ ഭാഗത്തുനിന്ന് എപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ, നബി(സ)തിരുമേനി എപ്പോഴും ഈ കരാറുകളിൽ ഉറച്ചുനിന്നു.

നജ്റാനിലെ ക്രിസ്ത്യാനികളുമായി കരാറുണ്ടാക്കുമ്പോൾ ക്രിസ്ത്യാനികളുടെ മതപരമായ സ്ഥലങ്ങളുടേയും ആരാധനാലയങ്ങളടേയും സംരക്ഷണചുമതല മുസ്‌ലിംകളുടെ ബാധ്യതയായിരിക്കുമെന്നും ക്രിസ്ത്യാനികൾക്ക് മതസ്വാതന്ത്ര്യം നൽകുന്നതാണെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

നബി(സ)തിരുമേനി മക്കയെ ജയിച്ചടക്കിയപ്പോൾ അദ്ദേഹം ഇസ്‌ലാമിക ശരീഅത്തനുസരിച്ച് സമാധാനം സ്ഥാപിച്ചതിന്റെ ആകർഷണീയവും നിസ്തുല്യവുമായ മാതൃകകൾ കാഴ്ചവെക്കുകയുണ്ടായി. ആ സമയത്ത് നബി(സ)ന് പ്രതിക്രിയ നടപടി ചെയ്യാനുള്ള പൂർണ അധികാരമുണ്ടായിരുന്നു. കാരണം മക്കാനിവാസികൾ ഹുദയ്ബിയ സന്ധി ലംഘിച്ചിരുന്നു. എന്നിട്ടും നബി(സ)തിരുമേനി ഒരു തുള്ളി രക്തം ചിന്താതെ മക്കയെ ജയിച്ചടക്കുകയുണ്ടായി.

ഹിജ്റത്തിനുശേഷം മദീനയിൽ നബി(സ)തിരുമേനി സമാധാനം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനപരമായ നീക്കം നടത്തുകയും മദീനയിൽ ഇസ്‌ലാമിക ഭരണത്തിനുള്ള അടിത്തറപാകുകയും ചെയ്തു. മദീനയിലെ കാര്യങ്ങൾ നല്ല നിലയിൽ നടപ്പിലാക്കുന്നതിനുവേണ്ടിനബി(സ)തിരുമേനി യഹൂദികളോട് കരാറുണ്ടാക്കി. ഈ കരാറിന്റെ അടിസ്ഥാനത്തിൽ മദീനയിൽ സമാധാനം സ്ഥാപിക്കുന്നതിന് കൂട്ടായി പ്രവർത്തിക്കുന്നതാണെന്ന് സമ്മതിച്ചു. മതസ്വാതന്ത്ര്യം അംഗീകരിക്കുകയും ചെയ്തു. മദീനയെ ആക്രമിക്കുന്നവരെ കൂട്ടായിനിന്നുകൊണ്ട് പ്രതിരോധിക്കുന്നതാണെന്നായിരുന്നു കരാർ. സമാധാനം സ്ഥാപിക്കുന്നതിന് നബി(സ)തിരുമേനിയിൽ ഉന്നതമായ മാതൃകയുണ്ട്. അതിന്റെ ഫലമായി മദീന സമാധാനത്തിന്റെ കളിത്തൊട്ടിലായി മാറി.

ചരിത്രപ്രസിദ്ധമായ ഹജ്ജത്തുൽ വിദാ അവസരത്തിൽ മിനായിൽ നബി(സ)തിരുമേനി ചെയ്ത പ്രഭാഷണം സാർവ്വദേശീയ സമാധാന സന്ദേശമായിരുന്നു. ഇന്നും അത് ലോകസമാധാനത്തിനുള്ള ജാമ്യമായി നിൽക്കുന്നു. അദ്ദേഹത്തിന്റെ പ്രബലമായ ആ പ്രഭാഷണത്തിന്റെ ചില ഭാഗങ്ങൾ താഴെ കൊടുക്കുകയാണ്. പറയുന്നു.

"അല്ലയോ ജനങ്ങളേ! ഞാൻ പറയുന്ന കാര്യങ്ങൾ വളരെ ശ്രദ്ധാപൂർവ്വം കേൾക്കുകയും അത് ഓർത്തുവെക്കുകയും ചെയ്യുക. എല്ലാ മുസ്‌ലിംകളും അന്യോന്യം സഹോദരങ്ങളാണ്. നിങ്ങൾ എല്ലാവരും തുല്യരാണ്. മുഴുവൻ ജനങ്ങളും- അവർ ഏത് സമുദായത്തിൽപെട്ടവരാണെങ്കിലും. അല്ലെങ്കിൽ ഏതെങ്കിലും ഗോത്രങ്ങളുമായി ബന്ധപ്പെട്ടവരാണെങ്കിലും അതല്ല ഏതെങ്കിലും പദവിയിലുള്ള ആളാണെങ്കിലും ശരി. നിങ്ങൾ എല്ലാവരും അന്യോന്യം തുല്യരാണ്."

വീണ്ടും പറയുന്നു.

"ഏതുപോലെ ഈ മാസവും ഈ ഭൂമിയും ഈ ദിവസവും പുണ്യമാണോ അതുപോലെ നിങ്ങളുടെ ജീവനും സ്വത്തും അന്തസ്സും ആദരണീയമാണ്. ഏതുപോലെ ഈ മാസത്തിന്റേയും ഈ ദിനത്തിന്റേയും ഈ ഭൂമിയുടേയും പരിശുദ്ധിയെ ലംഘിക്കുന്നത് അക്രമവും പാപവുമാണോ അതുപോലെ ആരുടെയെങ്കിലും ജീവനോ സ്വത്തോ അപഹരിക്കുകയോ അല്ലെങ്കിൽ അന്തസ്സിനെ ആക്രമിക്കുകയോ ചെയ്യുന്നതും അക്രമവും പാപവുമാണ്. ഞാൻ ഇന്ന് നിങ്ങൾക്ക് നൽകുന്ന ഈ കല്പന ഇന്നേക്ക് മാത്രമുള്ളതായിരിക്കരുത്. മറിച്ച് അത് എന്നെന്നേക്കുമുള്ളതാണ്. അത് ഓർത്തുവെക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക. അങ്ങനെ നിങ്ങൾ ഈ ലോകം വിട്ടുകൊണ്ട് യഥാർഥ സ്രഷ്ടാവിനെ കണ്ടുമുട്ടുന്നതിനുവേണ്ടി മറ്റൊരു ലോകത്തേക്ക് യാത്ര ചെയ്യുന്നവരായിമാറുക." (ഫുർഖാൻ മാസിക 1956, ജൂലൈ, പേജ് 19-20)

ഇസ്‌ലാം അമുസ്‌ലിംകളോട് മോശമായി പെരുമാറാനുള്ള അധ്യാപനമാണ് നൽകുന്നതെന്നുള്ള തെറ്റായ ധാരണ പാശ്ചാത്യരിലും ഓറിയന്റലിസ്റ്റുകളിലും സാധാരണക്കാരിലും കണ്ടുവരുന്നു. ഇസ്‌ലാമിക ശത്രുക്കൾ തങ്ങളുടെ അടിസ്ഥാനരഹിതവും തെറ്റായതുമായ പ്രൊപഗണ്ടനടത്തുന്നതിന്റെ ഫലമായി ഈ കാലഘട്ടത്തിൽ സാർവ്വദേശീയ സമാധാനത്തിന് ഏറ്റവും വലിയ ഭീഷണി ഇസ്‌ലാമും മുസ്‌ലിംകളുമാണെന്ന് അവർ ജനങ്ങളെ വിശ്വസിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഈ ധാരണ തികച്ചും തെറ്റായ ധാരണയാണ്. എന്നുമാത്രമല്ല ഇക്കാര്യം വിശുദ്ധഖുർആന്റെ അധ്യാപനത്തിനും നബി(സ)തിരുമേനിയുടെ ഉത്തമമായ മാതൃകക്കും കടകവിരുദ്ധവുമാണ്. അല്ലാഹു നബി(സ)തിരുമേനി മുഖേന അവരോട് കല്പിക്കുന്നത് ഇപ്രകാരമാണ്. അവർക്ക് പൊറുത്തുകൊടുക്കുകയും സമാധാനത്തിന്റെ സന്ദേശം നൽകുകയും ചെയ്യുക. അല്ലാഹു പറയുന്നു:

فَاصْفَحْ عَنْهُمْ وَقُلْ سَلَامٌ ۚ فَسَوْفَ يَعْلَمُونَ (43:90)

"അവരോട് വിട്ടുവീഴ്ച കാണിക്കുകയും സമാധാന സന്ദേശം നൽകുകയും ചെയ്യുക. അടുത്തുതന്നെ അവർ തിരിച്ചറിയും."

ഇസ്‌ലാം മുസ്‌ലിംകളോട് മോശമായി പെരുമാറാൻ കല്പിക്കുന്നുവെന്നുള്ളത് തെറ്റായ ആക്ഷേപം മാത്രമാണ്. ഇസ്‌ലാം തികച്ചും കാരുണ്യത്തിന്റേയും അനുകമ്പയുടേയും മതമാണ്. അത് ശത്രുക്കളോടുപോലും അനീതി കാണിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇസ്‌ലാം മർദ്ദിതർക്ക് തുല്യമായ പ്രതിക്രിയ ചെയ്യാനുള്ള അധികാരം കൊടുക്കുന്നുവെങ്കിലും പൊറുത്തുകൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുന്നത് ഉത്തമമാണെന്ന് അത് കല്പിക്കുന്നു. അതിനുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയാണെന്നും അത് കല്പിക്കുന്നു. ചുരുക്കത്തിൽ ഇസ്‌ലാം സമാധാനത്തിന്റേയും ശാന്തിയുടേയും മതമാണ്. അക്രമത്തേയും കാഠിന്യത്തേയും ഒരു നിമിഷനേരംപോലും ഇസ്‌ലാം വെച്ചുപൊറുപ്പിക്കുന്നില്ല. അക്രമവും കാഠിന്യവും മുഖേന മനുഷ്യപ്രകൃതം വികൃതമാവുകയും മനുഷ്യൻ നാശമടയുകയും ലോകത്ത് അസമാധാനം ഉണ്ടാവുകയും ചെയ്യുമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. മുഴുവൻ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണെന്നാണ് ഇസ്‌ലാമിന്റെ പാഠം. ഇസ്‌ലാം എല്ലാവരോടും നന്മയോടെ വർത്തിക്കാനാണ് കല്പിക്കുന്നത്. മനുഷ്യരോട് മാത്രമല്ല മൃഗങ്ങളെപോലും ബുദ്ധിമുട്ടിക്കുന്നതും ഉപദ്രവിക്കുന്നതും ഇസ്‌ലാം എതിർക്കുന്നു. ഇസ്‌ലാമിൽ അക്രമത്തിനും ബലാൽക്കാരത്തിനും തീവ്രതക്കും ഒരു പഴുതുമില്ലെന്നും ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണെന്നും അതിന്റെ അധ്യാപനത്തിൽ നിന്നുതന്നെ വളരെ വ്യക്തമാണ്.

വിശുദ്ധഖുർആൻ ശാന്തിയുടേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അധ്യാപനങ്ങളാൽ നിറഞ്ഞിരിക്കുന്നു. നബി(സ)തിരുമേനി അതിന്റെ പരിപൂർണ പ്രതിഛായയായിരുന്നു. ഇസ്‌ലാം തീവ്രതയുടെ അധ്യാപനമാണ് നൽകുന്നതെന്ന് കുടുസ്സായ ചിന്താഗതിക്കാർ ആക്ഷേപിക്കുന്നു. ഇത് തികച്ചും തെറ്റും അടിസ്ഥാനരഹിതവുമായ ആക്ഷേപമാണ്. ഇസ്‌ലാം തന്റെ ശത്രുക്കളോടുപോലും നല്ലരീതിയിൽ വർത്തിക്കണമെന്നും അന്യമതസ്ഥാപകരോട് നല്ല രീതിയിൽ പെരുമാറണമെന്നുമാണ് കല്പിക്കുന്നത്. ഇന്ന് തീവ്രവാദ പ്രസ്ഥാനങ്ങൾ നിരപരാധികളെ വാളിനിരയാക്കുന്നു.

ഇവരുടെ ഈ പ്രവൃത്തി അനിസ്‌ലാമികവും നബി(സ)തിരുമേനിയുടെ മാതൃകയിൽനിന്ന് വളരെ വിദൂരവുമാണ്. ചില കഠിനശത്രുക്കളെ- അവരുടെ അതിക്രമം കാരണം അവർ ആ ശിക്ഷക്ക് അർഹതപെട്ടവരായിരുന്നു- അവരെ വധിക്കാൻ കല്പിച്ചതല്ലാതെ നബി(സ) തിരുമേനി അമുസ്‌ലിമിനെ വധിക്കാൻ കല്പിച്ചതായ ഒരു സംഭവം പോലും ഇസ്‌ലാമികചരിത്രത്തിൽ കാണുകയില്ല. നബി(സ)തിരുമേനിയുടെ ദിനചര്യ വിട്ടുവീഴ്ചയുടേയും പൊറുക്കലിന്റേയും അളവറ്റ സംഭവങ്ങളാൽ നിറഞ്ഞതാണ്. മക്കയെ ജയിച്ചടക്കിയ സമയത്ത് അങ്ങേയറ്റം അക്രമം കാണിച്ചവരോടു പോലും നബി(സ)തിരുമേനി കാരുണ്യത്തോടുകൂടി പെരുമാറുകയുണ്ടായി. ഇന്ന് അതിന്റെ ഉദാഹരണം കാണിക്കാൻ ലോകർ അശക്തരാണ്.

കാലത്തിന്റെ ഇമാം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനരായ നബി(സ)തിരുമേനിയുടെ ഉന്നതമായ പ്രതാപത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു:

"ഞാൻ എപ്പോഴും അത്ഭുതദൃഷ്ടിയോടുകൂടിയാണ് നോക്കിക്കാണുന്നത്. മുഹമ്മദ് എന്നു പേരുള്ള ഈ അറബിപ്രവാചകൻ (ആയിരമായിരം സ്തോത്രങ്ങൾ അദ്ദേഹത്തിൽ വർഷിക്കുമാറാകട്ടെ) എത്രമാത്രം ഉത്കൃഷ്ടപദവിയുള്ള നബിയാണ്. അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുവാൻ ആർക്കും സാധിക്കുകയില്ല. അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപെട്ടതല്ല. കഷ്ടം! അങ്ങയുടെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുന്നില്ല. ലോകത്തുനിന്നും അപ്രത്യക്ഷമായ തൗഹീദിനെ വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. നബി(സ) തിരുമേനി അല്ലാഹുവിനോട് അങ്ങേയറ്റത്തെ സ്നേഹം കാണിച്ചു. മനുഷ്യകുലത്തോടുള്ള അങ്ങേയറ്റത്തെ സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു." (ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാള്യം 22 പേജ് 118)

ഇന്നും ലോകം നബി(സ)തിരുമേനിയുടെ അധ്യാപനത്തേയും ആ മഹാത്മാവ് പറഞ്ഞുതന്ന അടിസ്ഥാനതത്വത്തേയും വിശ്വസിക്കുകയും യഥാർഥ നിലയിൽ പ്രാവർത്തികമാക്കുകയും ചെയ്യുകയാണെങ്കിൽ അസമാധാനത്തിലും അസമത്വത്തിലും മുഴുകിയ ഈ ലോകം അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമാധാനത്തിന്റെയും ശാന്തിയുടെയും കളിത്തൊട്ടിലാകുമായിരുന്നു.

**പേജ് 24ൽ നിന്ന് -**

അബൂഹുറയ്റ (റ)നിവേദനം. നബി(സ) പറഞ്ഞു: 'അല്ലാഹു തന്റെ കാരുണ്യം 100 ഓഹരിയാക്കി ഭാഗിച്ചു. 99 ഭാഗവും തന്റെ കൈയിൽത്തന്നെ സൂക്ഷിച്ചു. ഒരൊറ്റ ഭാഗം മാത്രം ഭൂമിയിലേക്കയച്ചു. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന കാരുണ്യം ആ ഒരംശത്തിൽപ്പെട്ടതാണ്. തന്റെ കുട്ടിക്കു ആപത്തപറ്റാതിരിക്കാനായി ഒരു കുതിര, കുളമ്പ് ഉയർത്തുന്നതുപോലും ആ കാരുണ്യത്തിൽപ്പെട്ടതാണ്.'

**അയൽവാസിക്കു നിർഭയത്വം**

അബൂശുറയ്ഹ് (റ) നിവേദനം. നബി(സ)പറഞ്ഞു. 'അല്ലാഹുവാണ! ഒരാൾ വിശ്വാസിയല്ല, വിശ്വാസിയല്ല, വിശ്വാസിയല്ല.' ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! അതാരാണ്? നബി(സ)പറഞ്ഞു,'തന്റെ ഉപദ്രവത്തിൽനിന്ന് അയൽവാസി നിർഭയനാകാത്തവൻ'. (ബുഖാരി)

**ആവശ്യക്കാരനെ സഹായിക്കൽ**

ഭിക്ഷക്കാരനോ എന്തെങ്കിലും ആവശ്യമുള്ളവനോ വരികയാണെങ്കിൽ നബി(സ) പറയും, 'അർഹതപ്പെട്ടവനെ എന്റെയടുത്തേക്ക് ശിപാർശ ചെയ്തയ്ക്കുക. നിങ്ങൾക്ക് അതിന്റെ പ്രതിഫലം കിട്ടും. പിന്നീടു അല്ലാഹു ഇച്ഛിക്കുന്നതുപോലെ അവന്റെ റസൂലിന്റെ നാവിൽ, ആ ആവശ്യക്കാരനെ സംബന്ധിച്ച് തീരുമാനം ഇടും.' ( ബുഖാരി)

ഒരു പാവപ്പെട്ടവൻ പള്ളിയിൽ വന്നു. വസ്ത്രങ്ങൾ ദാനം ചെയ്യാൻ നബി(സ)പറഞ്ഞു. ആളുകൾ വസ്ത്രം കൊണ്ടുവന്നു. നബി(സ) രണ്ടു പുതപ്പ് അയാൾക്കു കൊടുത്തു. വീണ്ടും നബി(സ) ദാനം ചെയ്യാൻ പറഞ്ഞു. ആ പാവപ്പെട്ടവൻ എഴുന്നേറ്റുനിന്ന് തനിക്കു കിട്ടിയതിലൊന്ന് ദാനം ചെയ്തു. നബി(സ) ഉറക്കെ അയാളോടു പറഞ്ഞു, താങ്കളുടെ വസ്ത്രം മടക്കി വാങ്ങിക്കൊള്ളുക. (അബൂദാവൂദ്)

ഒരാൾക്കു കൃഷിയിൽ വൻ നഷ്ടമുണ്ടായി. കടം വർധിച്ചു. അദ്ദേഹത്തിനുവേണ്ടി ധർമം ചെയ്യാൻ നബി(സ)വിളംബരം ചെയ്തു. ജനങ്ങൾ ധർമം ചെയ്തു. പക്ഷേ കടം വീട്ടാനത്ര പണം കിട്ടിയില്ല. കടം കൊടുത്തയാളോട് നബി(സ) പറഞ്ഞു, 'കിട്ടിയതത്ര വാങ്ങിക്കൊള്ളുക, ബാക്കി മാപ്പാക്കുക.'

ഹദ്റത്ത് മുആവിയാ ബിൻ ഹക്കമിന് ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആടുകളെ മേയ്ച്ചിരുന്നത് അവളായിരുന്നു. ഒരു ദിവസം ആട്ടിൻപറ്റത്തെ ചെന്നായ്ക്കൾ ആക്രമിച്ചു. കുറച്ചു നഷ്ടമുണ്ടായി. ഇക്കാരണത്താൽ മുആവിയ അവളുടെ കരണത്തടിച്ചു. പിന്നീടു ഈ സംഭവം അദ്ദേഹം തന്നെ നബിയോടു പറഞ്ഞു. എന്നിട്ട് താൻ മാപ്പു കൊടുത്ത് അവളെ മോചിപ്പിക്കട്ടെ എന്നു ചോദിച്ചു. നബി(സ) അവളെ തന്റെയടുത്ത് കൊണ്ടുവരാൻ പറഞ്ഞു. അവൾ വന്നു. നബി(സ) അവളോടു അല്ലാഹു എവിടെയാണെന്ന് ചോദിച്ചു. ആകാശത്താണെന്ന് അവൾ പറഞ്ഞു. ഞാനാരാണെന്ന് നബി ചോദിച്ചു. അല്ലാഹുവിന്റെ ദൂതനാണെന്ന് അവൾ പറഞ്ഞു. അപ്പോൾ നബി(സ) മുആവിയയോടു പറഞ്ഞു, 'അവൾ വിശ്വാസിനിയാണ്. അവളെ മോചിപ്പിക്കുക.'

❖❖❖

# ഹദ്റത്ത് മുഹമ്മദു നബി (സ); തിരുഹദീഥുകളിലൂടെ

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

**മർദിതരുടെ അവകാശം**

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിൽ നബി (സ)യ്ക്ക് അതിയായ സന്തോഷം ഉണ്ടായിരുന്നു. പീഢിതരെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു സംഘടനയായിരുന്നു ഹിൽഫുൽ ഫുളൂൽ. അറബ് ഗോത്രങ്ങൾ മക്കാ നഗരത്തിന് ഭീഷണിയായി തീർന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ അവസരത്തിൽ സുബയ്ർ ബിൻ അബ്ദുൽ മുത്തലിബ്, അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ വീട്ടിൽ ഹാശിം, സുഹ്റ, തൈം ഗോത്രങ്ങളെ വിളിച്ചു വരുത്തി ഒരു സദ്യ നല്കി. അവർ അവിടെവച്ച് അല്ലാഹുവിന്റെ പേരിൽ ഒരു പ്രതിജ്ഞയെടുത്തു. മർദിതരുടെ അവകാശങ്ങൾക്കുവേണ്ടി എന്നെന്നും അവരോടൊപ്പം നിലയുറപ്പിക്കുമെന്നായിരുന്നു പ്രതിജ്ഞ. ഇതിന് ഹിൽഫുൽഫുളൂൽ എന്ന് അറബികൾ പേരു കൊടുത്തു. ഈ സംരംഭത്തിൽ മുഹമ്മദും സന്നിഹിതനായിരുന്നു. ആ സഖ്യത്തെ പ്പറ്റി ആ മഹാത്മാവ് പറയുമായിരുന്നു: 'ഇബ്നു ജുദ്ആന്റെ വീട്ടിൽ ഞാൻ പങ്കെടുത്ത സഖ്യത്തെ ചെമന്ന ഒട്ടകങ്ങളെക്കാൾ ഞാൻ വിലമതിക്കുന്നു.അത്തരത്തിലുള്ള സംരംഭത്തിന് ഇനിയും ക്ഷണം കിട്ടുന്ന പക്ഷം ഞാനത് നിശ്ചയമായും സ്വീകരിക്കും.'

ഇറഷ് ഗോത്രത്തിലെ ഇബ്നുൽഗൗസിൽനിന്ന് ഉമർബിൻ ഹിശാം എന്ന അബൂജഹ്ൽ ഒരു ഒട്ടകം വിലയ്ക്കു വാങ്ങി. പക്ഷേ, അയാൾ പണം കൊടുത്തില്ല. അറാശി, ഖുറയ്ശികളുടെ സംഘത്തിൽ വന്ന് സഹായം തേടി. അയാൾ പറഞ്ഞു: 'എനിക്കിവിടെ പരിചയമില്ല. അംറ് എനിക്കു പണം തരാനുണ്ട്. എനിക്കു തരാനുള്ളത് വാങ്ങിത്തരാൻ നിങ്ങളിലാരെങ്കിലുമുണ്ടോ?' അവർ പറഞ്ഞു, 'നീ മുഹമ്മദിന്റെ അടുക്കൽ പോകുക.' ഖുറയ്ശീ നേതാക്കന്മാർ എന്താണ് സംഭവിക്കുന്നതെന്നു നോക്കാൻ അദ്ദേഹത്തിന്റ പിന്നാലെ ഒരാളേയും അയച്ചു........അങ്ങനെ പണവുമായി തിരിച്ചു വന്ന ഇബ്നുൽഗൗസ്, ഖുറയ്ശീ നേതാക്കന്മാരോടു പറഞ്ഞു: 'അല്ലാഹു മുഹമ്മദിന് പ്രതിഫലം നല്കുമാറാകട്ടെ, അദ്ദേഹം എനിക്കു എന്റെ പണം മടക്കിത്തരീച്ചു.' ആ സമയത്ത് ഖുറയ്ശികൾ അയച്ച ആളും അവിടെ വന്നെത്തി. അയാൾ പറഞ്ഞു: 'ഇന്നു ഞാൻ അത്ഭുതകരമായൊരു ദൃശ്യം കണ്ടു. അവിടെച്ചെന്നപ്പോൾ മുഹമ്മദ്, അംറിനോടു അറാശിയ്ക്കു കൊടുക്കാനുള്ളത് കൊടുക്കാൻ പറഞ്ഞു. അയാളുടനെ പണം കൊണ്ടു കൊടുത്തു.' അല്പം കഴിഞ്ഞതേയുള്ളു, ഉമർ 44ബിൻ ഹിശാം എന്ന അബൂജഹ്ലും അവിടെ എത്തി. 'നിനക്കു എന്തു പറ്റി'യെന്ന് ഓരോരുത്തരും അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു, 'മുഹമ്മദിന്റെ ശബ്ദം കേട്ടപാടെ എനിക്കു ഭയമുണ്ടായി. വെളിയിൽ വന്നു നോക്കിയപ്പോൾ മുഹമ്മദിന്റെ തലയുടെ അടുത്ത് രക്തദാഹിയായ ഒട്ടകം. ഞാൻ നിഷേധിച്ചിരുന്നെങ്കിൽ അതെന്നെ കടിച്ചു കീറുമായിരുന്നു.' (ഇബ്നുഹിശാം)

**ഹദ്റത്ത് ഖദീജായുടെ സാക്ഷ്യം**

നബി(സ)യുടെ സഹധർമണി ഹദ്റത്ത് ഖദീജ(റ) ആദ്യ വെളിപാടിറങ്ങിയപ്പോൾ ആ മഹാത്മാവിന്റെ സവിശേഷ സ്വഭാവത്തിന് നല്കിയ സാക്ഷ്യം സമസൃഷ്ടികളോടുള്ള അനുകമ്പ വിളിച്ചോതുന്നതാണ്. വല്ലാഹി ലാ യുഖ്സീക്കല്ലാഹു അബദാ. അല്ലാഹുവാണ! അങ്ങയെ അവനൊരിക്കലും അപമാനിക്കുകയില്ല. ഇന്നക്ക ലതസ്വിലുർറഹിമ. അങ്ങ് കുടുംബബന്ധം പുലർത്തുന്നു. വ തഹ്മിലുൽകല്ല പരാശ്രയരുടെ ഭാരം ചുമക്കുന്നു. വ തക്സിബുൽമഅ്ദൂമ അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം നല്കുന്നു വതഖ്രിൽളയ്ഫ അതിഥികളെ സൽക്കരിക്കുന്നു. വ തുഈനു അലാ നവായിബിൽഹഖ്ഖി വിപൽഘട്ടങ്ങളിൽ ശരിയായ സഹായം നല്കുന്നു. (ബുഖാരി).

**സൃഷ്ടികളോടുള്ള കാരുണ്യം**

ഹദ്റത്ത് അബൂഖത്താദ (റ) നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരം ദീർഘിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ചിലപ്പോൾ ഞാൻ നമസ്കാരത്തിൽ പ്രവേശിക്കും. അപ്പോഴായിരിക്കും കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുന്നത്. ആ കുഞ്ഞുങ്ങളുടെ മാതാക്കൾക്ക് വിഷമം നേരിടാതിരിക്കാൻ ഞാൻ എന്റെ നമസ്കാരം ലഘൂകരിക്കും.' (ബുഖാരി)

ഹബ്ശയിലേക്കു പലായനം ചെയ്ത ആളുകൾ തിരിച്ചു മദീനയിലെത്തി. ഹബ്ശ രാജ്യത്ത് നിങ്ങൾ എന്താണ് കണ്ടതെന്ന് അവരോടു നബി(സ) ചോദിച്ചു. അപ്പോൾ ഒരു യുവാവ് ഒരു സംഭവം പറഞ്ഞു: "ഒരിക്കൽ ഞങ്ങൾ ഹബ്ശയിൽ ഇരിക്കുകയായിരുന്നു. ഒരു വൃദ്ധ ഞങ്ങളുടെ മുമ്പിലൂടെ നടന്നുപോയി. അവരുടെ തലയിൽ വെള്ളം നിറച്ച കുടമുണ്ടായിരുന്നു. ഒരു കുട്ടിയുടെ അടുത്തൂടെ അവർപോകുമ്പോൾ ആ കുട്ടി അവരെ തള്ളി. അവർ മുട്ടുകുത്തി വീണു. കുടം പൊട്ടിപ്പോയി. വൃദ്ധ എഴുന്നേറ്റ് ആ കുട്ടിയോടു പറഞ്ഞു: 'ഏ ഭാഗ്യംകെട്ടവനേ! നീ ചെയ്തതിന്റെ ഫലം അടുത്തു തന്നെ നീ അറിയും. അല്ലാഹു തന്റെ സിംഹാസനത്തിലിരിക്കുമ്പോൾ. വിധിയുടെ നാൾ മുൻകഴിഞ്ഞവരേയും പിന്നീടു വരുന്നവരേയും എല്ലാം ഒരുമിച്ചു കൂട്ടും. കൈയും കാലും എന്തൊന്ന് പ്രവർത്തിച്ചിരുന്നുവോ അതു സ്വയം സാക്ഷി പറയും. അപ്പോൾ എന്റേയും എന്റെ കാര്യത്തിന്റേയും ശരിയായ അറിവ് നിനക്കുണ്ടാകും.' ഇതു കേട്ടപ്പോൾ നബി(സ) സഹാനുഭൂതിയുടെയും കാരുണ്യത്തിന്റേയും ആവേശത്തള്ളിച്ചയാൽ പറഞ്ഞു: 'ആ വൃദ്ധ പറഞ്ഞത് സത്യമാണ്. കഴിവും പ്രൗഢിയും ഉള്ളവരിൽനിന്ന് പാവപ്പെട്ടവന്റെ അവകാശം വാങ്ങിക്കൊടുക്കാത്ത ജനതയ്ക്ക് എങ്ങനെ അനുഗ്രഹം കിട്ടാനാണ്. എങ്ങനെ അല്ലാഹു അവരെ പരിശുദ്ധരാക്കും." (അൽ ഹൽബിയ്യ)

അബൂഹുറയ്റ (റ) നിവേദനം. വിധവയുടേയും ദരിദ്രന്റേയും ജീവിതം സുഖകരമാക്കുവാൻ അധ്വാനിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന യോധാവിനു തുല്യനാണ്. (ബുഖാരി വാള്യം 3 6007)

**അന്യാരാധകരെ സഹായിക്കൽ**

അസ്മാഅ് (റ) പറയുന്നു: എന്റെ പിതാവ് എന്നോടു സഹായം തേടിക്കൊണ്ടു വന്നു. ബഹുദൈവാരാധകനായ പിതാവുമായി ബന്ധം സ്ഥാപിക്കേണ്ടതുണ്ടോ എന്ന് ഞാൻ നബി (സ) യോടു ചോദിച്ചു. 'അതേ' എന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി വാള്യം 3 5978)

അസ്മാഅ് (റ) നിവേദനം. നബിയുടെ കാലത്ത് എന്റെ മാതാവ് എന്റെയടുക്കൽ വന്നു. അവർ അന്ന് ബഹുദൈവവിശ്വാസിനിയായിരുന്നു. 'എന്നിൽനിന്ന് സഹായം പ്രതീക്ഷിച്ചുകൊണ്ട് എന്റെ ഉമ്മ വന്നിട്ടുണ്ട്, ഉമ്മാക്ക് വല്ലതും കൊടുക്കാൻ പാടുണ്ടോ ' എന്ന് ഞാൻ നബിയോടു ചോദിച്ചു. നബി(സ) പറഞ്ഞു, 'നിന്റെ മാതാവിനോട് ബന്ധം പുലർത്തിപ്പോരുക'(ബുഖാരി വാള്യം 2, 2620)

ശേഷം പേജ് 23ൽ

## സലാം; തിരുനബിയുടെ തിരുസന്നിധിയിൽ

ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ)

ബദ്ർ ഗാഹെ ദീശാനെ ഖയ്റുൽ അനാം
ശഫീഉൽവറാ മർജെ ഖാസ്വോ ആം
ബസ്വദ് ഇജ്സോ മിന്നത്ത് ബസ്വദ് ഇഹ്തിറാം
യെ കർത്താഹെ അർസ് ആപ് കാ ഇക് ഗുലാം
കെ ഏ ശാഹെ കോനൈൻ ആലി മഖാം
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം

ഹസീനാനെ ആലം ഹുയേ ശർമഗീ
ജോ ദേഘാ വ ഹുസ്ന് ഔർ വൊ നൂറെ ജബീ
ഫിർ ഉസ് പർ വൊ അഖ്ലാഖ് അക്മൽത്തരീൻ
കെ ദുശ്മൻ ഭി കഹ്നെ ലഗേ ആഫ്രീൻ
സെഹെ ഖുൽഖെ കാമിൽ സെഹെ ഹുസ്നെ താം
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം
ഖലാഇഖ് കെ ദിൽ ഥേ യഖീൻ സെ തഹീ
ബുത്തോനെ ഥീ ഹഖ് കി ജഗഃ ഘേർലീ
ളലാലത്ത് ഥീ ദുൻയാ പെ വൊ ഛാ രഹീ
കെ തൗഹീദ് ഢൂണ്ടെ സെ മിൽത്തി നഃ ഥീ
ഹുവാ ആപ് കെ ദം സെ ഉസ് കാ ഖിയാം
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം

മുഹബ്ബത്ത് സെ ഘാഇൽ കിയാ ആപ് നെ
ദലായിൽസെ ഖാഇൽ കിയാ ആപ് നെ
ജഹാലത്ത് കൊ സാഇൽ കിയാ ആപ് നെ
ശരീഅത്ത് കൊ കാമിൽ കിയാ ആപ് നെ
ബിയാൻ കർദിയേ സബ് ഹലാലോ ഹറാം
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം

നുബുവ്വത്ത് കെ ഥേ ജിസ് ഖദ്ർ ഭീ കമാൽ
വൊ സബ് ആപ് മേ ജമ ഹെ ലാമഹാൽ
സ്വിഫാത്തെ ജമാൽ ഔർ സ്വിഫാത്തെ ജലാൽ
ഹർ ഇക് രങ്ക് ഹെ ബസ് അദീമുൽമിഥാൽ
ലിയാ ള്ളുൽമ് കാ അഫ്വ് സെ ഇൻതിഖാം
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം
മുഖദ്ദസ് ഹയാത് ഔർ മുത്വഹ്ഹർ മദാഖ്
ഇത്വാഅത്ത് മെ യക്താ ഇബാദത്ത് മെ ത്വാഖ്
സവാരെ ജഹാൻ ഗീർ യക്റാൻ ബുറാഖ്
കെ ബ ഗുദശ്ത് അസ് ഖസ്വ്റെ നീലീ രിവാഖ്
മുഹമ്മദ് ഹി നാമ് ഔർ മുഹമ്മദ് ഹി കാമ്
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം

അലംദാരെ ഉശ്ശാഖെ ദാത്തെ യഗാൻ
സിപഹ്ദാരെ അഫ്വാജെ ഖുദ്ദൂസിയാൻ
മആരിഫ് കാ ഇക് ഖുൽസമെ ബേക്കറാൻ
ഇഫാളത്ത് മെ സിന്ദയെ ജാവദാൻ
പിലാ സാഖിയാൻ ആബെ കൗഥർ കാ ജാമ്
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം